
# കാർമ്മൽ



പു. 12 ഏപ്രിൽ 1959 ലക്കം 2



GOLDEN JUBILEE OF VERY REV. FR CONSTANTINE O.C.D.

വഷം 12 പു. 12 } ഏപ്രിൽ 1959 { ലക്കം 2

# A GOLDEN JUBILEE

It was 8th February 1959. The whole of "Carmel Hill" premises had put on a festive attire. The monastery church was decorated with newly bought crape and china paper, silk and garlands etc. The sacristan who had exhausted all his artistic talents in the long years of his service did not fail to invent a new design to make use of the same old materials in splendidly decorating the main altar.

To add to the solemnity of the occasion a new set of precious sacred vestments was presented by the catholic laity of Trivandrum, among whom the members of the Third Order of Carmel deserve special mention.

It was all to celebrate the Golden Jubilee of the religious profession of Very Rev. Fr. Constantine, O. C. D., who was Prior of Carmel Hill Monastery, Trivandrum, from 1928 to 1947.

The venerable Jubilarian sang the Solemn Mass in the presence of a large concourse of the faithful and of the religious community including the representatives from the various monasteries of our holy Order in Malabar. After the Gospel, Very Rev. Fr. William, O. C. D. preached a beautiful sermon in English, in which, quoting the canticle of Magnificat he gave vent to the Jubilarian's sentiments of praise and gratitude to the Divine Bounty.

The domestic celebrations inside the monastery especially in the refectory were marked with the characteristic Teresian spirit of joviality and innocent mirth. The presence at table of Their Excellen-

**Cover picture**

**The Very Rev. Fr. Constantine O. C. D.**

(Prior of Carmel Hill Monastery, Trivandrum 1928 - 1947)

| | |
|---|---|
| Born at Roulers, Belgium on | 6 – 12 – 1889 |
| Professed at Bruges on | 8 – 9 – 1909 |
| Ordained priest in Dublin on | 19 – 9 – 1915 |
| Arrived in India as Missionary on | 15 – 10 – 1922 |

LIBRARY BANGALORE 15645

cies Dr. Jerome Fernandez, Bishop of Quilon and Dr. Peter Bernard Pereira, Auxiliary Bishop of Trivandrum, added a flavour to the exquisite dishes prepared by our cook with delicate attention.

In the evening after a group photo there was a public meeting presided over by His Excellency the Rt. Rev. Dr. Vincent Dereere, Bishop of Trivandrum, to congratulate the Jubularian. Some of our distinguished guests were the Very Rev. Frs. Iraneus, O. C. D., Vicar Provincial of the Carmelite Missionary Fathers in the diocese of Trivandrum, Nemesius, O. C. D., Vicar Provincial of the Carmelite Fathers in the diocese of Vijayapuram, Theophine, O. C. D., Vicar Provincial of Marjummel, Rt. Rev. Mgr. Kuruvila, Vicar General of the Archdiocese of Trivandrum.

Our Very Rev. Fr. Provincical who had organised the meeting and who was closely associated with the Jubilarian for many years, welcomed the audience in these words.

"It was the feast of our Holy Father St. Joseph, 19th March 1928. We, the first eight aspirants of the Carmelite First Order from India, residing then at Carmel Hill, were all on a sudden aksed just few minutes before 5. p. m. not to go to the choir as usual for mental prayer, but to go out to the garden. It was a surprise for us.

We had already observed some strange faces and white beards of missionaries coming in since midday. At 5 p. m. they all entered our prayer room, some clad in white mantle and others in surplice.

Curious as we were, we took our stand in the garden facing the prayer room. In spite of all our efforts we could overhear only certain whisperings of that secret session. At supper we noticed a tall, thin, stately figure occupying the presidential seat of our former superior, Very Rev. Fr. Augustine. It was none other than the Very Rev. Fr. Constantine who had just taken charge as the Prior of Carmel Hill Monastery, Trivandrum.

His ascetic face beaming with love and sympathy immediately conquered our hearts. This contact was to last for 19 years during which, as His Reverence directed the destinies of this monastery and this Province, he became very dear to us. Eye-witnesses though we were, it is impossible for us to describe the pains he took together with his assistant, Very Rev. Fr. Lucas, our beloved Novice Master, in order to organise Carmelite life in this country. It was not an easy task to form us young men coming from the country parts. We have amusing incidents to narrate how he tested our growing virtues. To be short I give only one. Once he placed few beautiful paintings in the Library and left its door open. Now we had to pass several times a day along that way to the choir. We were taught to walk with great modesty of eyes and our hands under the holy scapular, devoutly reciting the psalms. After a week he asked us whether we had seen those beautiful pictures. None of us had observed them. All of us got the first prize for modesty of eyes. Sometimes we could guess that he was going to test us; then it was easy to score cent per cent marks. Before long we understood that he was a divinely appointed instrument to mould each one of us.

His spirit of observation was so keen that he could easily find out even our least defects and prescribe the apt

remedy. To pay attention to details amidst preoccupying duties is difficult for many persons; but it was so natural to Vety Rev. Fr. Constantine that he could direct even the minutest activities of the Community.

I do not wish to desbribe all that he had done and what he was for us, lest I should wound his sense of humility. If I recall anything it is only for God's glorification and for our edification. His inspiring instructions, his filial and tender devotion to the Bl. V. Mary, his high sense of duty, his spirit of recollection amidst untiring activities etc. remain impressed in our minds.

His correspondence with the Major Superiors and our benefactors was so vast and varied that his poor typewriter had no rest much more than his fingers. As the number of the religious and the monasteries increased, his work became too heavy for his frail body. The strain caused by the second world war and other difficulties was so intense that towards 1946 we had to witness with tears in our eyes that our beloved Father was broken down in his nervous system and was bed-ridden. His motto was that of St. Paul: "I shall spend myself and shall be spent". And Fr. Constantine has been literally faithful to that. Finally due to ill-health he took leave of us in 1947, entrusting the work to us whom he had brought up with such paternal care.

Now it is after an absence of twelve long years that His Reverence visits Carmel Hill and happily this year coincides with the 50th anniversary of his religious life. We have therefore thought it our bounden duty to celebrate this Golden Jubilee in order to thank God for the innumerable blessings He has bestowed upon our Jubilarian and upon so many other souls through him. Hence we have organised today's functions, especially this meeting in spite of the protests which the humility of the Jubilarian has made. But he has yielded to holy obedience and accepted our invitation to celebrate his Jubilee with us. Therefere in the name of the whole Carmelite Province of Malabar which counts today 77 religious and in the name of all our friends, well-wishers, and members of our Third Order and Pious Associations assembled here, I extend a most hearty welcome to Very Rev. Fr. Constantine, our Venerable Jubilarian as the first guest of honour in this gathering.

My welcome to His Reverence goes further. I avail myself of this occasion to make known publicly that we ardently desire and earnestly invite His Reverence to stay with us at Carmel Hill for the rest of his life as a solace and inspiration for us with in the monastery and for the faithful outside.

If I turn to welcome His Excellency the President only in the second place, it is because he too had to join us to welcome our first guest of honour. His Excellency, as you know, is a member of our religious family and as such he is always welcome here. But on this occasion we have specially invited His Excellency, because of his longstanding relation with our Venerable Jubilarian and with great pleasure he has accepted our invitation. I do most warmly welcome His Excellency to our midst.

There is one who deserves our welcome and gratitude for more than one reason. But for him we would not have the

Jubilarian kept here under obedience. It is none other than the Very Rev. Fr. Iraneus, Vicar Provincial of the Carmelite Missionaries in the diocese of Trivandrum. He represents for us that long array of valiant missionaries who have zealously worked for more than two centuries in our country in order to establish the three present flourishing dioceses of Kottar, Trivandrum and Quilon. You have only to turn your eyes to Carmel Hill to see what they have done for our country. Sixty years ago Carmel Hill was an abandoned and almost haunted place. Today it is a quiet and solitary place of worship and of incessant prayer. The change-over was effected at the cost of enormous sacrifice in men and money. The granite walls of Carmel Hill represent the resoluteness and iron will of those energetic men who spared no pains for the good of souls.

Recalling with deep sense of gratitude all that the Flemish Missionaries have done in this country for the welfare of the Church in general and of our Order in particular, I do most cordially welcome their representative and the present Vicar Provincial Very Rev. Fr Iraneus.

Similarly I have immense pleasure in introducing to you the Very Rev. Fr. Nemesius, representative here present of an equally illustrious and praiseworthy phalange of Spanish Carmelite Missionaries working in the northern parts of our country. Placing on record with a grateful heart the inestimable service they have rendered towards the constitution of our Province by handing over to us their properties and two of their big monasteries-which service I am sure they will continue to give towards its consolidation—I do accord a most hearty welcome to Very Rev. Fr. Nemesius.......''

Finally our Very Rev. Fr. Provincial welcomed the speakers and all those who were present at the meeting.

His Excellency the President in his speech referred to the good catholic family of Coussee, whence Very Rev. Fr. Constantine hails and attributed to the goodness of his mother all the graces received by the Jubilarian.

Both the speakers Rev. Fr. Antony Pereira and Chev. Joseph Vithayathil paid a glowing tribute to the Jubilarian's goodness of heart, his winning manners, his administrative ability and sense of duty etc. Ad multos annos.

---

"ആശ്രമത്തിൻെറ നാലു ഭിത്തികൾക്കുള്ളിലുള്ളവരാണു് ഏററം വലിയ ദേശസ്നേഹികൾ"

ഫുൾട്ടൻ ജെ. ഷീൻ.

# അടുക്കളയിൽനിന്നും ആശ്രമത്തിലേക്ക്

(കെ. സി. ചാക്കോ)

വി. ബെണ്ണാഡിൻെറ ഏകസഹോദരിയായിരുന്നു ഹംബലിൻ. സൗന്ദര്യത്തിലും ബുദ്ധിസാമർത്ഥ്യത്തിലും ഒന്നാംകിടയിൽനിന്ന ആ യുവതിയെ ഫ്രാൻസിലെ ഒരു പ്രഭുകുമാരൻതന്നെ വിവാഹം ചെയ്തു. എന്നാൽ വി. ബെണ്ണാർഡും സഹോദരന്മാരും ഒന്നിനുപിറകെ ഒന്നായി സന്യാസാശ്രമത്തിലേക്ക് പോകുന്നതും, വിവാഹിതനായ മൂത്തസഹോദരൻെറ ഭാര്യ ഒരു ആശ്രമശ്രേഷ്ഠത്തിയായിത്തീർന്നതും ഹംബലിനും ഭർത്താവും പ്രത്യേകം ശ്രദ്ധിച്ച് കാണുന്നുണ്ടായിരുന്നു. മൂത്ത നാത്തൂനായിരുന്ന എലിസബത്തിൻെറ ആശ്രമപ്രവേശം, അവരുടെ ദൃഷ്ടിയിൽ വിഭിന്നചിന്തകളെ ജനിപ്പിച്ചു. ഹംബലിനു് എലിസബത്തിൻെറ ആനന്ദപ്രദമായ ജീവിതരീതി മനസ്സിലാക്കാൻ പ്രയാസമില്ലായിരുന്നു. എന്നാൽ ഭർത്താവായ ഗയ്യ്ക്ക് സംശയംതോന്നി. ഒരു ഭാര്യ, ഒരു അമ്മ ഈ നിലയിൽ വളന്ന എലിസബത്ത് എങ്ങനെയാണ് ഒരു ഉത്തമ ആശ്രമാധിപ ആകുക എന്ന് അയാൾ ചോദിച്ചു. ആ അന്വേഷണം ഹംബലിനെ ഉദ്വേഗഭരിതയാക്കി. അവൾ പറഞ്ഞു.

"പ്രിയപ്പെട്ട ഗയ് അങ്ങ് എന്തുപറയുന്നു. ഉപരിപ്ലവബുദ്ധികളെപ്പോലെ സംസാരിക്കാതെ. ഒരു അമ്മ, ഒരു ഭാര്യ,—അവൾക്കല്ലേ, സാക്ഷാൽ ഒരു ശ്രേഷ്ഠസ്ഥാനത്ത് സ്നേഹപൂർവ്വം ഇരുന്ന് ഭരിക്കുവാൻ കഴിയൂ. ഉന്നതമായ ചില ആനന്ദങ്ങളും സ്നേഹബന്ധങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ളവൾക്കല്ലേ, മനുഷ്യഹൃദയത്തിലെ നിഗൂഢമായ സ്നേഹത്തിൻെറ ശക്തി ശരിക്ക് ഗ്രഹിക്കുവാൻ കഴിയൂ. പരിപൂർണ്ണമായ ത്യാഗത്തിൻെറ വേദന അനുഭവിച്ചറിഞ്ഞവർക്കല്ലേ, മററുള്ളവരുടെ ത്യഗത്തിൻെറ വേദനയുംമാററം അറിയാൻ കഴിയൂ. എലിസബത്തിനു് ഇതെല്ലാം അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവളുടെ ആശ്രമത്തിലെ അന്തേവാസികളുടെ ഹൃദയവേദനകളും ത്യാഗാഭിരുചിയും ശരിക്കറിഞ്ഞ്, അനുഭാവത്തോടും സ്നേഹത്തോടും കൂടി അവരെ നിയന്ത്രിക്കുവാനായി ദൈവം പ്രത്യേകം എലിസബത്തിനെ ഒരുക്കുകയായിരുന്നു. അവൾ ഇപ്പോൾ നിരവധി കന്യകകളുടെ അമ്മയാണ്. അവൾ എൻെറ സഹോദരനെ വിവാഹം ചെയ്യുകയും, രണ്ടു കുഞ്ഞുങ്ങളുടെ മാതാവാകയും ചെയ്തിരുന്നില്ലെങ്കിൽ, ഇന്നും അവൾ ഒരു മഠാധിപ മാത്രമായിരുന്നേനെ. ആ കന്യകകളുടെ അമ്മ എന്ന അസൂയാർഹമായ പദവിയിൽ അവൾ എത്തുമായിരുന്നില്ല."

ഗയ് അതു സമ്മതിച്ചു. എങ്കിലും അവളുടെ ജീവിതം ആനന്ദപൂർണ്ണമല്ലെന്ന് അയാൾ വീണ്ടുംശഠിച്ചു. എന്നാൽ അതു് ശരിയല്ല എന്നും, നമ്മുടെ ജീവിതോദ്ദേശം ശരിയായി നാം മനസ്സിലാക്കിയാൽ ആ സംശയം നീങ്ങും എന്നും അവൾ വാദിച്ചു. "എന്തിനാണ് നാം സൃഷ്ടിക്കപ്പെട്ടതു്" അവൾ ചോദിച്ചു. "ആനന്ദിക്കുവിൻ—ഇഹത്തിലും പരത്തിലും" ഗയ് പറഞ്ഞു. പക്ഷേ, ആനന്ദമെല്ലാം അങ്ങേ ലോകത്തു മതി എന്നു വയ്ക്കാൻ ഞാൻ തയാറില്ല. അതു് ദൈവസ്നേഹത്തെ ചോദ്യം ചെയ്യുകയാണ്. നമ്മെ വേദനിപ്പിക്കുന്ന ഒരു ദൈവത്തെയാണ് ആ വാദഗതി കാണിക്കുന്നതു്. എല്ലാവിധ സന്തോഷങ്ങൾക്കും ഉള്ള ചുററുപാടുകളെ ദൈവം ലോകത്തിൽ ഒരുക്കിയിരിക്കുന്നതും, അതിനുള്ള ആഗ്രഹം നമ്മിൽ വളരുവാൻ അനുവദിക്കുന്നതും, നാം അതു് പരിത്യജിച്ച് വേദന അനുഭവിക്കാൻ വേണ്ടി മാത്രമാണെന്ന് പറയുന്നതു് മൗഢ്യമാണ്. ഇവിടെയും ന്യായമായി നാം സന്തോഷിക്കണമെന്നു തന്നെയാണ് ദൈവവും ഉദ്ദേശിക്കുന്നതു്—പക്ഷേ ഇന്ന് പലരും വേറെ ഒരു വഴിയേ ചിന്തിക്കുകയും വാദിക്കുകയും ചെയ്യുന്നു. നമ്മുടെ ശരീരവും നാവും എല്ലാം തിന്മയുടേയും പാപത്തിൻേറയും നികൃഷ്ടതയുടേയും കുമ്പാരം മാത്രമാണെന്ന്. വിവാഹംപോലും പിശാചിൻെറ ഒരു തന്ത്രമാണെന്ന്. ശാരീരികമായ യാതൊരുസുഖവും നാം അനുഭവിച്ചുകൂടെന്ന്. സന്തോഷമെല്ലാം സ്വർഗ്ഗത്തിൽ ചെന്നശേഷം മാത്രമേ ആകാവൂ എന്ന്......." ഹംബലിൻ സാവധാനത്തിൽ, ചൂടുപിടിച്ച ആ വാഗ്വാദം ഏറെറടുത്തു.

അതെ പ്രിയാ! ദൈവം ഇവിടെയും സുഖമായി നാം ജീവിക്കണമെന്നു തന്നെ ആഗ്രഹിക്കുന്നു. നമ്മുടെ എല്ലാ കഴിവുകളും നമ്മുടെ സുഖത്തിനായി മാത്രം പ്രയോജനപ്പെടണമെന്ന് അവിടുന്നു ആഗ്രഹിക്കുന്നു.

സൃഷ്ടി എല്ലാം അങ്ങനെ നമുക്ക് പ്രയോജനപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. മനോഹരമായ വർണ്ണങ്ങൾ, ശ്രുതിമധുരമായ ഗാനങ്ങൾ, സ്പർശനസുഖം നൽകുന്ന മാർദ്ദവമേറിയ വസ്തുക്കൾ, എല്ലാം നമ്മുടെ ആനന്ദത്തിനു ദൈവം സൃഷ്ടിച്ചതല്ലേ....അതെ, നാം ഇവിടെ അടുത്തിരുന്നു പരസ്പരം ഹൃദയം തുറന്നുസംസാരിക്കുന്നതു തന്നെ എത്ര ആനന്ദപ്രദം....ഇതെല്ലാം ശരി, എന്നാൽ ആനന്ദത്തിൻെറ അളവുകോൽ—മാനദണ്ഡം എന്താണ്. ഞാൻ ഒന്നു ചോദിക്കട്ടെ......സ്വന്തം ആവശ്യത്തിനായി ധാരാളം ആർജ്ജിച്ചുകൂട്ടുന്നതോ—മററുള്ളവർക്കുവേണ്ടി നമുക്കുള്ളതു് ദാനമായി കൊടുക്കുന്നതോ—ഏതാണ് നമുക്ക് കൂടുതൽ ആനന്ദം നൽകുന്നതു്—ആത്മാർത്ഥമായി പറയൂ. വൈമനസ്യത്തോടെയെങ്കിലും ഗയ് സമ്മതിച്ചു—ഹംബലിൻെറ സന്തോഷവും തൃപ്തിയും അയാൾക്ക് നൽകിയിട്ടുള്ളിടത്തോളം ആനന്ദം സ്വന്തമായ യാതൊരു നേട്ടവും അയാൾക്ക് നല്കിയിട്ടില്ല എന്നു് അയാൾ സമ്മതിച്ചു. അങ്ങനെയുള്ള സന്തോഷം നേടാൻവേണ്ടി അനുഷ്ഠിക്കുന്ന ഏതു ത്യാഗവും ആനന്ദപ്രദമാണെന്നു് അയാൾ സമ്മതിച്ചു. ഹംബലിൻ അതു അംഗീകരിച്ചുകൊണ്ടു് തുടന്നു.

"അതെ. നമുക്കു തർക്കിക്കേണ്ട. ആനന്ദത്തിൻെറ ഉറവ നാം നൽകുന്ന ദാനത്തിലാണ്. നാം എത്രകണ്ടു് ത്യാഗം അനുഷ്ഠിച്ച് മററുള്ളവരെ തൃപ്തിപ്പെടുത്തുന്നുവോ, അത്രയ്ക്കും നമ്മുടെ ആനന്ദം വലുതും യഥാർത്ഥവും ആയിരിക്കും. എലിസബത്തിൻെറ കാര്യംനോക്കൂ. അവൾ സ്വന്തംഭവനം, ഭർത്താവു്, കുഞ്ഞുങ്ങൾ സകലതും ദൈവത്തിനുവേണ്ടി കൈവിട്ടു. അവളുടെ ത്യാഗം പരിപൂർണ്ണമായിരുന്നു. വിരോധഭാസം എന്നു പറയാം, അവൾ സകലതും ഉപേക്ഷിച്ചു. എന്നാൽ ഇപ്പോൾ അവൾക്ക് പൂർണ്ണമായ ആനന്ദം കൈവന്നിരിക്കുന്നു. സംശയിക്കേണ്ടാ, അതു് ദൈവനിർദ്ദേശമാണ്. ക്രിസ്തുതന്നെ പറഞ്ഞിട്ടില്ലേ. "മണ്ണിൽ വീഴുന്ന ഗോതമ്പുമണി ചീഞ്ഞ് അഴിഞ്ഞേ, ഫലഭൂയിഷ്ഠമാകൂ.... സ്വന്തം ജീവൻ അമർത്ത്യമാക്കുവാൻ നാം അതു ത്യജിച്ചേ മതിയാവൂ...എനിക്കു തന്നെ അതു് അനുഭവമല്ലേ...."

"എങ്ങനെ", ഏതാണ് പരിഭ്രമത്തോടെ ഗയ് ചോദിച്ചു. നമ്മുടെ വിവാഹം കഴിഞ്ഞ ആ വർഷം എത്ര ഉല്ലാസപ്രദമായിരുന്നു, ഇല്ലേ. വിരുന്നു ഉണ്ടും, കൊടുത്തും, വിനോദ യാത്രകൾ കഴിച്ചും എല്ലാം നാം നടക്കുകയായിരുന്നില്ലേ. കളിക്കോപ്പുകൾ കണ്ടു ഇളകിമറിഞ്ഞ കൊച്ചുകുട്ടികളെപ്പോലെ—നാം എന്തു പണം ചെലവാക്കി—സാമൂഹ്യമണ്ഡലത്തിൽ ഇതിലൊന്നും നമ്മെ ആരും കവച്ചുവെക്കരുതെന്നമട്ടിൽ.

ശരിയാണതു്. ഗയ് സമ്മതിച്ചു—ഈ നാട്ടിൽ നിന്നേക്കാൾ മോടിയായ ആടയാഭരണാദികൾ അണിഞ്ഞ ഒരു സ്ത്രീ ഇല്ലായിരുന്നു, നിശ്ചയം.

അയ്യോ ഇപ്പോൾ ഞാൻ അതിൽ ലജ്ജിക്കുന്നു. ഞാൻ പറഞ്ഞുവന്നതു്, അന്നു് നാം വളരെ സന്തോഷിച്ചു. എൻെറ വേഷഭൂഷകളിലും, അതുവഴി അമ്മയ്ക്കു ലഭിക്കുന്ന മതിപ്പിലും എനിക്ക് വളരെ സന്തോഷം തോന്നി. അവയെല്ലാം എനിയ്ക്കു മത്തുപിടിപ്പിക്കുന്ന ഒരു പ്രതീതി ഉളവാക്കിയിരുന്നു. ഹാ ആ ഒരുകൊല്ലം. മറക്കാനാവാത്ത അനുഭവങ്ങൾ........എന്നാൽ........ആ സന്തോഷം അല്ലാതെ മററുചില അനുഭവങ്ങൾ എനിക്കുണ്ടായി. സന്തോഷവും ആനന്ദവും തമ്മിലുള്ള അഗാധമായ അന്തരം അതു് എനിക്കു കാണിച്ചുതന്നു.

അതെങ്ങനെ—ഗയ്യ്ക്കു പരിഭ്രമമായി.

അതോ, അതു പറയാം. അവൾ തുടന്നു: ആദ്യഘട്ടങ്ങളിൽ നാം തൻകാര്യക്കാരായിരുന്നു. നാം നമുക്കു വേണ്ടിമാത്രം ജീവിച്ചു. ഉദ്വേഗവും ഇളക്കവും തേടി നടന്ന രണ്ടു രസികയുവമിഥുനങ്ങൾ. ഉപരിതലത്തിൽ തങ്ങിനിന്ന ചില നൈമഷിക മിഥ്യാഭാവങ്ങൾ ആയിരുന്നില്ലേ അന്നത്തെ സന്തോഷം. അന്നു് കാണികൾക്ക് എൻെറ വേഷവും, അങ്ങയുടെ സമ്പത്തും വർത്തമാനവിഷയമായിരുന്നു. ഇന്നോ...........ഗയ് ചിന്താധീനനായി. അവൾ പറയുന്നതിൻെറ പശ്ചാത്തലം അയാളുടെ ബുദ്ധിയിലേയ്ക്കും പകന്നുതുടങ്ങി.

"ശരിതന്നെ, ഇന്നു് അവരൊന്നും നമ്മെപ്പററി അധികം പറയുന്നില്ല. നിൻെറ മോടിപിടിച്ച വേഷങ്ങളിൽനിന്നുള്ള മാററവും സാധുജനസേവനവും ഇന്നു് അവർ അത്ര പ്രശംസിക്കുന്നില്ല. എതിക്കുന്നുമില്ല. എങ്കിലും രഹസ്യമായി അവർ അതു മതിയ്ക്കുന്നുണ്ടു്. തലമുറകൾ നിന്നെ അനുഗ്രഹം നിറഞ്ഞവളായി സ്മരിക്കുമെന്നു് അവർ പതുക്കെ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. അതുകേട്ടു് ഞാൻ രോമാഞ്ചം അണിഞ്ഞിട്ടുണ്ടു്."

"ഏതാണ് എനിക്കുചേർന്ന ഭൂഷണം—വസ്ത്രാലങ്കാരവിഭൂഷിത എന്നതോ,—ദീനജനസേവനോൽസുക എന്നുള്ളതോ" അവർ അന്വേഷിച്ചു.

അതു ഞാൻ പറയണമോ,—കഴിഞ്ഞ അഞ്ചു കൊല്ലമായി, നീ ചെയ്തുവന്ന ദീനജനസേവനം എത്ര വലിയ ആനന്ദമാണു നമുക്ക് നൽകുന്നതു്. നമ്മുടെ ത്യാഗത്തിൽനിന്നും ജനിച്ച, ജനിക്കുന്ന, ജനിക്കേണ്ട ആനന്ദം എത്ര വലുതു്........ആദ്യമാദ്യം നിനക്കു വേണ്ട ഭൂഷകൾ വാങ്ങുന്നതിൽ ഞാൻ സന്തോഷിച്ചു. എന്നാൽ പിന്നീടാകട്ടെ സാധുക്കൾക്ക് വല്ലതും വാങ്ങുന്നതിൽ നിനക്കുള്ള സന്തോഷം വർദ്ധിക്കുന്നതു കണ്ട് ആനന്ദിക്കുവാൻ എനിക്ക് കഴിഞ്ഞു—ഞാൻ സമ്മതിച്ചു, മററുള്ളവരെ സന്തോഷിപ്പിക്കുന്നതു തന്നെ യഥാർത്ഥ ആനന്ദത്തിൻെറ ഉറവ—

ഹംബലിൻ നേടിയ വിജയത്തിൽ പിടിച്ചുനിന്നുകൊണ്ടു തുടന്നു: ഗയ്—അങ്ങ് നോക്കിയിട്ടുണ്ടോ, ഈ ആനന്ദത്തിൻെറ പരിധി, നമ്മുടെ ത്യാഗത്തിൻെറ പരിധിയേയാണ് ആശ്രയിക്കുന്നതെന്ന്. എത്ര കൂടുതൽ നാം കേഴുന്നോ, അത്രയും കൂടുതലായിരിക്കും നമ്മുടെ ആനന്ദം എന്ന്; എലിസബത്തിൻെറ കാര്യം തന്നെ എടുക്കാം. ഇടയ്ക്കു് ഒരു കാര്യം ചോദിക്കട്ടെ. അങ്ങ് മരണത്തെ ഭയപ്പെടുന്നോ?

ഉം........ഞാൻ അല്പം ഭയപ്പെടുന്നുണ്ട്.

"എന്തുകൊണ്ട്" അവൾ ചോദിച്ചു.

"കൃത്യമായി പറയാൻ വയ്യ. അതു് ഏതാണ്ട് ഒരു സ്വാഭാവിക പ്രകൃതിപോലെ ആയിട്ടുണ്ട്. ജീവിക്കുവാനുള്ള വാസനയല്ലേ നമ്മിൽ ഉള്ളതു്. മരണം—അതു് പാപത്തിൻെറ ഫലമല്ലേ. പാപം. മരണം....അല്ല. കുറച്ചുകൂടി അടുത്തുനോക്കിയാൽ, മരണത്തെയല്ല, വിധിയേയാണ് നാം ഭയപ്പെടുന്നതു്.

ശരിതന്നെ. ഗയ്: മരണത്തെയും വിധിയേയും ഭയപ്പെടാത്ത ഒരവസ്ഥ ഉണ്ടായാൽ........മരണത്തെയും വിധിയേയും സ്വാഗതം ചെയ്യാൻ നാം ഒരുങ്ങിയിരുന്നാൽ അതിനേക്കാൾ വലിയ ഒരാനന്ദമുണ്ടോ—ഹംബലിൻ വീണ്ടും ഉത്സാഹഭരിതയായി ചോദിച്ചു. ഓർത്തുനോക്കൂ. എലിസബത്തും അവളുടെ ആശ്രമത്തിലെ കന്യകകളും ഇങ്ങനെ മരണത്തെയും വിധിയെയും പേടിക്കാതെ ജീവിക്കുന്നു. ബെർണ്ണാഡും കൂട്ടസന്യാസികളും അങ്ങനെ ജീവിക്കുന്നു. നമ്മുടെ അച്ഛൻ അങ്ങനെയല്ലേ മരിച്ചതു്? അതെ, ദൈവത്തിനുവേണ്ടി സ്വയം സമർപ്പിച്ച് സകലതും കൈവിട്ടിറങ്ങുന്ന എല്ലാ ആത്മാക്കളും മരണത്തെക്കണ്ട് ചിരിക്കുന്നു. വിധിയ്ക്കുവേണ്ടി പ്രത്യാശയോടെ നോക്കിയിരിക്കുന്നു. എന്തുകൊണ്ട് അങ്ങനെ ആയിക്കൂടാ. അവക്ക് മരണം സ്വാതന്ത്ര്യം നേടിക്കൊടുത്ത ഒരു സുഹൃത്തും, വിധി സമ്മാനം ലഭിക്കുന്ന ഒരു ചടങ്ങും മാത്രമാണ്

ം...." ഗയ് ചിന്താമഗ്നനായി. 'മരണം സ്വാതന്ത്ര്യം നൽകുന്ന ഒരു സുഹൃത്ത്—വിധി സമ്മാനം ലഭിക്കുന്ന ഒരു മുഹൂർത്തം!

ഹംബലിൻ ആകാംക്ഷാഭരിതയായി. അവളുടെ ഭർത്താവ് ഇക്കാര്യം തെററിദ്ധരിക്കരുതേ എന്നവൾ ആഗ്രഹിച്ചു. അവൾ ആശയം ഒന്നുകൂടി വിശദമാക്കി.

പ്രിയപ്പെട്ട ഗയ്....എന്താ വിശ്വാസം തോന്നുന്നില്ലേ....ഇല്ലെങ്കിൽ അതു നാം ഉപരിപ്ലവമായി മാത്രം ചിന്തിക്കുന്നതു കൊണ്ടാണ്. ഞാൻ ഒന്നു ചോദിക്കട്ടെ. വീരപരാക്രമിയായ അങ്ങയുടെ മാതുലനെ അങ്ങു ഓക്കുന്നില്ലേ. ആ മാതുലൻെറ മുമ്പിൽ ചെല്ലുമ്പോൾ, വീരോചിതമായ ഒരു നോട്ടം—സ്വന്തം ജീവനെപ്പോലും തൃണവൽഗണിച്ച് സാഹസികമായിട്ടുപോലും നേടിയ ഒരു മഹൽകാര്യം—അങ്ങനെ എന്തെങ്കിലും ഒന്ന് അദ്ദേഹത്തെ അറിയിക്കാനുണ്ടെങ്കിൽ, എത്ര ഉന്മേഷവും കൃതാർത്ഥതയും അങ്ങയ്ക്കു് തോന്നിയിരുന്നു! നേരേ മറിച്ച് എന്തെങ്കിലും വിഡ്ഢിത്വമോ ഭീരുത്വമോ ആണ് അറിയിക്കാനുള്ളതെങ്കിൽ അവിടുന്ന് വിഷണ്ണനും ഇളിഭ്യനും ആയി കാണപ്പെട്ടിട്ടില്ലേ. ഓർമ്മിച്ചുനോക്കൂ. എപ്പോഴാണ് അങ്ങ് മാതുലനെ ഏററം ഉല്ലാസചിത്തവാനായി കാണാൻ ചെന്നിട്ടുള്ളതു്."

"ശരിയാണ് ഹംബലിൻ—എന്തെങ്കിലും അദ്ദേഹത്തിനു് വേണ്ടി ത്യാഗം അനുഷ്ഠിച്ചശേഷം അദ്ദേഹത്തെ കാണുമ്പോൾതന്നെ."

"അതുതന്നെ ദൈവത്തിൻെറ മുമ്പിലും! ഇപ്പോൾ ഏതാണ്ട് മനസ്സിലാകുന്നുണ്ടോ."

"ഉണ്ട് ഹംബലിൻ. ഉണ്ട്. മാത്രമല്ല. ദൈവത്തിനുവേണ്ടി ഇതുവരെ കാര്യമായ ത്യാഗം ഒന്നും ഞാൻ ചെയ്തിട്ടില്ല. സഹിച്ചിട്ടില്ല. എലിസബത്തിനും ബെർണ്ണാർഡിനും മരിക്കാൻ പേടി ഉണ്ടെങ്കിലും ഇല്ലെങ്കിലും അവക്കൊക്കെ നമ്മെക്കാൾ, ധൈര്യത്തോടും

പ്രത്യാശയോടുംകൂടി ദൈവത്തെക്കാണുവാൻ കഴിയുമെന്ന് എനിക്കു ബോദ്ധ്യമായി. അതു് ന്യായംമാത്രമാണ്." ഗയ് സമ്മതിച്ചു.

പരമാർത്ഥമാണ് അങ്ങു് ഇപ്പോൾ കാണുന്നതും പറയുന്നതും. ജീവിതത്തിനു് ഒരേഒരു ലക്ഷ്യം മാത്രമേ ഉള്ളൂ എന്നു കൂടുതൽ കൂടുതൽ ദൃഢമായി ഞാൻ വിശ്വസിക്കുന്നു. ദൈവം നമുക്ക് നൽകുന്ന ദാനങ്ങളൊക്കെ സന്തോഷസമേതം, അവിടുത്തേയ്ക്കുതന്നെ സമർപ്പിക്കുവാനുള്ളതാണ്. അപ്പൻ മരിച്ചപ്പോൾ ആ പാഠം ഞാൻ നന്നായി പഠിച്ചു. ഇഹത്തിലും പരത്തിലും അനുഭവവേദ്യമായ സകല സന്തോഷവും ദൈവത്തിൽ മാത്രം അടിയുറച്ചതായിരിക്കണം." ഹംബലിൻ പറഞ്ഞുനിർത്തുന്നതിനുമുമ്പ് ഗയ് കടന്നുചോദിച്ചു.

"അപ്പോൾ ഈ ഭൂതലം മുഴുവൻ വിശാലമായ ഒരുസന്യാസാശ്രമമായിത്തീരണമൊ" ഗയ് അവളുടെ ചിന്താഗതിയെ എതിർത്തു. "വേണ്ട വേണ്ട" അവൾ തെളിച്ചുപറഞ്ഞു. "എന്നാൽ ഇവിടെ ജീവിക്കുന്ന എല്ലാവരും ആശ്രമത്തിലെന്നപോലെ, ദൈവത്തെപ്പററി ചിന്തിച്ചുകൊണ്ടും, ദൈവത്തിൽ സകല ശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ടും ദൈവത്തിൽ ലയിച്ചും ജീവിക്കണം. എൻെറ സഹോദരപത്നി, ഈവിധത്തിൽ അനേകം നാഗരികാംഗനകളേക്കാൾ സന്തോഷം അനുഭവിച്ചുകൊണ്ടും, പരത്തിൽ അവരൊക്കെക്കാൾ സൗഭാഗ്യവതിയായിരിക്കും എന്ന പ്രതീക്ഷയിലും ജീവിക്കുന്നു. എന്തുകൊണ്ടെന്നോ? അവൾ അവളുടെ ത്യാഗം നിരുപാധികവും സംപൂർണ്ണവും ആക്കിത്തീർത്തു. അവളുടെ സർവ്വസ്വവും ആ സമർപ്പണത്തിൽ ലയിച്ചിരുന്നു.

ദൈവികപ്രചോദനം നൽകിയ സ്വന്തം പ്രിയയുടെ വാദമുഖങ്ങൾ ഹൃദയത്തിൻെറ ഉള്ളറകളിലേക്കു കടന്നുചെന്ന് ഗയ്യെ അസ്വസ്ഥനോ, ക്ഷീണിതനോ, ചിന്താപരവശനോ ആക്കിയിരിക്കാം. അയാൾ കൈകൊണ്ടു മുഖം പൊത്തി വളരെനേരം കുനിഞ്ഞിരുന്നു. അയാളുടെ ദേഹം വിറയ്ക്കുന്നു എന്നു ഹംബലിനു തോന്നി. അവൾ അയാളെ കുലുക്കിവിളിച്ചു. 'ഗയ്' എന്താണിതു്?' 'ഹംബലിൻ'—അയാളുടെ ഹൃദയതന്ത്രികൾ പൊട്ടിച്ചുകൊണ്ടു് ചില ചിന്തകൾ സ്വരമുണ്ടാക്കി. അയാൾ പറഞ്ഞു: "നോക്കൂ—എൻെറ സഹോദരി, അവൾ ഇന്നു് ഒരു മഹാ പ്രഭ്വി, എന്നാൽ എളിമ്പത്തിൻെറ പകുതി സുഖം അവർക്കില്ല. എൻെറ കാര്യമോ........ഞാൻ ഇതുവരെ കാര്യമായി ഒന്നും ത്യാഗം ചെയ്തിട്ടില്ല. ഞാൻ മരണത്തെ ഭയപ്പെടുന്നു. കാരണം വിധിയെ ഓർത്തിട്ടു്. ഞാൻ വിധിയെ ഭയപ്പെടുന്നു! കാരണം ഞാൻ ഇതുവരെ, നീ പറഞ്ഞതുപോലെ—ആശ്രമവാസികളെപ്പോലെ, ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചും, ദൈവത്തിൽ ലയിച്ചും അല്ല ജീവിച്ചിട്ടുള്ളതു്. എന്നാൽ ഹംബലിൻ, ഇന്നു നീ എൻെറ കണ്ണുതുറന്നു. എനിക്കും ഇതൊക്കെ ആകാം. എനിക്കും ത്യാഗങ്ങൾ സഹിക്കാം. ദൈവത്തെ അഭിമുഖമായി കാണുമ്പോൾ എനിക്കും ധൈര്യം നൽകുന്ന ചില നേട്ടങ്ങൾ എനിക്കും ഉണ്ടാക്കാം. നീ പറഞ്ഞില്ലേ, സന്യാസികൾ മരണത്തിൻേറയും വിധിയുടേയും മുമ്പിൽ മുട്ടുമടക്കാത്തതു് അവർ ദൈവത്തിനുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിച്ചതുകൊണ്ടാണെന്നു്. എനിക്കും ത്യജിക്കാനുണ്ടു്. ഞാൻ എന്നേക്കാൾ കൂടുതലായി സ്നേഹിക്കുന്ന ഒന്നുണ്ടു്. അതു് ദൈവത്തിനു കൊടുക്കാവുന്നതാണ്. അതു ഞാൻ കൊടുക്കും. ഞാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഹംബലിൻ, നിന്നെയാണ് ഞാൻ ത്യാഗബുദ്ധ്യാ ദൈവത്തിനു കൊടുക്കുന്നതു്?"

ഹംബലിൻ അല്പം ഒന്നുഞെട്ടി: ദീർഘനിശ്വാസം വിട്ടു. അഞ്ചുകൊല്ലംമുമ്പു് അവൾ ഇതിനു ഭർത്താവിൻെറ അനുമതി തേടിയതാണ്. പക്ഷേ അന്നു് അയാൾക്കു് അതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. സഹോദരന്മാരുടെ ആശ്രമജീവിതം കണ്ടപ്പോഴുണ്ടായ ഒരു താല്ക്കാലികവ്യാമോഹം എന്നു പറഞ്ഞു് അതു് അദ്ദേഹം തള്ളിക്കളഞ്ഞിരുന്നു. പിന്നീടു് അതു ചോദിക്കാൻ അവൾ ധൈര്യപ്പെട്ടില്ലെന്നേ ഉള്ളൂ. ഇന്നു് അങ്ങോട്ടു ചോദിക്കാതെ അദ്ദേഹം അതു സമ്മതിച്ചു. അവളുടെ ഹൃദയംതുടിച്ചു. അദ്ദേഹം തുടർന്നു.

ഹംബലിൻ. നീ ദൈവത്തിനു നിന്നെത്തന്നെ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഞാനും സഹകരിക്കാം. ഹാ, എത്ര മനോഹരം! എത്ര ആനന്ദപ്രദം. നീ എത്ര സുന്ദരിയായി ഇപ്പോൾ എൻെറ മുമ്പിൽ നിൽക്കുന്നു. യൗവ്വനം, ആരോഗ്യം, സൗന്ദര്യം എല്ലാം നിറഞ്ഞുനിൽക്കുന്ന നീ,—അതിലൊക്കെ ഉപരിയായ നിൻെറ ആത്മാവിൻെറ സൗന്ദര്യം! ഇതെല്ലാം ഞാൻ പരിത്യജിക്കാം. അതു ദൈവത്തെ പ്രസാദിപ്പിക്കും

# കത്തോലിക്ക പുരോഹിതൻ–ഒരു പോരാളി

(പി. കെ.)

ഒരിടവക വികാരിയായി ജോലിനോക്കുകയായിരുന്ന അഞ്ജ്ലോസ് പാതിരി. പഴമയും പാരമ്പര്യവുമുള്ള പുരാതന ക്രിസ്ത്യാനികളെന്നഭിമാനിച്ചിരുന്നവരാണ് തൻെറ പ്രജകളത്രയും. പക്ഷെ ഞായറാഴ്ച വേലയെടുക്കുന്നതു് പന്തികേടായി പരിഗണിക്കുവാൻ മാത്രം അവരുടെ മതബോധം ഉയന്നിട്ടില്ലായിരുന്നു; ഉറച്ചിട്ടില്ലായിരുന്നു. കത്തോലിക്കജീവിതത്തെ താറുമാറാക്കിക്കൊണ്ടിരുന്ന പ്രസ്തുത ക്രമക്കേടിനെതിരായി

---

എന്നല്ലേ നീ പറയുന്നതു്. എന്നാൽ ഇതിനു മുമ്പൊരിക്കലും എനിക്കു കഴിയാത്തതുപോലെ ആ നല്ല ദൈവത്തെ ഞാൻ പ്രസാദിപ്പിക്കാം. ജീവിതം ഒരു വിരോധാഭാസം പോലെ കാണപ്പെട്ടുമെന്ന് നീ പറയാറുണ്ടല്ലോ. എൻെറ ജീവിതം അങ്ങനെ ഒരു വൈരുദ്ധ്യപ്രതീതി നൽകുന്നതാകട്ടെ. ഞാൻ എൻെറ ഹൃദയം പറിച്ചെടുത്തു് ദൈവത്തിനു സമർപ്പിക്കാം. വിധിദിവസം അദ്ദേഹം എനിക്ക് തിരിച്ചുതരുവാൻവേണ്ടി എൻെറ ജീവൻെറ ജീവനായ ഹംബലിൻ, നീ പോവുക". ത്യാഗം കൊണ്ടു നിൻെറ ജീവിതവും സുരഭിലമാക്കുക. നമുക്കു രണ്ടുപേക്കും നിത്യത്വത്തിനായിമാത്രം ജീവിക്കാം. മരണത്തിൽക്കൂടിയല്ലേ നിത്യജീവൻ നാം നേടുക. അതുകൊണ്ടു് നമുക്കു രണ്ടാൾക്കും മരിക്കാം..............എന്നെക്കാൾ ശക്തനായ ഒരു ആത്മനാഥൻെറ ദിവ്യസ്നേഹത്തിനടിമയാകാൻ ഞാൻ നിന്നെ കൈവിടാം. ദൈവമേ, പ്രിയേ, വരൂ നമുക്ക് നമ്മുടെ ത്യാഗം പൂർത്തിയാക്കാം.

വേർപാടിൻെറ–നിത്യജീവൻെറ മുന്നോടിയായ മരണത്തിൻെറ നിഴലിൻകീഴിൽ, ആ ദിവ്യസ്നേഹത്താൽ ഉന്മത്തരായ ആ ദമ്പതികൾ ഗാഢാലിംഗനത്തിൽ അമന്നു.

"ഹംബലിൻ—എൻെറ സ്വാർത്ഥതയും അവസാനത്തെ നൂലും പൊട്ടിച്ചു് നീ സ്വതന്ത്രയാകൂ. നിത്യനായ ദൈവത്തെപ്പററിയുള്ള അറിവ്, സന്യാസികളെ ആനന്ദിപ്പിക്കുന്നതുപോലെ — നിന്നെ ദൈവത്തിനു് ഞാൻ നൽകുന്ന ഈ നിമിഷത്തിൽ, ഇന്നേവരെ അറിയാത്ത ഒരു ആനന്ദത്തിൽ ഞാൻ മുഴുകുന്നു. ഹംബലിൻ–എൻെറ ആത്മാവുകൂടി ഇളകുന്നു! വിറയ്ക്കുന്നു. 'നീ പോകൂ' എവിടെയായാലും നീ എന്നെ മറക്കുകയില്ല എന്നെനിയ്ക്കറിയാം–ഞാൻ നിന്നെയും....

അന്നത്തെ ത്യാഗത്തിൽ ഭാര്യയുടേയോ ഭർത്താവിൻേറയോ നേട്ടം കൂടുതൽ വലുതു്.......ദൈവം മാത്രം അതറിയുന്നു!!

ഹംബലിൻ താമസിയാതെ ഒരു കന്യാലയത്തിൽ ചേന്നു. സഹോദരനായ ബർണ്ണാർഡിൻെറ ഒരു പങ്കാളി എന്ന നിലയിൽ ജീവിച്ചു. ക്രിസ്തുവിൻെറ പിന്നാലെ എത്തിച്ചേന്ന വി. ബർണ്ണാർഡിൻെറ കുടുംബത്തിലെ, ഏകപുത്രി ഹംബലിൻ, നാടകീയമായവിധം അടുക്കളയിൽനിന്നും ആശ്രമത്തിലേക്കു വന്നതു് ദൈവം പ്രത്യേകമായി അംഗീകരിച്ചു. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഇന്നു് അവൾ തിരുസഭയുടെ മുമ്പിൽ ഉണ്ടു്. എലിസബത്തിൻെറശേഷം മററു സഹോദരികൾ എല്ലാംകൂടി ഹംബലിനെ സമൂഹത്തിൻെറ ശ്രേഷ്ഠയായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കത്തക്കവിധം അവൾ അത്രയ്ക്കും അവരുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ചെയ്തു.

ഹംബലിൻെറ മുദ്രാവാക്യം, "Love serves" —സ്നേഹം ശുശ്രൂഷിക്കുന്നു, എന്നായിരുന്നു. നാം മററുള്ളവരെ സ്നേഹിക്കുന്നതിൻെറ അടയാളം അവരെ ശുശ്രൂഷിക്കുന്നതിലുള്ള സന്നദ്ധതയിൽ അടങ്ങിയിരിക്കുന്നു. ഈ തത്വം നമ്മുടെ അനുദിനവുമുള്ള പ്രായോഗികജീവിതത്തെ നിയന്ത്രിക്കണം.

അടുക്കളയിൽനിന്നും ആശ്രമത്തിലേക്കുള്ള മാററം സാർവ്വത്രികമോ, സാധാരണമോ എല്ലാവക്കും സ്വീകാര്യമോ ഒന്നുമല്ല. കന്യാവ്രതത്തെപ്പററിപ്പറയുമ്പോൾ അതു് കഴിവുള്ളവക്കുമാത്രം നിർദ്ദേശിക്കുന്നതുപോലുള്ള ഒരു സൂചനകൂടി നാം കേൾക്കുന്നുണ്ടു്. എങ്കിലും വീരോചിതമായ ത്യാഗങ്ങളുടെ മാതൃകയും, സ്വീകാര്യതയും, പ്രയോജനവും, അതിനു് ദൈവം 'നല്കുന്ന അംഗീകാരവും ഹംബലിൻെറ കഥയിൽനിന്നു് നാം മനസ്സിലാക്കണം.

ധാർമ്മികവാളോങ്ങുവാൻ ആ വീരപോരാളി ദൃഢവ്രത മെടുത്തു. സുവിശേഷാനന്തരമുള്ള പരസ്യപ്രഭാഷണ ങ്ങളാലും, രഹസ്യത്തിലുള്ള ഹിതോപദേശങ്ങളാലും സ്വജനങ്ങളെ നേർവഴിക്കു തിരിക്കുവാൻ അദ്ദേഹം ആവതും പരിശ്രമിച്ചു. പ്രമാണികൾക്കു അതു ഒട്ടും രസിച്ചില്ല; അവർ കയർക്കുവാനും മുറുമുറുക്കുവാനും തുടങ്ങി. പ്രമുഖരുടെ പ്രബലമായ പ്രേരണയോടും പിന്തുണയോടും കൂടി ഏതാനും കശ്മലന്മാർ ആ കർമ്മ യോഗിയെ കഥാവശേഷനാക്കുവാൻ രണ്ടുംകല്പിച്ചുരംഗ ത്തിറങ്ങി. കട്ടുംകൈയ്യും ഒരുങ്ങുംമുമ്പു കരത്തിനും കര ളിനും കരുത്താർജ്ജിക്കുവാൻ അവർ മദ്യപ്പിശാചിയെ പൂജിക്കുവാനൊരുമ്പെട്ടു. കള്ളിൻതുള്ളികൾ ഉള്ളിലാ യപ്പോൾ ഉള്ളുകള്ളികൾ വെളിയിൽ ചാടി. ഷാപ്പു ടമസ്ഥന്റെ കെട്ടിയവൾ ഞെട്ടിപ്പോയി ഗുരുതരംകെട്ട പുരോഹിതഹത്യയ്ക്കുള്ള ഗൂഢാലോചനയെപ്പററി കേട്ട പ്പോൾ. രഹസ്യത്തിൽ ഒരു ദൂതനെ അയച്ച് അവൾ പാതിരിക്കു ആപൽസൂചന നല്കി. ഒട്ടും വൈകിയില്ല പാതിരി പ്രാണനുംകൊണ്ടു രാവോടുരാവു അവിടെ നിന്നും ഒളിച്ചോടി. ഘാതകരുടെ പിടിയിൽപ്പെ ടാനിടയില്ലെന്നു തിട്ടമായപ്പോൾ വഴിത്തലയ്ക്കുള്ള ഒരു ഹൈന്ദവവീട്ടിൽ അദ്ദേഹം അഭയം തേടി. പാതിരാനേരത്തു ഓടിക്കിതച്ചെത്തിയ പാതിരിയുടെ പരിഭ്രമവും പരവശതയും കണ്ട് മനസ്സലിഞ്ഞ ഭവന വാസികൾ അദ്ദേഹത്തെ സാദരം സ്വീകരിച്ചു; വിശ്ര മാർത്ഥം വേണ്ട സൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു. പിറേറന്നാൾ യാത്ര തുടരുന്നതിനുമുമ്പ് ആതിഥേയരോ ടുള്ള നന്ദി കാണിക്കുവാനായി, അവക്കെന്തെങ്കിലുമൊ രനുഗ്രഹം നല്കാമെന്ന് അദ്ദേഹം അവരെ അറിയിച്ചു. രണ്ടുകാര്യങ്ങളാണ് അവർ ആവശ്യപ്പെട്ടതു്. പുരയി ടത്തിൽ വെള്ളം വററാത്ത ഒരു കിണറുണ്ടാകണം; കുടുംബത്തിൽ ആൺസന്താനം അററുപോകാതിരിക്ക ണം. പല സ്ഥാനങ്ങളിലും കിണർ കുഴിച്ചുനോക്കീട്ടും വെള്ളം കാണാതെ ഇച്ഛാഭംഗപ്പെട്ടിരിക്കയായിരുന്നു അവർ. പാതിരി ചൂണ്ടിക്കാണിച്ച ഇടത്തിൽ അവർ കിണർ താഴ്ത്തി; ഏറെ ആഴത്തിലെത്തുംമുമ്പുതന്നെ വെള്ളം ധാരാളമായി. നാളതുവരെ ആ കുടുംബത്തിൽ ആൺസന്താനപരമ്പരയ്ക്കൊരു കോട്ടവും നേരിട്ടിട്ടില്ല ത്രെ. ഇപ്പറഞ്ഞ ഐതിഹ്യം ഉല്ലിഷ്ടലേഖനത്തിന് ഉചിതമായൊരു ഉപക്രമമായിത്തോന്നിയതുകൊണ്ട് ഇത്രയും കുറിച്ചെന്നേയുള്ളു.

ഇന്നു രാഷ്ട്രനായകന്മാർ തലപുകഞ്ഞാലോചി ക്കയും പരക്കം പാഞ്ഞു ഓടിനടക്കയും ചെയ്യുകയാണ്. ഭൂമുഖത്തുനിന്നു യുദ്ധഭീഷണിയെ എന്നെന്നേയ്ക്കുമായി ആട്ടിപ്പായിക്കുവാനുള്ള നയോപായങ്ങൾ തേടിക്കൊണ്ടു ശൂന്യവിഹായസ്സിൽപോലും വിസ്മയാവഹങ്ങളായ പല പല ശാസ്ത്രീയപരീക്ഷണങ്ങളും അക്കൂട്ടർ നടത്തിക്കൊ ണ്ടിരിക്കയാണ്. ജനീവായിലോ മറേറതെങ്കിലും കേന്ദ്രത്തിലൊ വൻകിടനേതാക്കന്മാരുടെ ഒരു കൂടി യാലോചന നടന്നാൽ തൽഫലങ്ങളറിയുവാൻ ലോക വാസികൾ എത്ര ആകാംക്ഷാപൂർവ്വമാണ് വെമ്പൽ കൊണ്ടിരിക്കുക! സമാധാനപൂർവ്വമുള്ള സഹവർത്തിത്വ മാണ് ലോകസമാധാനത്തിനുള്ള ഒററമൂലികയായി പല രാഷ്ട്രീയഭിഷഗ്വരന്മാരും സമയത്തും അസമയത്തും നിർദ്ദേശിച്ചുകൊണ്ടിരിക്കുന്നതു്. തൽസംബന്ധമായ പ്രഭാഷണങ്ങളും പ്രസ്താവനകളും വായിക്കുമ്പോൾ തൽകർത്താക്കളുടെ അന്തരംഗങ്ങളിൽ പോലും എന്തോ ചില ആശങ്കകൾ ഒളിച്ചുകളി നടത്തുന്നില്ലയോ എന്നൊരു സംശയം ആർക്കും തോന്നിപ്പോകും! റഷ്യയും ജർമ്മനിയായും സൈന്യബലം അസാരം വെട്ടിക്കുറയ്ക്കു വാനുദ്ദേശിയ്ക്കുന്നുണ്ടെന്ന സൂചന നൽകിയതോടെ, ലോകനിരായുധീകരണപദ്ധതിയിലേക്കുള്ള ഒരു ഉറച്ച കാൽവെയ്പായി അതിനെ പലരും പ്രഘോഷിക്കുന്ന തായി കേട്ടു. സകല രാഷ്ട്രങ്ങളും പട്ടാളവകുപ്പും ആയു ധസജ്ജീകരണവും വേണ്ടെന്നുവെച്ചാൽ, അഭിപ്രായ വ്യത്യാസങ്ങളും അവകാശതർക്കങ്ങളും അന്താരാഷ്ട്രീയ മദ്ധ്യസ്ഥകോടതികൾ വഴി പറഞ്ഞവസാനിപ്പിക്കയ ല്ലാതെ, സമരാഗ്നികുണ്ഡത്തിൽ ചെന്നുചാടി ആരും നശിച്ചുപോകാൻ ഇടവരികയില്ലല്ലോ.

ശീതയുദ്ധവും, യുദ്ധഭീതിയും ലോകരംഗത്തുനിന്നു ഇങ്ങിനി വരാതവണ്ണം തിരോഭവിക്കയും, നിരായുധീ കരണം സാർവ്വത്രികവും സംപൂർണ്ണവുമായിത്തീരുകയും ചെയ്യട്ടെ എന്നുതന്നെ സങ്കല്പിക്കുക; എന്നാലും സമരമുഖ ത്തുനിന്നു വിരമിക്കുവാനോ, പട്ടാളശേഖരം പിരിച്ചു വിടുവാനോ ആയുധസജ്ജീകരണം നിറുത്തിക്കളയുവാ നോ നിവൃത്തിയില്ലാത്ത ഒരു മഹാസാമ്രാജ്യം ഭൂമിയിലു ണ്ടെന്നോർക്കണം—കത്തോലിക്കസഭ. സമരമെന്നും സൈന്യമെന്നും ആയുധശേഖരമെന്നും മററും കേൾക്കു മ്പോൾ ആരും ഭയപ്പെട്ടമ്പരന്നു പോകേണ്ടതില്ല. അക്രമപരമായതൊ, മാരകായുധങ്ങൾ ഉപയോഗിച്ചു ള്ളതോ, ചോരപ്രളയത്തിനിടനൽകുന്നതോ ആയ

ഒരു യുദ്ധമല്ല അതു്. ഒരുവേള അക്രമവിധേയരായി രക്തം ചിന്തേണ്ടിവരുന്നുണ്ടെങ്കിൽ അതു സ്വന്തം പ്രജകളും യോദ്ധാക്കളും മാത്രമായിരിക്കും. കേവലം ധാമ്മികമായൊരു യുദ്ധം; ധാമ്മികവും ആദ്ധ്യാത്മികവുമായ ആയുധം മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പോരാട്ടം. പ്രസ്തുത സാമ്രാജ്യം മുളയെടുത്ത വിനാഴികമുതൽ ആരംഭിച്ചതത്രെ സന്ധിയറിയാത്ത ആ മഹാസമരം; ലോകാവസാനംവരെ അതു നീണ്ടുനില്ക്കയും ചെയ്യും. സത്യദൈവത്തെ അറിയുകയും അംഗീകരിച്ചാരാധിക്കയും ചെയ്യാത്തവനായി ആരെങ്കിലും അവശേഷിക്കുന്നിടത്തോളം കാലം, പാപവും തിന്മയും അസത്യവും അധമ്മവും അനീതിയും ജനപദങ്ങളുടെ മേൽ ദുഷ്പ്രഭുത്വം നടത്തുന്നിടത്തോളംകാലം ക്രൈസ്തവ സഭയ്ക്കു പോർക്കളത്തിൽനിന്നു പിൻവാങ്ങാൻ നിവൃത്തിയില്ല.

സാമ്രാജ്യാധിനായകനും സേനാപതിയുമായ ക്രിസ്തുവിൻെറ പരസ്യജീവിതമത്രയും ഒരു നിരന്തരപോരാട്ടമായിരുന്നു—പാപത്തിനും തിന്മയ്ക്കുമെതിരായുള്ള വിട്ടുവീഴ്ചയില്ലാത്ത സമരം. പോർക്കളത്തിൽ ആ സേനാനി മുറിവേററുവീണു; ചോരപുരണ്ടു മരണമടഞ്ഞു; പക്ഷെ, വിജിഗീഷുവായി ഉയിത്തെഴുന്നേററു. അവിടുന്നു തൻെറ ഉപസേനാനായകന്മാർക്കു നൽകിയ ആജ്ഞ ഇതാണ്: "നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ; പിതാവിൻെറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ; ഞാൻ ആജ്ഞാപിച്ചിട്ടുള്ളതെല്ലാം അനുഷ്ഠിക്കുവാൻ അവരെ അഭ്യസിപ്പിച്ചാലും." (മത്താ. 28, 19) ഈ സമരാഹ്വാനം ശിരസാ വഹിച്ചുകൊണ്ടു് അടർക്കളത്തിലിറങ്ങുന്നവരുടെ അനന്തരഗതിയെന്തായിരിക്കുമെന്നും സംശയത്തിനിടം നല്കാത്തവിധം അവിടുന്നു് പ്രവചിക്കയുണ്ടായി: "കണ്ടാലും ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ മദ്ധ്യേ കുഞ്ഞാടുകളെപ്പോലെയാണയക്കുന്നതു്."

ക്രിസ്തുരാജൻെറ കൊടിക്കീഴിൽ അണിനിരക്കുന്നവരെല്ലാം അവിടത്തെ സാമ്രാജ്യസംരക്ഷണത്തിനും വിസ്തൃതിയ്ക്കുമായി ധീരധീരം അടരാടുവാൻ കടപ്പെട്ടവരാണ്. സകല ക്രിസ്ത്യാനികളും അവിടത്തെ സൈനികരത്രെ. സ്ഥൈര്യലേപനം അതാണല്ലോ സൂചിപ്പിക്കുന്നതു്. എന്നാൽ മുന്നണിയിൽ നിന്നു് സമരം നയിക്കയും യുദ്ധമുറകൾ ആവിഷ്ക്കരിക്കയും നയപരിപാടികൾ നിർദ്ദേശിക്കയും ചെയ്യുവാൻ ഉദ്യോഗവശാൽ ചുമതലപ്പെട്ടവർ പുരോഹിതന്മാരാണ്. സെൻറ്പോൾ ആദ്യശതകത്തിൽ തിമോത്തിയ്ക്കു നൽകിയ ഉൽബോധനം നോക്കുക: "ഈശോമിശിഹായുടെ സമത്ഥ യോദ്ധാവിനെപ്പോലെ പ്രയത്നിച്ചാലും." (2 തി. 2, 3.)

നാരകീയശക്തികളുടെ പ്രബലസങ്കേതങ്ങളെ അടിച്ചുടയ്ക്കുവാൻ വേണ്ടിയാണല്ലോ ക്രിസ്തു ഭൂമിയിൽ അവതരിച്ചതു്. പിശാചിൻെറ പ്രവത്തനങ്ങളെ തകക്കുവാൻ വേണ്ടിയത്രേ ദൈവകുമാരൻ പ്രത്യക്ഷപ്പെട്ടതു്." (1 യോ. 3, 8). ആകയാൽ പാതാളപ്രഭുക്കളും തൽകിങ്കരഗണവും അവിടത്തേയ്ക്കും അവിടത്തെ സാമ്രാജ്യത്തിനുമെതിരായി അനവരതം അണി നിരക്കും; അവരുടെ ഉഗ്രമായ പ്രതികാരാഗ്നിക്കു ക്രിസ്തുവിൻെറ സേനാനികളായ പുരോഹിതന്മാർ എന്നും എവിടെയും പാത്രമായിക്കൊണ്ടിരിക്കും. സഭാചരിത്രത്തിൽ ഇപ്പറഞ്ഞതിനുദാഹരണങ്ങൾ സുലഭമായി കാണാം. "സുവിശേഷ സംരക്ഷണത്തിനായിട്ടാണു ഞാൻ നിയമിക്കപ്പെട്ടിട്ടുള്ളതു്," എന്നു പുറജാതികളുടെ പ്രേഷിതപ്രവരനോടൊപ്പം ഓരോ ക്രൈസ്തവ വൈദികനും സാഭിമാനം അവകാശപ്പെടുവാൻ സാധിക്കണമെങ്കിൽ, ക്രിസ്തുവിനും അവിടത്തെ സഭയ്ക്കും എതിരായി അന്നന്നു് രംഗപ്രവേശം ചെയ്യുന്ന അന്ധകാരശക്തികളെ പ്രതിരോധിക്കുവാനും ജയിച്ചടക്കുവാനും ദത്തശ്രദ്ധനും ദൃഢബദ്ധനുമായിരുന്നേ കഴിയൂ.

---

"ഒരുപക്ഷേ നാം വേദസാക്ഷികളാകണമെന്നായിരിക്കും ദൈവഹിതം. അതിനാൽ നാടകത്രുപേണയെങ്കിലും നാം അതു പരിചയിക്കണം. സമയം വരുമ്പോൾ പിൻവലിയാതിരിക്കുവാൻ വേണ്ടി ഇപ്പോൾതന്നെ അതു നമുക്കു പരിശീലിക്കാം."

കുരിശിൻെറ വി. യോഹന്നാൻ.

# പരിശുദ്ധ ത്രീത്വത്തിന്റെ നിർമ്മല ലില്ലി

(ഫാദർ ഹെർമൻ, ഒ. സി. ഡി.)

## II പരിശുദ്ധത്രിത്വവും പരിശുദ്ധകന്യകയും

മനുഷ്യാത്മാവിന്റെ സാദൃശ്യത്തെ ഉപയോഗപ്പെടുത്തി പരിശുദ്ധത്രീത്വമെന്ന പരമരഹസ്യത്തിന്റെ ഒരു ലഘുവായ വിവരണം നൽകുകയാണല്ലോ മുൻലേഖനത്തിൽ *ചെയ്തതു്. ഇനി ആ മഹാരഹസ്യത്തെ മറിയംവഴി ധ്യാനിക്കുവാൻ നമുക്കൊന്നു ശ്രമിക്കാം. മറിയം പരിശുദ്ധ ത്രീത്വത്തെ സംവഹിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഒരു സജീവമായ അരുളിക്കയാണെന്നു് പറയാം. മാംസമായ ദൈവവചനത്തിന്റെ ജീവിതരഹസ്യങ്ങളാകുന്ന കനകരശ്മികൾവഴി അവൾ പരിശുദ്ധത്രീത്വത്തിന്റെ അജ്ഞാതരഹസ്യങ്ങളെ നമുക്കു വിശദമാക്കിത്തരുന്നു. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ അവയെല്ലാം വളരെ സംക്ഷിപ്തമായി നമ്മൾ ചൊല്ലുന്നുണ്ടല്ലോ. അതിൽ പരിശുദ്ധ ത്രീത്വത്തിലെ ആരാധ്യപുരുഷന്മാരുടെ ദിവ്യനാമങ്ങളുടെയിടയിൽ സമ്മിളിതമായിട്ടാണു് മറിയത്തിന്റെ മധുരനാമം നാം ഉച്ചരിക്കുന്നതു്. പരിശുദ്ധത്രീത്വത്തിന്റെ അന്തരീക്ഷത്തിലാണു് അവൾ അതിൽ പ്രത്യക്ഷയാകുന്നതെന്നു പറയാം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സന്നിധിയിൽ അവൾ കേവലം ഒരാഗന്തുകയല്ല. അവൾക്കവിടെ അത്യന്തം സരളവും അഭേദ്യവുമായ ഒരു കുടുംബബന്ധമുണ്ടു്. പിതാവിന്റെ പുത്രിയും പുത്രന്റെ മാതാവും പരിശുദ്ധാത്മാവിന്റെ പ്രിയതമയുമാണവൾ. തിരുസ്സഭയുടെ ആരംഭംമുതൽക്കേ എല്ലാക്കാലങ്ങളിലും വിശ്വാസികൾ ഹർഷപൂരിതരായി ഇങ്ങനെ വിശ്വാസപ്രഖ്യാപനം ചെയ്യുന്നു: "ആകാശവും ഭൂമിയും സൃഷ്ടിച്ച സർവശക്തനായ പിതാവിൽ ഞാൻ വിശ്വസിക്കുന്നു. തന്റെ ഏകപുത്രൻ നമ്മുടെ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ജനിക്കപ്പെട്ടു കന്യകാമറിയത്തിൽനിന്നു പിറന്നു;..." പിതാവിന്റെ ഏകജാതൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കന്യകാമറിയത്തിൽനിന്നു പിറന്നുവെന്നതാണു് പരിശുദ്ധത്രീത്വത്തിന്റെ നിർമ്മലലില്ലിയുടെ മാഹാത്മ്യങ്ങൾക്കെല്ലാം നിദാനം! ഈശോ തന്നിൽ നിന്നു പിറന്നതുകൊണ്ടാണു് പരിശുദ്ധകന്യകയ്ക്കു ദൈവയാളുകൾ മൂവരുമായി അന്യാദൃശമായ ബന്ധം സിദ്ധിച്ചതു്.

അഗ്രേദായിലെ മറിയമെന്ന വാഴ്ത്തപ്പെട്ടവൾ, പരിശുദ്ധകന്യകയേക്കുറിച്ചു ദൈവം നിത്യതയിൽ ചെയ്ത ആലോചനകൾ വിസ്മയനീയമായ വിധം വിവരിച്ച ശേഷം ലോകത്തിലേക്കുള്ള അവളുടെ ആഗമനത്തേക്കുറിച്ചു് ഇങ്ങനെ പറയുന്നു: "പരിശുദ്ധത്രീത്വത്തിലെ മൂന്നാളുകൾ തമ്മിൽ ഇങ്ങനെപറഞ്ഞു: മനുഷ്യാവതാരരഹസ്യത്തിൽ ദൈവവചനത്തിന്റെ മാതാവാകേണ്ട മറിയത്തെ സൃഷ്ടിക്കേണ്ടതിനെ സംബന്ധിച്ചു നമ്മുടെ നിത്യനിശ്ചയം പ്രാവർത്തികമാക്കേണ്ട സമയം ഇതാ സമാഗതമായിരിക്കുന്നു. അവൾ നമ്മുടെ അനന്തശക്തിയുടെ ഒരന്യാദൃശശില്പമായിരിക്കണം. അവൾ നമ്മുടെ ആദരവിന്റെയും സംതൃപ്തിയുടെയും ആസ്പദവും നമ്മുടെ ദൈവത്വത്തിന്റെ സർവോപരി സമ്പൂർണ്ണമായ ഛായയുമായിരിക്കണം. നരകസർപ്പത്തിന്റെ വിഷം യാതൊരു വിധത്തിലും അവളെ സ്പർശിച്ചുപോകരുതു്. മനുഷ്യാവതാരരഹസ്യത്തിന്റെ ശുശ്രൂഷികയാകേണ്ട അവൾ സകല മാലിന്യങ്ങളിൽനിന്നും വിമുക്തയായിരിക്കേണ്ടതു അത്യന്താപേക്ഷിതമാണു്. കൂടാതെയും മനുഷ്യനാകുന്ന ദൈവവചനം, ഭൂമിയിൽ അമ്മയെന്നു വിളിക്കുന്നവളും സ്വർഗ്ഗത്തിൽ പിതാവെന്നു വിളിക്കുന്നവനും തമ്മിൽ ആവുന്നിടത്തോളം ആനുരൂപ്യവും സാദൃശ്യവുമുണ്ടായിരിക്കണം. ആകയാൽ സർവപരിപൂർണ്ണതയും അവളിൽ നിറഞ്ഞിരിക്കണം; സർവപരിശുദ്ധിയാലും അവൾ അലംകൃതയുമായിരിക്കണം...

"...അനുഗ്രഹീതയായ ആ ആത്മാവിനെ സൃഷ്ടിച്ച സമയം, ആദത്തെ സൃഷ്ടിച്ചപ്പോഴത്തേതിലുമധികം ആദരവോടുകൂടെ പരിശുദ്ധ ത്രീത്വം ഇങ്ങനെ ഉദീരണം ചെയ്തു. നമ്മുടെ ഛായയിലും സാദൃശ്യത്തിലും നമുക്കു

* 1958 ജൂലായ് ലക്കം, പു.86.

മറിയത്തെ സൃഷ്ടിക്കാം. പിതാവിൻെറ ഏകജാതനു യോഗ്യമാതാവാകത്തക്കവണ്ണം അവളെ നമ്മുടെ സാക്ഷാൽ പുത്രിയും നമ്മുടെ സാക്ഷാൽ പ്രേയസിയുമാക്കിത്തീർക്കാം. അങ്ങനെ അവളെ ഉരുവാക്കിയശേഷം, ആദിയിൽ ഭൗമ്യ പറുദീസായെക്കുറിച്ചെന്നതിനേക്കാൾ വളരെയധികം സംതൃപ്തിയോടുകൂടെ, "മറിയം പരമസുന്ദരിയായിരിക്കുന്നു" എന്നു പറഞ്ഞു. അവൾ ജന്മപാപത്തിൻെറ മാലിന്യത്തിൽനിന്നു വിമുക്തയായിരുന്നുവെന്നു മാത്രമല്ല, സകല മോക്ഷവാസികൾക്കും കൂടെ ഒന്നിച്ചുപ്രാപിക്കാൻ പാടുള്ളതിലും മാനവഭാഷയ്ക്കു വിവരിക്കാൻ കഴിവുള്ളതിലും ഉന്നതമായ പദവിയിൽ, സകല ദൈവദാനങ്ങളാലും അലംകൃതയായി പ്രശോഭിച്ചിരുന്നു.

"....അവളുടെ ബുദ്ധി അനന്തതയോടടുത്തു വരുന്ന ഒരു നിവേശിത വിജ്ഞാനത്താൽ അലംകൃതമായിരുന്നു. ദൈവത്വത്തേയും പരിശുദ്ധ ത്രീത്വത്തേയും മനുഷ്യാവതാരത്തേയും മനുഷ്യോദ്ധാരണത്തേയും സംബന്ധിച്ച രഹസ്യങ്ങൾ അവൾ ഗ്രഹിച്ചിരുന്നു; അതുപോലെ തന്നെ സ്വർഗ്ഗവും നരകവും പാതാളവും ശുദ്ധീകരണസ്ഥലവും, ചുരുക്കിപ്പറഞ്ഞാൽ ദൈവമഹത്വത്തെ വെളിപ്പെടുത്തുന്ന സ്വാഭാവികവും അതിസ്വാഭാവികവുമായ സകല വിഷയങ്ങളും അവൾക്കു സുജ്ഞാതങ്ങളായിരുന്നു. അവളുടെ ഹൃദയം പരിശുദ്ധാത്മാവിൻെറ ദാനങ്ങളാലും സകല പുണ്യങ്ങളാലും അത്യന്തം മഹോന്നതമായ പദവിയിൽ നിറഞ്ഞിരുന്നു. മാലാഖമാർക്കും ആദാമിനും ഹവ്വായ്ക്കും അവരുടെ സൃഷ്ടിയുടെ ആദ്യനിമിഷം മുതൽ തങ്ങളുടെ ആത്മശക്തികളെ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ പരിശുദ്ധ കന്യകയ്ക്കും അതു സാധിക്കേണ്ടിയിരുന്നുവെന്നു കരുതുവാൻ കൂടുതൽ ന്യായമുണ്ട്; എന്തുകൊണ്ടെന്നാൽ അവൾ മററുസൃഷ്ടികൾക്കു തുല്യമായിരുന്നാൽ മാത്രം പോരല്ലൊ, എല്ലാവരേയും അതിശയിക്കയും കൂടെ വേണമല്ലൊ."

മനുഷ്യവംശത്തിൻെറ ഉദയത്തിൽതന്നെ ആദത്തിൻെറ പാപം നിമിത്തം പരിശുദ്ധ ത്രീത്വത്തിനു വലിയൊരപമാനമാണല്ലൊ നേരിട്ടതു്. ആദിമനുഷ്യൻെറയും അയാളുടെ സന്തതികളുടെയും പാപം തനിക്കു വരുത്തിവച്ച നഷ്ടത്തെ തൻെറ വല്ലഭത്തിൻെറയും തൻെറ ജ്ഞാനത്തിൻെറയും സ്നേഹത്തിൻെറയും വിജയമകുടമായ മറിയത്തിൻെറ സൃഷ്ടിവഴിയായി അവിടുന്നു പരിഹരിക്കാതിരിക്കുമോ?

ഓ മറിയമേ! സകല സൃഷ്ടികളിലുംവച്ചു് അത്യുന്നതന്നു് ഏററം സംതൃപ്തി നൽകുന്നവളും, പരിശുദ്ധ ത്രീത്വത്തോടു് ഏററം സാമ്യമുള്ളവളും നീയായിരിക്കയാൽ, പരിശുദ്ധത്രീത്വം കഴിഞ്ഞാൽ ഞങ്ങളുടെ സ്നേഹത്തെ ഏററവും അർഹിക്കുന്നതു് നീ തന്നെയാണല്ലൊ. "ത്രീത്വകന്യക" ( Virgo Trinitaria ) എന്നു നിന്നെ അഭിസംബോധന ചെയ്യുന്നതിൽ ഞങ്ങൾക്കു് അതീവമായ സന്തുഷ്ടിയുണ്ടു്. "സ്വർഗ്ഗത്തിൻെറ വാതിലും" നീതന്നെയാണല്ലൊ. അതിൽകൂടെ കടന്നാണു് ദൈവത്തിൻെറ ജീവിതം ഞങ്ങളുടെയുള്ളിലും, ഞങ്ങളുടെ ആത്മാവാകുന്ന സ്വർഗ്ഗത്തിൽ ഞങ്ങളുടെ ജീവിതം ദൈവത്തിലും ഞങ്ങൾ ജീവിക്കുന്നതു്.

മറിയത്തിൻെറ മഹിമകളും വിശേഷവരങ്ങളും പഠിച്ചറിഞ്ഞാസ്വദിക്കുവാൻ നമ്മുടെ ബുദ്ധിയും ഹൃദയവും എന്തുമാത്രം ഉൽസാഹിക്കുമോ അത്രയ്ക്കും പരിശുദ്ധ ത്രീത്വത്തിൻെറ അഗാധതയിലേക്കു് നമ്മെ ആഴ്ത്തുവാൻ അവളും താല്പര്യപ്പെടും. പരിശുദ്ധ ത്രീത്വത്തെ ആരാധിക്കുവാനും, സ്തുതിക്കുവാനും നിഷ്കളങ്കമായ—സ്വാർത്ഥതയുടെ ലവലേശമില്ലാത്ത—സ്നേഹത്താൽ സ്നേഹിക്കുവാനും അവൾ നമ്മെ അഭ്യസിപ്പിക്കും; പരിശുദ്ധ ത്രീത്വത്തിൻെറ സ്നേഹമടിയിൽ നാം നിത്യവിശ്രമം പ്രാപിക്കേണ്ടുന്ന നമ്മുടെ അന്ത്യവിനാഴികവരെയും അവൾ നമ്മെ തൻെറ മാതൃകരങ്ങളിൽ വഹിച്ചുകൊള്ളുകയും ചെയ്യും!

മറിയത്തിൻെറ നേർക്കു സവിശേഷമായ ഭക്തി പ്രദർശിപ്പിച്ചിട്ടുള്ള മഹാവിശുദ്ധന്മാരും പ്രശസ്തരായ വേദശാസ്ത്രജ്ഞന്മാരും "ത്രീത്വകന്യക" എന്ന സംജ്ഞയെ നമുക്കു ഉപരി വിശദീകരിച്ചുതരട്ടെ:

വി. ബെർണ്ണാർദ്ദ്, മറിയത്തെ സൂര്യനാൽ സമാലംകൃതയെന്നവണ്ണം ദർശിച്ചുകൊണ്ടു്, ദൈവത്വത്തിൻെറ അഗ്രാഹ്യങ്ങളായ അഗാധതലങ്ങൾ അവൾക്കു സുപരിചിതങ്ങളാണെന്നും, ദൈവവുമായി ആളിന്നുവരെ ഐക്യം സിദ്ധിച്ചിട്ടില്ലാത്ത ഒരു സൃഷ്ടിയുടെ അവസ്ഥ അനുഭവിക്കുന്നിടത്തോളം ദൈവപ്രകാശത്തിൻെറ അഗമ്യമായ പ്രതാപത്താൽ അവൾ പരിവേഷിതയാണെന്നും സമർത്ഥിക്കുന്നു.

സിയെന്നായിലെ വി. ബെർണ്ണർഡിൻ പറയുന്നു: "മറിയത്തിൻെറ രാജ്യം ത്രീത്വത്തിൻേറതിനോളം തന്നെ വിപുലമാണു്; ആകാശം ഭൂമി പാതാളമെന്ന ത്രീലോകങ്ങൾക്കും അവൾ റാണിയാണു്."

വി. ഗ്രിഞ്ഞോൺ ഡി മോണ്ട് ഫോർട്ട്: "മറിയം പരിശുദ്ധ ത്രീത്വത്തിന്റെ പവിത്രാഗാരവും വിശ്രമ സ്ഥാനവുമാകുന്നു; ദൈവം ഇത്രമാത്രം മഹത്വത്തോടെ വാഴുന്ന ഒരു രാജ്യം വിശ്വത്തിലെങ്ങുമില്ല; ജ്ഞാനാധിക്യർ, ഭക്തിജ്വാലകർ മുതലായ വാനവഗണങ്ങളിൽപോലുമില്ല. ദൈവത്തിന്റെ പറുദീസായും അവർണ്ണ്യമായ തന്റെ ആനന്ദപ്രപഞ്ചവുമാണു മറിയം." അദ്ദേഹം തുടരുന്നു: "പിതാവായ ദൈവം ജലത്തെയെല്ലാം സഞ്ചയിച്ചു സമുദ്രം (ma'ria) എന്നു പേരു കൊടുത്തു; (സൃഷ്ടി 1, 10) അതുപോലെ സകല വരപ്രസാദങ്ങളെയും സമാഹരിച്ചു മറിയം (Maria) എന്നും നാമകരണം ചെയ്തു. ദൈവത്തിനൊരു മഹാനിധി അഥവാ ധനശേഖരമുണ്ട്. തനിക്കു സ്വായത്തമായ സകല വിശിഷ്ട വിഭവങ്ങളെയും, സുന്ദരവും പ്രഭാപൂരിതവും അമൂല്യവുമായ സകലത്തെയും, തന്റെ വത്സലപുത്രനെത്തന്നെയും താൻ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മഹാനിധി മറിയമല്ലാതെ മറ്റൊന്നുമല്ല. തന്നിമിത്തം വിശുദ്ധന്മാർ മറിയത്തെ ദൈവത്തിന്റെ നിധിയെന്നു വിളിക്കുന്നു. ആ നിധിയുടെ പൂർണ്ണതയിൽ നിന്നാണു മാനവവംശം സമ്പുഷ്ടി പ്രാപിക്കുന്നതു്—പുത്രനായ ദൈവം തന്റെ മനുഷ്യജീവിതത്താലും മരണത്താലും സമ്പാദിച്ചവയും, തന്റെ പുണ്യയോഗ്യതകളും സുകൃതസമ്പത്തുമെല്ലാം തന്റെ അമ്മയെ ഭരമേല്പിച്ചിരിക്കുന്നു; പിതാവിൽനിന്നു തനിക്കവകാശമായി സിദ്ധിച്ചിട്ടുള്ള സർവ നിധികളും സൂക്ഷിക്കുന്നതു് അവളാണ്. തന്റെ യോഗ്യതകളും സുകൃതങ്ങളും കൃപാവരങ്ങളും തന്റെ മൗതികശരീരത്തിന്റെ അംഗങ്ങൾക്കായി വിതരണം ചെയ്യുന്നതും അവളല്ലാതെ മററാരുമല്ല; അവിടുന്നു തന്റെ കരുണാജലത്തെ സമൃദ്ധിയായും സുഗമമായും നമ്മിലേക്കു പ്രവഹിപ്പിക്കുന്ന നീർച്ചാലുമാണു മറിയം എന്നു പറയാം. പരിശുദ്ധാത്മാവായ ദൈവം തന്റെ അവർണ്ണ്യങ്ങളായ ദാനങ്ങളെല്ലാം അവിടുത്തെ വിശ്വസ്ത മണവാട്ടിയായ മറിയത്തിനു നൽകിയിരിക്കുന്നു; തനിക്കുള്ളതെല്ലാം വിതരണം ചെയ്യുന്ന കൃത്യം നിർവഹിക്കുവാനാണ് അവിടുന്നവളെ തെരഞ്ഞെടുത്തിരിക്കുന്നതു്. തന്റെ ദാനങ്ങളും വരപ്രസാദങ്ങളുമെല്ലാം അവൾക്കിഷ്ടമുള്ളവർക്കും, ഇഷ്ടമുള്ളിടത്തോളവും, ഇഷ്ടമുള്ളവിധത്തിലും, ഇഷ്ടസമയത്തും വിതരണം ചെയ്യുവാൻ അവൾക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട് മറിയത്തിന്റെ കരങ്ങൾ വഴിയല്ലാതെ യാതൊരു സ്വർഗ്ഗീയദാനവും അവിടുന്നു മനുഷ്യർക്കു നൽകുന്നില്ല."

ഇനി ഏതാനും വേദശാസ്ത്രജ്ഞന്മാരുടെ പ്രസ്താവങ്ങൾ നമുക്കു ശ്രവിക്കാം:—

"മറിയത്തിനു് ഈശോയുടെ മനുഷ്യസ്വഭാവത്തോടും തന്റെ തിരുഹൃദയത്തോടും, തന്റെ പൗരുഷത്തോടുമുള്ള സാമീപ്യം അവർണ്ണനീയമാണ്, ഈശോ വഴി പിതാവിനോടും പരിശുദ്ധാത്മാവിനോടും, അനന്ത പരിശുദ്ധിയോടും, അനന്തനന്മയോടും, അനന്തസ്നേഹത്തോടും, അന്യാദൃശമായ ബന്ധം അവൾക്കുണ്ട്."

(Mgr. Sauve')

"മറിയം പരിശുദ്ധത്രീത്വത്തിനായി പവിത്രീകരിക്കപ്പെട്ടവളും, സമർപ്പിക്കപ്പെട്ടവളുമാണ്. അവളുടെ സൃഷ്ടിയും ഉദ്ധാരണവും വിശുദ്ധീകരണവുംവളരെ പ്രത്യേകമായവിധത്തിലായിരുന്നു. ദൈവത്തിന്റെ സാക്ഷാൽ രാജ്യമാണവൾ....ദൈവത്തിനു മറിയത്തോടുള്ള ബന്ധത്തെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, പരിശുദ്ധത്രീത്വത്തിന്റെ ഹൃദയത്തിൽനിന്നു് മൂന്നു സ്നേഹധാരകൾ ഈ വിസ്മയനീയസൃഷ്ടിയുടെമേൽ പ്രവഹിക്കുന്നതായി നമുക്കു കാണാം....അവൾക്കു പിതാവു തന്റെ കൈകളും, പരിശുദ്ധാത്മാവു തന്റെ ഹൃദയവും, പുത്രൻ തന്റെ രക്തവും നൽകുന്നു."

(Mgr. Gay)

"ദൈവത്തിന്റെ അമ്മയെന്നനിലയിൽ പരിശുദ്ധത്രീത്വവുമായി ബന്ധപ്പെടുക എന്ന അനിതരസാധാരണമായ മഹിമയാണു മറിയത്തിനു സിദ്ധിച്ചതു്. ഓറശ്ലത്തെ എസിക്കിയൂസ് എന്ന സഭാപിതാവു പറയുന്നതുപോലെ, ദൈവമാതൃത്വംമൂലം മറിയം പരിശുദ്ധത്രീത്വത്തിന്റെ ഒരു പരിപൂരണം (Complement) ആയിട്ടാണു പരിണമിച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അവളുടെ സാന്നിദ്ധ്യമുണ്ടായപ്പോൾ ദൈവപുത്രനു് ഒരമ്മയേയും കൂടെ ലഭിച്ചു. പോരെങ്കിൽ മനുഷ്യകുടുംബങ്ങൾക്കെല്ലാം അത്യുത്തമ ആദർശമായ പരിശുദ്ധത്രീത്വമെന്ന ദൈവകുടുംബത്തിൽ ഒരമ്മയ്ക്കുംകൂടെ സ്ഥാനമുണ്ടായിരിക്കുക എന്നതു് അത്യന്തം ഉചിതവുമാണല്ലൊ." (Canon Viola)

"മറിയത്തിൽ സ്തുത്യർഹമായിട്ടുള്ളതെല്ലാം പരിശുദ്ധത്രീത്വത്തിനു സ്തുതിയാണ്; പിതാവിന്റെ വത്സലകന്യകാപുത്രിയും, പുത്രന്റെ സ്നേഹമാതാവും പരിശുദ്ധാത്മാ

# റൊങ്കാളി കുടുംബം

( ജി. സി. ടീലർ )

മിലാൻ അതിരൂപതയിൽ ആൽപ്സ് പർവ്വതത്തിന്റെ അടിവാരത്തു സ്ഥിതിചെയ്യുന്ന ഒരു കൊച്ചു കുടുംബമാണ് റൊങ്കാളി. പ്രതാപവും പ്രശസ്തിയും ആ കുടുംബത്തിനു നേടിക്കൊടുക്കുവാൻ പററിയ മഹാന്മാർ ഒരുത്തരും തന്നെ അവിടെ ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽ അവിടുത്തെ ജനനമരണങ്ങളൊ വിവാഹങ്ങളോ പത്രങ്ങളുടെ വാർത്താപംക്തികളിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. എന്നാൽ 1958 നവംബർ 3-ാംനു റൊങ്കാളി കുടുംബം പത്രപംക്തികളിൽ ഇദംപ്രഥമമായി പ്രത്യക്ഷപ്പെട്ടു. പണ്ഡിതന്മാരുടെയും ലേഖകന്മാരുടെയും ദൃഷ്ടികളിൽ ചാടിവീഴുവാൻ ഭാഗ്യമില്ലാതെ ഇതുവരെയും കഴിഞ്ഞുകൂടിയിരുന്ന ആ കുടുംബക്കാരെ റിപ്പോർട്ടറന്മാർ അനുധാവനം ചെയ്യുവാൻ തുടങ്ങി. ഒരു ലേഖകനു് 75 വയസ്സുകാരൻ സവേറിയോയെ അയാളുടെ അകൃത്രിമമായ വേഷത്തിൽ ഒന്നുകാണണം. പണിക്കുവേണ്ടി വയലിലേക്കു പോകുമ്പോൾ അയാൾ ഉടുക്കാറുള്ള വസ്ത്രങ്ങൾ അണിഞ്ഞു്, ഒരു കൊട്ടനിറയെ പച്ചക്കറി സാമാനങ്ങൾ മുതുകത്തു തൂക്കി നിറത്തി ഭാരംകൊണ്ടു് അല്പം കുനിഞ്ഞു് നടക്കുവാൻ തുടങ്ങിയപ്പോൾ സവേറിയോ ചിത്രത്തിലായി.



(ലേഖകൻ)

തങ്ങളുടെ പ്രിയപ്പെട്ട ആഞ്ചലോ ജോസഫ് മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു എന്നു കേട്ടപ്പോൾ അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാർക്കു് അത്ഭുതാനന്ദങ്ങളുടെ ഒരു വിളവെടുപ്പുതന്നെയുണ്ടായി. വിശക്കുന്നവരുടെയും നഗ്നരുടെയും സംരക്ഷികയാണു കത്തോലിക്കാ സഭയെന്നും ഏതൊരു വിനീതനും സഭയുടെ പരമോന്നതമായ പരമാദ്ധ്യക്ഷപീഠത്തിൽ ചെന്നെത്തുവാൻ പാടുണ്ടെന്നും അറിഞ്ഞുകൂടാത്തവർ അധികം ഉണ്ടായിരിക്കയില്ലെങ്കിലും സത്യത്തിന്റെ നേരെ ചോദ്യചിഹ്നം വരച്ചുവയ്ക്കുന്ന മതദ്വേഷികളാണു് ഇന്നെവിടെയും. മുതലാളികളുടെ മൂടുതാങ്ങിയാണു കത്തോലിക്കാസഭയെന്നു നിരന്തരം ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരെയും ഞെട്ടിപ്പിച്ചു ആ തെരഞ്ഞെടുപ്പു്. എന്തു പറയേണ്ടു എന്നറിയാതെ അവർ സ്തംഭിച്ചുനിന്നുപോയി. പിന്നെ അവർ രണ്ടുതരത്തിലും പറഞ്ഞു. ജോൺഫോസ്ററർ

---

വിന്റെ പ്രിയതമയുമെന്നനിലയിൽ പിതാവിന്റെ സർവ്വശക്തിയും, പുത്രന്റെ അനന്തജ്ഞാനവും, പരിശുദ്ധാത്മാവിന്റെ അനന്തസ്നേഹവും അവൾക്കു സ്വായത്തമാണു്. ഇവയെല്ലാം ആസ്പദമായ പരിശുദ്ധകന്യകയെ ദർശിക്കുമ്പോൾ, സമസ്തലോകത്തെയും സൃഷ്ടിച്ചശേഷം അവയെ നോക്കിക്കൊണ്ടു ദൈവം പറഞ്ഞതുപോലെ പരിശുദ്ധത്രീത്വം ഉൽഘോഷിക്കയാണു്: "മറിയം പരമസുന്ദരി"തന്നെ എന്നു്." (R. P. Clovis)

"ത്രീത്വകന്യക" എന്ന സംജ്ഞ നമുക്കത്യന്തം പ്രിയംകരമായിരിക്കട്ടെ. അവളുടെ വല്ലഭവും അവളുടെ ജ്ഞാനവും അവളുടെ സ്നേഹവും നമ്മിൽ അധികമധികം സ്വാധീനം ചെലുത്തട്ടെ. മററുള്ളവരും അവളെ സ്നേഹിക്കത്തക്കവിധത്തിൽ, അവളുടെ നേർക്കുള്ള നമ്മുടെ സ്നേഹം അവരിലേക്കും നാം പ്രവഹിപ്പിക്കണം. അവൾ അർഹിക്കുന്നവിധത്തിൽ അവളെ സ്തുതിക്കുവാൻ നമുക്കൊരിക്കലും സാധിക്കുന്നതല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും അവൾക്കു നൽകിയിരിക്കുന്ന മഹോന്നതവരങ്ങളേയും അളവററ ദാനങ്ങളേയുംകുറിച്ചു സമഗ്രമായി പഠിക്കാനും നമ്മൾ അപ്രാപ്തരാണു്. അവളുടെ നേർക്കുള്ള നമ്മുടെ ആശ്രയബോധവും ഭക്തിതീക്ഷ്ണതയും ഒരിക്കലും സമ്പൂർണ്ണമാകയുമില്ല.

ഡള്ളസിൻെറ സ്വാധീനം കൊണ്ടാണ് കർദ്ദിനാളന്മാർ ജോസഫ് റൊങ്കാളിയെ തിരഞ്ഞെടുത്തതെന്ന് അവർ ആദ്യഘട്ടത്തിൽ പ്രചരണം നടത്തി. ലോകസമാധാനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിൻെറ ആദ്യത്തെ പ്രസംഗം പുറത്തുവന്നുകഴിഞ്ഞപ്പോൾ അവർ പറഞ്ഞു: "ഇതാ, കാലത്തിനു പററിയ ഒരു മാർപ്പാപ്പാ വന്നിരിക്കുന്നു. അദ്ദേഹത്തിൻെറ കാലത്തു് കമ്മ്യൂണിസവും കത്തോലിക്കാ സഭയും തോൾ ഉരുമ്മിനിന്നു് ലോകസമാധാനത്തിനുവേണ്ടി പ്രവൎത്തിക്കും."

കർദ്ദിനാൾ റൊങ്കാളിയെപ്പററി പല കഥകളാണ് അദ്ദേഹത്തിൻെറ കുടുംബത്തിൽപ്പെട്ടവൎക്കുതന്നെ പറയുവാനുണ്ടായിരുന്നതു്. ജീവിച്ചിരിക്കുന്ന ഒരു സഹോദരി പറഞ്ഞു: "ഞാൻ ഓൎക്കുന്നു ആ സംഭവം. ആഞ്ചലോക്ക് അന്നു പതിനൊന്നു വയസ്സേ ഉണ്ടായിരുന്നുള്ളു. അവനു സെമിനാരിയിൽ പോകണമെന്നു പറഞ്ഞപ്പോൾ അപ്പനും അമ്മയും വളരെ സന്തോഷിച്ചു. വെറും കയ്യോടെ അവനെ സെമിനാരിക്കയക്കുവാൻ അമ്മയ്ക്കൊരു മടി. പണത്തിനു ഞങ്ങൾക്കൊരുവഴിയുമില്ലായിരുന്നു. മകനുവേണ്ടി മററു വീടുകളിൽ പോയി യാചിക്കുവാൻ തന്നെ തീരുമാനിച്ചു, അമ്മ. രണ്ടു മണിക്കൂറുകൾകൊണ്ടു് പല വീടുകൾ അമ്മ കയറി ഇറങ്ങി. എല്ലാംകൂടി കിട്ടിയതു രണ്ടു ലീരാ. അമ്മ അതു് അപ്പൻെറ മുമ്പിൽ വച്ചിട്ടു പൊട്ടിക്കരഞ്ഞതു ഞാൻ ഇപ്പോഴും ഓൎക്കുന്നു. ഇന്നു് എൻെറ ആഞ്ചലോ മാർപ്പാപ്പാ!"

ആ പാവപ്പെട്ട കുടുംബത്തിനു് റോമ്മയിൽ പോകേണ്ട അവസരം അധികം ലഭിച്ചിട്ടില്ല. 1958 നവംബർ 4-ാംനു അവർ വത്തിക്കാൻ അരമനയിൽ ഉണ്ടായിരിക്കണമെന്നു് താൻ ആഗ്രഹിക്കുന്നതായി ആഞ്ചലോ സ്വന്തം കൈപ്പടയിൽ എഴുതിയിരിക്കുന്നു! അവരുടെ താമസത്തിനു് വത്തിക്കാൻ കൊട്ടാരത്തിൻെറ സമീപത്തായി സ്ഥിതിചെയ്യുന്ന "മറിയത്തിൻെറ ഭവനം" എന്ന ഹോസ്റ്റൽ ഒഴിവാക്കി ഇട്ടിരിക്കുന്നു എന്നുമാണെഴുത്തു്. ആ കുടുംബത്തിനു ലഭിച്ച അസുലഭമായ ഭാഗ്യം! സഹോദരന്മാരും സഹോദരിയും അവരുടെ പുത്രപൗത്രാദികളും ബന്ധുജനങ്ങളും റോമ്മയിലേക്കു യാത്രതിരിച്ചു. ആഞ്ചലോ തിരുസഭയുടെ പരമാദ്ധ്യക്ഷപദത്തിലേക്കു ഉയൎന്നെങ്കിലും അദ്ദേഹത്തിൻെറ സഹോദരങ്ങൾ ആ പഴയ കർഷകർ തന്നെ. ഇന്നും അവർ ധനികന്മാരുടെ ഗണത്തിൽ പെടുന്നില്ല. മാർപ്പാപ്പായുടെ സഹോദരങ്ങൾ എന്ന നിലയിൽ അവൎക്കു ലോകത്തിൽ മാന്യമായ ഒരു സ്ഥാനം ലഭിച്ചിരിക്കുന്നു എന്നതു ശരിതന്നെ. അവർ ലോകത്തിൻെറ ശ്രദ്ധാവിഷയമായിത്തീൎന്നിരിക്കുന്നു എന്ന വസ്തുതപോലും അവർ ഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

മിലാനിൽനിന്നും റോമ്മയിലേക്കുള്ള സ്പെഷ്യൽ ട്രെയിനിൽ അവർ ഇരുന്നു. അവരോടുകൂടി യാത്രചെയ്യുവാൻ ആഗ്രഹിച്ചിരുന്ന പല വമ്പന്മാരെയും അവർ നിരാശരാക്കിക്കളഞ്ഞു. മാർപ്പാപ്പായുടെ ചാർച്ചക്കാർ എന്നനിലയ്ക്കു് അവർ ഏററം കൂടിയ ററിക്കററിൽ യാത്രചെയ്യുമെന്നാണു പലരും വിചാരിച്ചിരുന്നതു്. അവൎക്കു ടിക്കററു വാങ്ങിക്കൊടുത്തു് അവരുടെ ഉപകാരികളായി വേഷം അണിയുവാൻ പലരും കൊതിച്ചിരുന്നു. പക്ഷേ സുഖസൗകര്യാദികൾക്കു വേണ്ടി അവർ മററാരുടെയും മുമ്പിൽ നടുവുവളച്ചുനിന്നില്ല. സാധാരണക്കാരൻെറ സൗകര്യങ്ങൾക്കുള്ള വിലയേ അവർ നൽകിയുള്ളൂ. ഒരു സാധാരണക്കാരൻററതിൽ കവിഞ്ഞ വേഷവിധാനങ്ങളൊന്നും അവൎക്കുണ്ടായിരുന്നില്ല. എങ്കിലും അടുത്തിരുന്നവർ അവരെ ചൂണ്ടി അത്ഭുതപ്പെടുന്നുണ്ടായിരുന്നു.

തങ്ങളുടെ പ്രിയപ്പെട്ട ആഞ്ചലോക്ക് കുറെ നല്ല സമ്മാനങ്ങൾ കൊടുക്കുവാൻ അവൎക്കു കരുതലുണ്ടായിരുന്നു. വലിയ വിലകൊടുത്തു് അന്യദേശത്തുനിന്നും എന്തെങ്കിലും വരുത്തുവാൻ മാത്രം സാമ്പത്തികകഴിവ് അവൎക്കുണ്ടായിരുന്നില്ല. ട്രെയിനിൽ ഇരുന്ന ഏവൎക്കും കാണാവുന്ന സമ്മാനങ്ങൾ അവർ ഓരോരുത്തരും വഹിച്ചിരുന്നു—കൊട്ടനിറച്ചു് കായ്കനികളും പഴങ്ങളും.

റോമ്മയിൽ എത്തിയപ്പോൾ മുതൽ അവർ ബഹുമാന്യ അതിഥികളായി. അവരെ കാത്തു് രണ്ടു അമേരിക്കൻ ബസ്സുകൾ റോം ടെർമിനസ്സിൽ കിടപ്പുണ്ടായിരുന്നു. വത്തിക്കാൻ കൊട്ടാരകാൎയ്യക്കാരും ഇററലിയിലെ രാജ്യതന്ത്രപ്രതിനിധികളുംകൂടി അവരെ റെയിൽവേസ്റ്റേഷനിൽ വച്ചു സ്വീകരിച്ചപ്പോൾ സംഭ്രമാധിക്യംകൊണ്ടു് അവർ തളൎന്നുപോയി. എല്ലാം കൂടി അവർ 30 പേരാണുണ്ടായിരുന്നതു്. സഭാധികാരികളുടെയും രാഷ്ട്രീയനേതാക്കന്മാരുടെയും അകമ്പടിയോടുകൂടി ബസ്സിൽ കയറേണ്ടിവന്നപ്പോൾ കൂട്ടിലടക്കപ്പെട്ട കിളികളെപ്പോലെ അവർ നിസ്സഹായരായിരുന്നു. ഗ്രാമീണരുമായിമാത്രം പരിചയിച്ചിരുന്ന റൊങ്കാളി കുടുംബ

ക്കാർ ഒരു മഹാ പട്ടണത്തിലേക്ക് അന്നു നുഴഞ്ഞുകയറുകമാത്രമല്ല ഒരു മഹാജനതയുടെ ശ്രദ്ധാകേന്ദ്രംകൂടിയായിത്തീന്നതു് അവക്കൊരു ശല്യമായിത്തോന്നി. തികച്ചും അപരിചിതമായ വേഷവിധാനങ്ങളും ആഡംബരങ്ങളുമാണ് അവർ വത്തിക്കാൻ പരിസരങ്ങളിൽ കണ്ടതു്. തങ്ങളുടെ ആഞ്ചലോയും ഇങ്ങനെ ബാഹ്യമായും ആന്തരികമായും മാറിപ്പോയിരിക്കുമോ എന്നവർ ഭയപ്പെടുകയുണ്ടായി.

ആശങ്കകളോടുകൂടിയാണ് അവർ സന്ദർശനഹാളിലേയ്ക്കു പ്രവേശിച്ചതു്. അവർ തങ്ങൾക്കു പ്രിയംകരനായ ആഞ്ചലോയെത്തന്നെ കണ്ടു. ആർദ്രഹൃദയനായ ആഞ്ചലോ അന്യരുടെ സങ്കടങ്ങളിലും സന്തോഷങ്ങളിലും കണ്ണുനീർ പൊഴിച്ചുകൊണ്ടാണ് പങ്കുകൊള്ളാറുണ്ടായിരുന്നതു്. രാജ്യതന്ത്രജ്ഞന്മാരുടേയും വലിയവരുടേയും ഇടയിൽ വിനീതരായി നിൽക്കുന്ന തന്റെ ചാർച്ചക്കാരെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഓരോരുത്തരുടേയും ഓമനപ്പേരുകൊണ്ടുതന്നെ സംബോധനചെയ്തിട്ട് അദ്ദേഹം അവരുമായി സമ്മഭാഷണത്തിൽ ഏപ്പെട്ടു. സ്വന്തം വീടും നാടും വിട്ട് വളരെ വിദൂരത്തിലായിപ്പോയി എന്നു സങ്കടപ്പെട്ടിരുന്ന റൊങ്കാളികുടുംബക്കാർക്ക് ജോൺ 23-ാമനുമായുള്ള ആദ്യത്തെ കൂടിക്കാഴ്ച ഒരു കുടുംബാന്തരീക്ഷംതന്നെ സംജാതമാക്കി.

12-ാം പിയൂസിനു ശേഷം ആരു? 1958 ഒക്ടോബർ 8-ാംനു-യ്ക്കു ശേഷം ലോകത്തിന്റെ മുമ്പിൽ ഉയന്നുനിന്നിരുന്ന ആ പ്രശ്നം. വെനീസിലെ പാത്രിയക്കീസിന്റെ നേരെ അധികമാരും ഉന്നം വച്ചില്ല. എവിടെയും അദ്ദേഹം സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു. കർദ്ദിനാളിന്റെ ചെംകുപ്പായങ്ങൾ മാററി ഒരു സാധാരണ വൈദികനെപ്പോലെ കറുത്ത ളോവ ധരിച്ച് എല്ലാ ദിവസവും വൈകുന്നേരം വെനീസിലെ ജനബാഹുല്യം കുറഞ്ഞ തെരുവീഥികളിൽക്കൂടി കാൽനടയായി പോകുന്ന ജോസഫ് റൊങ്കാളി മാർപ്പാപ്പായാകുകയോ! സ്വപ്നത്തിൽപോലും വെനീസുകാർ അതു പ്രതീക്ഷിച്ചിരുന്നില്ല. വേലിയേററംകൊണ്ടു് തെരുവുകളിൽ വെള്ളം പൊങ്ങിയാൽ ഒരു കാപ്പിക്കടയുടെ പുറകിൽക്കൂടി തന്റെ താമസസ്ഥലത്തേയ്ക്കു് ആഞ്ചലോ വേഗം നടന്നിരുന്നതും അവർ ഓക്കുന്നുണ്ടു്. റൊങ്കാളി കർദ്ദിനാൾ ഇനി തിരിച്ചുവരികയില്ല എന്നു കേട്ടപ്പോൾ വെനീസിലെ ഒരു ചായക്കടക്കാരി പറഞ്ഞു: "അദ്ദേഹം എന്തൊരു നല്ല മനുഷ്യൻ! ഈ വഴിക്കു നടന്നുപോകുമ്പോഴെല്ലാം എന്റെ കുട്ടികൾ ഓടിച്ചെല്ലും. ഒരു പിതാവിന്റെ ഭാഷയിൽ അവരോടു സംസാരിക്കുന്നതും കുട്ടികൾ കൊഞ്ചിപ്പറയുന്നതെല്ലാം അദ്ദേഹം ഗ്രഹിക്കുന്നതും കണ്ടു് ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ടു്".

വെനീസ് പാത്രിയക്കീസിന്റെ കൂരിയായിലെ ഒരുദ്യോഗസ്ഥാംഗമാണ് ഗ്വിസെപ്പെ അക്കദിയാക്കോൺ. അദ്ദേഹം പറയുന്നു: "നന്മയും ലാളിത്യവുമാണ് റൊങ്കാളി കർദ്ദിനാളിന്റെ പ്രത്യേകതകൾ. മററുള്ളവരുടെ നല്ലവശങ്ങൾ കാണുവാൻ അദ്ദേഹത്തിനൊരു മൂന്നാം കണ്ണുണ്ടെന്നു പറയാം. മററുള്ളവരിലുള്ള മനുഷ്യത്വത്തെ അദ്ദേഹം അതിമാത്രം ബഹുമാനിച്ചിരുന്നു. ഏതു വിനീതനായ മനുഷ്യൻ തന്നെ സമീപിച്ചിരുന്നാലും ശരി അയാളെ ബഹുമാനിക്കുവാൻവേണ്ടി അദ്ദേഹം സ്വസ്ഥാനത്തുനിന്നും എഴുന്നേൽക്കുകയും തിരിയെ പോകുമ്പോൾ വാതിൽക്കലോളം അയാളെ അനുയാത്രചെയ്യുകയും ചെയ്യും. സങ്കടത്തിനു് അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനമുണ്ടായിരിക്കുന്നില്ല. എല്ലായ്പ്പോഴും അദ്ദേഹം ഒരു ശുഭാപ്തിവിശ്വാസിയാണ്. ഒരുത്തന്റെമേലും അദ്ദേഹം ദുർവിധി ഉച്ചരിക്കാറില്ല. അദ്ദേഹം ജനങ്ങളോടു് ഇടപഴകി അവരെ ആശ്വസിപ്പിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്ന ഒരു വത്സലപിതാവുമാണ്."

കത്തോലിക്കാപ്രവത്തനത്തിന്റെ പ്രസിഡണ്ടാണ് എവുജേനിയോ ബാച്ചിയോൺ. റൊങ്കാളി കർദ്ദിനാളിന്റെ ഒരു ആപ്തമിത്രവുമാണ് അദ്ദേഹം. "ഹൃദയമാധുര്യവും ജനങ്ങളുമായി അടുക്കുവാനുള്ള ആഗ്രഹവുമാണ് റൊങ്കാളി കർദ്ദിനാളിന്റെ വിജയരഹസ്യം" എന്നത്രേ ബാച്ചിയോൺ അഭിപ്രായപ്പെട്ടതു്. സ്വന്തം അനുഭവത്തിൽനിന്നു് അദ്ദേഹം ഒരു സംഭവം എടുത്തുകാട്ടുന്നു. 1953-ൽ ഭാര്യ മരിച്ചു. ബാച്ചിയോൺ അതുകൊണ്ടു് ദുഃഖിച്ചിരിക്കയാണ്. അക്കൊല്ലംതന്നെ റൊങ്കാളിയുടെ സഹോദരിയും മരിച്ചു. അതിനാൽ അദ്ദേഹവും ദുഃഖത്തിലായി. പക്ഷെ ക്രിസ്തുമസ്സിനു് കർദ്ദിനാൾ റൊങ്കാളിയിൽനിന്നും ബാച്ചിയോണിനു ലഭിച്ച ഫോൺ സന്ദേശം ഇതായിരുന്നു: "സ്നേഹിതാ, നാളെയാണ് ക്രിസ്തുമസ്സ്. കുടുംബറാണിയുടെ സ്ഥാനം ഒഴിഞ്ഞുകിടന്നുള്ള ആദ്യത്തെ ക്രിസ്തുമസ്സ് നിങ്ങൾക്ക്. നാളെ നിങ്ങൾ കുഞ്ഞുങ്ങളോടുകൂടി ഇങ്ങോട്ടു വരിക.

# കാലത്തിൻെറ വെല്ലുവിളി

(റവ. ഫാ. ജോൺ ബ്രിട്ടോ, ററി. ഒ. സി. ഡി., എൽ. പി. എച്ച്., ഡി. ഡി.)

ചരിത്രത്തിൽ പരിവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ ഏവംവിധമുള്ള പരിവർത്തനങ്ങൾ നടന്ന് അനേകവർഷങ്ങളും നൂററാണ്ടുകൾതന്നെയും കഴിഞ്ഞേ ലോകം മനസ്സിലാക്കുന്നുള്ളു അവ യഥാർത്ഥത്തിൽ മനുജചരിത്രത്തിലെ പ്രതിസന്ധിഘട്ടങ്ങൾ തന്നെ ആയിരുന്നു എന്ന്. എന്നാൽ ഏവംവിധമുള്ള പ്രതിസന്ധിഘട്ടങ്ങൾ ശരിക്കു ഗ്രഹിക്കാത്തതുകൊണ്ട് മനുജവംശത്തിൻെറ ധാർമ്മികമൂല്യങ്ങളെ പരിരക്ഷിക്കേണ്ടവർ പല അപാകതകളും കാണിച്ചിട്ടുള്ളതായി ചരിത്രം ചൂണ്ടിക്കാണിക്കുന്നുണ്ട്. ലൂഥർ ചരിത്രത്തിൽ കാലുകുത്തിയപ്പോൾ ജനസാമാന്യത്തിൻെറ നാഡിപിടിച്ചിരുന്നവർ ചിന്തിച്ചുപോലുമില്ല മനുജവംശത്തെ ഇരുചേരികളായി തിരിക്കുന്ന ഭീകരഖഡ്ഗമാണ് ഭൂമിയിൽ പതിച്ചിരിക്കുന്നത് എന്ന്. കേവലം അധികാരപ്രയോഗം കൊണ്ടും ആജ്ഞ കൊണ്ടും പ്രഖ്യാപനങ്ങൾ കൊണ്ടും മാത്രം ഘട്ടം തരണംചെയ്യുവാൻ ശ്രമിച്ചവർ മനുഷ്യഹൃദയത്തിനടിയിൽ നിന്നും ഉയന്ന ചില വികാരാവേശങ്ങൾ ഉന്തിത്തള്ളിയിരുന്ന വിപ്ലവത്തിൻെറ ശക്തി ശരിക്കു ഗ്രഹിച്ചില്ല. തന്നിമിത്തം തിരുത്തേണ്ടതു പലതും അവർ തിരുത്തിയില്ല. തൽഫലമായി അനഭിലഷണീയമായി പലതും ലോകമുഖത്തു വന്നുഭവിച്ചു. മാർക്സിയൻ വിപ്ലവത്തിൻേറയും ചരിത്രം ഇതുതന്നെയാണ്. മാർക്സ് വീണ്ടും വീണ്ടും രാജ്യഭ്രഷ്ടനാകാതിരുന്നെങ്കിൽ വിപ്ലവാഭിവാഞ്ഛ അദ്ദേഹത്തിൻെറ ഉള്ളിൽ നീറി പുകയുകയില്ലായിരുന്നു. മനുജകുലത്തിൻെറ പൊതുവായ നെടുനിശ്വാസങ്ങളിൽ ചിലതാണ് അദ്ദേഹത്തിൻെറ ഉള്ളിൽ ഉമിത്തീ കത്തിച്ചത്.

നാമും ഇന്ന് ഒരു പ്രതിസന്ധിഘട്ടത്തിലാണ് എന്ന വസ്തുത ആരും നിഷേധിക്കാവതല്ല. നമ്മുടെ സമുദായത്തിൽ പരമ്പരാഗതമായി കീടനടിഞ്ഞുവന്ന പലതും നമ്മുടെ ശ്രദ്ധയെ നിർബന്ധിച്ചു വിളിച്ചുതരികയാണ്. പൊൻകുന്നം വർക്കിയും, തകഴിയും, ബഷീറും, റാഫിയുമെല്ലാം പർവ്വതംപോലെ പൊലിപ്പിച്ചു വിവരിക്കുന്നതു നമ്മുടെ നേത്രങ്ങളിലുള്ള ഈ കരടുകളാണ്. അവയുള്ളതുകൊണ്ട് നമ്മുടെ കണ്ണുകളിനി കുത്തിപ്പൊട്ടിക്കുകയോ ആസിഡൊഴിച്ചു പൊള്ളിക്കുകയോ മാത്രമേ മാർഗ്ഗമുള്ളുവെന്നാണ് അവർ ഉപദേശിക്കുന്ന വേദാന്തം. ഈ പ്രവാചകരെ കേവലം വികാരപരമായി അഭിമുഖീകരിച്ചതുകൊണ്ടു പ്രയോജനമില്ല. എല്ലാററിനും കണ്ണുമടച്ചു, യാതൊന്നും കേട്ടതായിട്ടേ ഭാവിക്കാതെ 19–ാംനൂററാണ്ടിലേയൊ 18–ാംനൂററാണ്ടിലേയോ കേരളസമുദായത്തിൽ ജീവിച്ചുകളയാമെന്നു ഭാവിക്കുന്നവർ പരിവർത്തനത്തെ ചെറുത്തുനില്ക്കുന്നതിനുപകരം അതിനെ വേണ്ടാത്തവഴിക്കു തിരിച്ചുവിടുകയാണ്; പു. സ. ക്കാർ ക്രൈസ്തവസമുദായത്തിനെതിരായി, പ്രത്യേകിച്ച് കത്തോലിക്കർക്കെതിരായി പുരപ്പാടു നടത്തുന്നതിനിടയിൽ കഴമ്പല്ലമുണ്ട്; അതോടുകൂടി വളരെ കെട്ടുകഥകളും അതിവർണ്ണനങ്ങളുമുണ്ട്. എന്നാൽ കെട്ടുകഥക

---

ഇക്കൊല്ലം നമുക്കൊന്നിച്ച് ക്രിസ്തുമസ്സ് ആഘോഷിക്കാം."

ലോകം ഒരൽഭുതം കാണുവാൻപോകയായിരിക്കും. മററുള്ളവരിൽ മനുഷ്യത്വത്തെ ഏററം ബഹുമാനിക്കുവാൻ കഴിയുന്ന ഒരു മാർപ്പാപ്പായ്ക്ക് ആററംബോംബിനെക്കാളോ, ഹൈഡ്റജൻ ബോംബിനെക്കാളോ ശക്തിയുള്ള ഒരായുധം, മനുഷ്യമനസ്സിനെ കീഴടക്കുവാനും, കൈക്കലാക്കുവാനും കരസ്ഥമായിരിക്കുന്നു എന്നു ലോകം ഗ്രഹിക്കുവാൻ ഇനി ഉദയാസ്തമനങ്ങൾ അധികം വേണ്ടിവരികയില്ല. കിരീടധാരണം നടന്ന അന്നു തന്നെ, ഉറച്ച പാരമ്പര്യത്തിൻെറ പരിപാടികൾക്കു വിരുദ്ധമായി അദ്ദേഹം വത്തിക്കാൻ പൂന്തോട്ടത്തിലേയ്ക്കു നടന്നുപോയതായി പറയുന്നു. തോട്ടം സൂക്ഷിപ്പുകാരനുമായി ഒരു സുഹൃത്തിനെപ്പോലെ സംസാരിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. അധികം താമസിയാതെ വത്തിക്കാൻ റേഡിയോനിലയത്തിൽപോയി അവിടെയുള്ള ഉദ്യോഗസ്ഥന്മാരുമായി അദ്ദേഹം പരിചയപ്പെട്ടു. 1958–ലെ ക്രിസ്തുമസ്സ് ദിനത്തിൽ അദ്ദേഹം ജയിലുകളും ആശുപത്രികളും സന്ദർശിച്ചതു് ലോകശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. സഭയ്ക്കും സമുദായത്തിനും വേണ്ടി വലിയ കാര്യങ്ങൾചെയ്യുവാൻ അവിടുന്നു ദീർഘനാൾ ജീവിക്കട്ടെ.

---

ളിൽ മാത്രം ദൃഷ്ടി ഊന്നി യഥാർത്ഥത്തിൽ ഉള്ള ന്യൂനതകൾ തിരുത്താതിരിക്കുന്നതു് ആത്മഹത്യാപരമാണു്.

മനുഷ്യനു രോഗം വരുന്നതുപോലെയാണു് മനുഷ്യകുലമാകുന്ന മഹാ ഗാത്രത്തിൽ വിപ്ലവങ്ങളും. മിക്ക രോഗങ്ങളിലും രക്തത്തിന്റെ ചൂടു വർദ്ധിക്കുന്നു. പനി രോഗമല്ലാ രോഗത്തിന്റെ ലക്ഷണംമാത്രമാണു്, ശരീരത്തിലുള്ള വിപരീതഘടകങ്ങളെ നീക്കുന്നതിനു് പ്രകൃതിതന്നെ എടുക്കുന്ന ഒരു ഉപാധിയാണു്. രോഗഹേതു ആകെ നീങ്ങിയെങ്കിലേ രക്തത്തിന്റെ ചൂടു് സ്വാഭാവികസ്ഥിതിയെ പ്രാപിക്കുകയുള്ളൂ. അതുപോലെ ഇന്നത്തെ വിപ്ലവകാഹളങ്ങളും ഒരു കൈചൂണ്ടി മാത്രമാണു്. നമ്മുടെ ന്യൂനതകൾ തീർത്തു നീക്കിയെങ്കിലേ അവ നിശ്ശേഷം മിണ്ടടങ്ങുകയുള്ളൂ. ഒരു ഇടവകയിലെ കക്ഷിവഴക്കു്, ദേവാലയത്തിന്റെ കാര്യമന്വേഷിക്കുന്ന 'കണക്കൻ' 'കൈക്കാരൻ' മുതലായവരുടെ ആത്മാർത്ഥതക്കുറവു്, ഒരു വൈദികനിലുള്ള മുൻകോപം, സമഭാവനയില്ലായ്മ മുതലായ നിസ്സാര ന്യൂനതകൾ ഇവയെല്ലാമാണു് പൊൻകുന്നം വർക്കി തുടങ്ങിയുള്ള വിപ്ലവകാരികൾ ഉപജീവിക്കുന്ന വസ്തുതകൾ. അവരുടെ നോട്ടത്തിൽ വൈദികൻ ഒരു ദൈവദൂതനെക്കാൾ പരിശുദ്ധനും യാതൊരു മാനുഷിക ബലഹീനതയും ഇല്ലാത്തവനും ആയിരിക്കണം; ദൈവത്തെക്കുറിച്ചു സംസാരിക്കുന്നവർ ലൗകികമായ യാതൊരഭിവാഞ്ഛയുമുള്ളവരാകരുതു്. ഇതെല്ലാം ആദർശമാണു്. ഈ ആദർശങ്ങളെ ഊന്നിപ്പറഞ്ഞു് നമ്മുടെ ശ്രദ്ധയെ അതിലേയ്ക്കു നിർബന്ധിച്ചു തിരിക്കുന്നിടത്തോളം ആധുനിക വിപ്ലവകാരികൾ മഹാ അനുഗ്രഹമാണു നമുക്കു ചെയ്യുന്നതു്. ഏതംട്ടരമായ ഒരു വെല്ലുവിളിയുടെ മുമ്പിൽ ആദർശങ്ങളെ നൂറു ശതമാനവും വകവച്ചുകൊടുക്കുകയും അവയിൽ മുറുകെ പിടിക്കുകയുമാണു് നാം ചെയ്യേണ്ടതു്. അവയെ ആദരിക്കുകയും ആവുംവിധം പ്രവത്തിയിലാക്കുവാൻ ശ്രമിക്കുകയും ചെയ്താൽ അതോടെ എല്ലാം തല്ലിപ്പൊളിക്കുവാൻ വിപ്ലവകാരികൾ ഉപയോഗിക്കുന്ന ആയുധങ്ങൾ അവക്കു നഷ്ടപ്പെട്ടു; അവ നമ്മുടെ കൈയിലായി. യാതൊരബദ്ധസിദ്ധാന്തവും തനി അബദ്ധമായി നിൽക്കുന്നില്ല. അബദ്ധം കേവലം ന്യൂനതയാണു്, സത്യത്തിന്റെ നിഷേധമാണു്, നിഷേധാത്മകമായ ഒന്നിനു തനിയേ നിലനിൽക്കുക സാദ്ധ്യമല്ല തന്നെ. ഏതബദ്ധസിദ്ധാന്തത്തിലും ഒരു സത്യാംശമുണ്ടാകും. പ്രായോഗികമായി വളരെ ശക്തിയുള്ള ഒരു സത്യാംശവുമായിരിക്കും അതു്. പ്രസ്തുത സത്യാംശത്തിന്റെ ശക്തിയാണു് അബദ്ധജടിലമായ പ്രസ്ഥാനത്തെ താങ്ങിനിറുത്തി ആകർഷണീയമാക്കിത്തീർക്കുന്നതു്. തന്നിമിത്തം വിപ്ലവാത്മകമായ ഏതു പ്രതിസന്ധിഘട്ടത്തേയും അഭിമുഖീകരിക്കേണ്ടതു് വിപ്ലവശക്തികൾ ഉപജീവിക്കുന്ന സത്യശകലങ്ങളെ തിരിച്ചറിഞ്ഞു് അടർത്തിയെടുത്തു് ശരിയായ പശ്ചാത്തലത്തിൽ ഒന്നാമതായി സ്ഥാപിച്ചുകൊണ്ടാണു്.

കേരളത്തിലെ ഇന്നത്തെ വിപ്ലവശക്തികളും ഉപജീവിക്കുന്ന ശക്തിയേറിയ ചില സത്യങ്ങളുണ്ടു്. എല്ലാ മനുഷ്യർക്കും ജീവിതത്തിൽ പുരോഗമിക്കുവാൻ ഒരുപോലെ അവകാശമുണ്ടു്; എല്ലാവരും മനുഷ്യരെന്ന നിലയിൽ തുല്യരാണു്; ഇതാണു് അവയിൽ പ്രധാനപ്പെട്ട ഒന്നു്. നൂറ്റാണ്ടുകളായി അധഃസ്ഥിതിയിൽ കൂലിവേലയും പട്ടിണിയുമായി കഴിയുന്ന സമുദായങ്ങൾതന്നെ കേരളത്തിലുണ്ടു്. അങ്ങനെ മുഴു സമുദായങ്ങൾ തന്നെ നൂറ്റാണ്ടുകളായി അധഃപതിച്ചു കിടക്കുക കേരളജനതയുടെ മുഖത്തുതന്നെയുള്ള ഒരു കളങ്കമാണു്. ഈ വസ്തുതയാണു് ഇന്നത്തെ കമ്മ്യൂണിസ്റ്റു വെല്ലുവിളിയുടെ നട്ടെല്ലു്. നൂറ്റാണ്ടുകളായി മണ്ണിനോടു മല്ലുവെട്ടിയിട്ടും ഒരിഞ്ചു് സ്ഥലംപോലും സമ്പാദിക്കുവാൻ കഴിയാത്ത പറയർ, പുലയർ തുടങ്ങിയുള്ളവരും, അനേകശതവത്സരങ്ങൾ കേരളക്കരയിൽ വേലചെയ്തിട്ടും അവിടെ കാലുറച്ചു സാമ്പത്തികവും സാമൂഹ്യവുമായ സുസ്ഥിതി ലഭിക്കാത്ത ഈഴവരുമാണു് ഇന്നു കമ്മ്യൂണിസ്റ്റു് ചേരിയെ പുലർത്തുന്നതു്. ഈ സാമൂഹ്യകാരണം നീങ്ങാതെ കമ്മ്യൂണിസ്റ്റുരോഗം നീങ്ങുകയില്ല. കമ്മ്യൂണിസം അവക്കു വിമോചനംനൽകുകയില്ലെന്ന പരമാർത്ഥം അവർ മനസ്സിലാക്കുന്നില്ലതന്നെ. അവരെ താങ്ങിനിറുത്തി അവരുടെ സ്വാധീനം പാലിച്ചുകൊണ്ടുപോകുന്ന ഈ സാമുദായിക ഉച്ചനീചത്വങ്ങളെ നീക്കുക കമ്മ്യൂണിസ്റ്റുകാക്കു് ആത്മഹത്യാപരമായിരിക്കും. എന്നാൽ ഏവംവിധം സമുദായഗാത്രത്തിലുള്ള ഈ ആഴമേറിയ വ്രണങ്ങൾ സുഖപ്പെടുത്തുവാൻ ശ്രമിക്കുക സമുദായത്തിന്റെ സമാധാനം കാംക്ഷിക്കുന്ന ഏവരുടേയും കടമയാണു്.

# സ്നേഹത്തിൻെറ തടവുകാർ

റവ. സിസ്റ്റർ മേരിജോൺ, (ആരാധനമഠം, വാഴപ്പള്ളി)

നാം പ്രകൃതിയിലേയ്ക്കു് ഒന്നു കണ്ണോടിക്കുക. നീലാംബരത്താൽ മേലാപ്പുതീർത്തു് അതിന്മേൽ ഒരു അദൃശ്യശക്തിയുടെ കൈവിരൽത്തുമ്പുകൊണ്ടു വാരിവിതറിയ കോടാനുകോടി നക്ഷത്രങ്ങളാകുന്ന ബൾബുകളിണക്കി, മദ്ധ്യത്തിൽ പ്രചണ്ഡകിരണനായ സൂര്യനേയും പുഞ്ചിരിപ്പൂനിലാവു പൊഴിക്കുന്ന പൂർണ്ണചന്ദ്രനേയും എടുത്തുവെച്ചു്, അവയുടെ സഞ്ചാരപഥങ്ങളെയെല്ലാം ക്രമപ്പെടുത്തി, അഷ്ടദിക്പാലകന്മാരാകുന്ന വിചിത്രസ്തംഭങ്ങൾ നാട്ടി, കടലിനെ വേർതിരിച്ചു്, ഭൂമിയാകുന്ന തറയിൽ പച്ചപ്പരവതാനി വിരിച്ചു്, സുന്ദരചെടികളും വൻ വൃക്ഷങ്ങളും മനോഹരപുഷ്പങ്ങളും കായ്കനികളുംകൊണ്ടു് അലങ്കരിച്ചു്, ഓടിച്ചാടി നടക്കുന്ന മൃഗങ്ങളേയും പാടിപ്പറന്നു നടക്കുന്ന പറവകളേയും ഇഴഞ്ഞു പുളയുന്ന ജീവികളേയും വിവിധജാതി ജലജന്തുക്കളേയും സൃഷ്ടിച്ചു് "എല്ലാം നന്നായിരിക്കുന്നു" എന്നൊരു റിമാക്കുമെഴുതി, അവയ്ക്കെല്ലാം അവകാശിയായി—നാഥനായി—ഉടമസ്ഥനായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. എന്തിനു്?..........ദൈവത്തിനു മനുഷ്യരോടു വല്ല കടപ്പാടും ഉണ്ടായിരുന്നുവോ?..........ചിന്തിക്കുക.

എൻെറ പ്രിയപ്പെട്ട വായനക്കാരോടു് ഇത്തരുണത്തിൽ ഞാനൊരു ചോദ്യം ചോദിക്കാൻ പോകയാണു്. നാം ഏററവും താലോലിച്ചു് നമ്മുടെ ഭക്ഷണസാധനങ്ങളിൽ വിശിഷ്ടഭോജ്യങ്ങളായ പാലും പലഹാരവും കൊടുത്തു് ദിവസേന എണ്ണതേച്ചു കുളിപ്പിച്ചു് സ്വന്തം മക്കളെപ്പോലെ ഓമനിച്ചു വളത്തുന്ന ഒരു പട്ടി ചത്താൽ എന്തുചെയ്യും?........ ഈ പട്ടിക്കുവേണ്ടി വല്ലവരും പ്രാത്ഥിക്കാറുണ്ടോ? ........ ഇല്ലെങ്കിൽ എന്തുകൊണ്ടു്? ........ എന്നാൽ ഒരു മനുഷ്യൻ മരിച്ചാലോ? അവൻ ഒരു കത്തോലിക്കനാണെങ്കിൽ അവൻെറ ജീവിതാന്തസ്സിന്നനുസരണമായ വേഷം ധരിപ്പിച്ചു് ആശീർവ്വദിക്കപ്പെട്ട സ്ഥലത്തു് പൂജ്യമായി സംസ്കരിക്കുന്നു. അനന്തരം ജീവിച്ചിരിക്കുന്നവർ മരിച്ചുപോയ ആളിൻെറ ആത്മശാന്തിയ്ക്കായി പ്രാത്ഥിക്കുന്നു. ഇതാ ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിൽ വിശിഷ്ടമായ ഒരു ഐക്യം.

വിശിഷ്ടമായ ഈ ഐക്യത്തിനു നമ്മെ പ്രേരിപ്പിക്കുന്ന ഒരു മഹനീയശക്തിയാണു് സ്നേഹം. ഈ സ്നേഹമാകട്ടെ ത്യാഗമെന്തെന്നറിയുന്നില്ല. ക്ലേശത്തെ വകവയ്ക്കുന്നില്ല. ഈ സ്നേഹത്താൽ പ്രേരിതനായിട്ടാണു് ഒരു ദൈവം മനുഷ്യനായി പിറന്നതും ഏററം വിനീതനായി പശുത്തൊഴുത്തിൽ ശയിച്ചതും. ആ ദൈവമാകട്ടെ ഒരു വൈദികൻെറ വാക്കിന്നനുസരണമായി അപ്പത്തിൻെറ സാദൃശ്യത്തിൽ എഴുന്നെള്ളിവന്നു് ലോകമെങ്ങുമുള്ള സക്രാരികളിൽ ഒരു തടവുകാരനായി പള്ളികൊള്ളുന്നു.

പ്രസിദ്ധനായ ജരു വാഗ്മി ഒരിക്കൽ പ്രസംഗിക്കുകയുണ്ടായി, ഈ ലോകത്തിലെ ഓരോ വ്യക്തിയും തടവുകാരാണെന്നു്. കാരണം ജയിൽപ്പുള്ളികൾ സഹിക്കുന്നവരാണുപോലും. ഇതുകേട്ടപ്പോൾ, അദ്ധ്യാപകരിൽനിന്നും ശിക്ഷയ്ക്കധീനരായ ചില വിദ്യാത്ഥികൾ അവിടെയിരുന്നു് ആ അഭിപ്രായത്തെ തലകുലുക്കി സമ്മതിച്ചു. തങ്ങളുടെ അവകാശങ്ങൾ സ്വായത്തമാക്കി ധൂത്തപുത്രനെപ്പോലെ കടന്നുകളയാൻ കാത്തിരുന്ന ചില യുവതിടമ്പുകൾ ആ അഭിപ്രായത്തെ കയ്യടിച്ചു സമ്മതിച്ചു. മുതലാളികളുടെ ക്രൂരമർദ്ദനത്തിനെതിരായി കഠിനയാതന അനുഭവിക്കുന്ന ചില തൊഴിലാളികൾ ഈ അഭിപ്രായത്തെ ശരിവച്ചു. അധികാരികളും അധീനരുമായി അവിടെ കൂടിയിരുന്നവരുടെ മൗനം ഈ അഭിപ്രായത്തിനു സമ്മതമരുളി. തങ്ങളുടെ തലയെടുപ്പും മുതലെടുപ്പും ചോരത്തിളപ്പും അസ്തമിച്ചതിൽ ദുഃഖിതരായ ചില വയോവൃദ്ധന്മാർ അവിടെയിരുന്നു് ഒരു ദീർഘശ്വാസം വിട്ടു. കുട്ടികളുടെയിടയിൽ ഒരു അരക്ഷിതാവസ്ഥയും. സദസ്സിലുണ്ടായ ഈ ഭാവഭേദം കണ്ടു് ചില വ്യക്തികൾ തലപുകഞ്ഞു് ആലോചിക്കുകയാണു് നമ്മളെല്ലാം തടവുകാരാണെന്നോ—അതേ സ്നേഹത്തിൻെറ തടവുകാരനായി ഈ ലോകത്തിൽ ജീവിക്കുന്നവൻ സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നു.

സിവിൽ ക്രിമിനൽ കേസുകളിൽപെട്ടു താല്ക്കാലികമോ മരണപര്യന്തമോ ആയ ശിക്ഷയ്ക്കു വിധേയരായവരാണു് ജയിൽപുള്ളികൾ. വഞ്ചനയാലും കള്ള

സത്യം മൂലവും ചിലർ ജയിലിൽ കിടക്കേണ്ടിവരുന്നുണ്ട്. രാഷ്ട്രീയ തടവുകാരെയും നമുക്കു കാണുവാൻ സാധിക്കും, ഇവരെല്ലാം ധാരാളം സഹിക്കയും ക്ലേശിക്കയും ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവം. എങ്ങിനെ സഹിക്കുന്നു? എന്തിനു സഹിക്കുന്നു? ആർക്കുവേണ്ടി സഹിക്കുന്നു? എന്നതു ചിന്തനീയമത്രേ. സമാധാനവും സന്തോഷവും കരഗതമാകണമെങ്കിൽ സ്നേഹത്തിൻെറ തടവുകാരനായ ഈശോയെ അനുകരിക്കണം.

ധനമുണ്ടെങ്കിലും ക്ലേശിക്കുന്നവരുണ്ട്. സന്താനങ്ങളുണ്ടെങ്കിലും ദുഃഖിക്കുന്നവരുണ്ട്. ഉന്നതസ്ഥാനമാനങ്ങളുണ്ടെങ്കിലും സഹിക്കുന്നവരുണ്ട്. "ഞാൻ എത്രമാത്രം സഹിക്കുന്നു"—എന്ന പല്ലവി എവിടെയും കേൾക്കാം. സഹനം തന്നിൽത്തന്നെ യാതൊരു യോഗ്യതയും സമ്പാദിക്കുന്നില്ല. വി. പൌലോസ് പറയുന്നു: തൻെറ ശരീരം ദഹിപ്പിക്കപ്പെടുന്നതിനുവേണ്ടി ഏല്പിച്ചുകൊടുത്താലും ഉപവി—അഥവാ വരപ്രസാദം—സ്നേഹമില്ലെങ്കിൽ യാതൊരു പ്രയോജനവും ഇല്ല എന്ന്. വേദന അനുഭവിക്കുന്ന അഥവാ സഹിക്കുന്ന എന്ന ന്യായത്താൽ ഒരുവനും നന്നാകുന്നില്ല. ഒരു പക്ഷെ അവൻെറ സ്ഥിതി ഒന്നുകൂടി മോശമാകാം. സ്നേഹത്തിൻെറ തടവുകാരൻ സഹിച്ചുകൊണ്ട് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നു.

സ്വമനസ്സാ സ്നേഹത്തിൻെറ തടവുകാരായി ജീവിക്കുന്ന ഒരു സൈന്യവ്യൂഹത്തെ എല്ലാ ഭൂഖണ്ഡങ്ങളിലും നമുക്കു കാണുവാൻ സാധിക്കും. അവർ ആരാണെന്നോ—പറയാം. തങ്ങളുടെ സ്വാതന്ത്ര്യത്തേയും ആശയാഗ്രഹങ്ങളേയും സർവ്വ കഴിവുകളേയും സ്വയം ബലികഴിച്ചുകൊണ്ട് ആശ്രമഭിത്തികളുള്ളിൽ അഥവാ നിയമശൃംഖലയ്ക്കുള്ളിൽ ജീവിതം നയിക്കുന്ന ലക്ഷക്കണക്കിനു സ്ത്രീ പുരുഷന്മാർ. അവരാകട്ടെ വൈദികരായും സന്യാസിനികളായും സേവനം അനുഷ്ഠിക്കുന്നു. ആ ജീവിതാന്തസ്സിൽ അവർ അഭിമാനംകൊള്ളുന്നു. ഏകാന്തതയിലും നിശബ്ദതയിലും സൃഷ്ടിജാലങ്ങളിലും അവർ ദൈവത്തെ ദർശിക്കുന്നു. ലോകത്തിൻെറ ബഹളങ്ങളിൽനിന്നും അവരെ മറയ്ക്കുന്ന ആശ്രമഭിത്തികളെ അവർ ചുംബനം ചെയ്യുന്നു. നിത്യബ്രഹ്മചാരികളായ ഇവർ സ്നേഹത്തിൻെറ തടവുകാരല്ലെന്നു പറയുവാൻ ആരുടെയെങ്കിലും നാവുചലിക്കുമോ എന്നു ഞാൻ ശങ്കിക്കുകയാണ്. കുടുംബജീവിതക്കാരും തികഞ്ഞ ജയിൽപുള്ളികളത്രേ. ഓരോ വ്യക്തിയും സ്വതന്ത്രരാകും മരണത്തോടെ. സ്നേഹത്തിൻെറ തടവുകാർക്കു ഭാഗ്യം—

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ചില തടവുകാരുണ്ട്. അവരാണ് രോഗികളും വേദന അനുഭവിക്കുന്നവരും. ആനന്ദങ്ങളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും അവരെ വിരമിപ്പിച്ചിട്ട് നിശബ്ദവും പുഞ്ചിരി നിറഞ്ഞതുമായ സഹനംവഴി ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവർ വിളിക്കപ്പെടുന്നു. തീരാവ്യാധിക്കാർ, പകർച്ചവ്യാധിക്കാർ, വാതരോഗികൾ, ക്ഷയരോഗികൾ, മുടന്തന്മാർ, ചെകിടന്മാർ, കുരുടന്മാർ ഇങ്ങനെ പോകുന്നു ആ ജയിൽപുള്ളികളുടെ നീണ്ട പട്ടിക. ചിലരാകട്ടെ കഷ്ടോ കാലോ അനക്കുവാൻപോലും നിർവാഹമില്ലാതെ കിടക്കയിൽത്തന്നെ അവരുടെ തടവുശിക്ഷ പൂർത്തിയാക്കുന്നു. ആരോഗ്യമുള്ളവർക്ക് സിദ്ധിച്ചിട്ടുള്ള പ്രവർത്തനസ്വാതന്ത്ര്യവും, സ്നേഹിതന്മാരെയും ജോലികളേയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവർക്കു നഷ്ടപ്പെട്ടു, ചില നിശ്ചിത നിയമാവൃതികളുള്ളിൽ അവർ പഥ്യമാചരിക്കുകയാണ്. വാർത്തകൾ ശ്രവിക്കുന്നതിനും കാഴ്ചകൾ കാണുന്നതിനും ദേശാന്തരങ്ങളിൽ സഞ്ചരിക്കുന്നതിനും സുഹൃൽസല്ലാപങ്ങളിൽ പങ്കുകൊള്ളുന്നതിനും ആനന്ദം അനുഭവിക്കുന്നതിനും ഇവർക്ക് ആഗ്രഹമില്ലേ? തീർച്ചയായും ഉണ്ട്. പക്ഷേ ഈ കാരാഗൃഹജീവിതത്തിൽ ദൈവം അതു് അനുവദിക്കുന്നില്ല. സ്വന്തം ജനങ്ങളും സഭയും സമുദായവും അവരെ വെറുത്തുവെന്നു വരാം. ആവശ്യമായ ജീവിതസൌകര്യങ്ങളും ശുശ്രൂഷകളും ലഭിച്ചില്ലെന്നു വരാം. സഹനത്തിൻെറ നെല്ലിപ്പലക തകരുന്ന സന്ദർഭങ്ങൾ അവർക്കുണ്ടായിയെന്നും വരാം. വേദനിക്കുന്ന ഈ ഹൃദയം—കുത്തി മുറിവേല്പിക്കപ്പെട്ട ഈ ഹൃദയം കണ്ടു് അല്പം ആശ്വാസം നൽകണമെങ്കിൽ സ്നേഹത്തിൻെറ തടവുകാരനായ ഈശോയെ അനുകരിക്കണം. വലിയ ഗ്രന്ഥങ്ങളെഴുതി—അഥവാ ഗംഭീര പ്രസംഗങ്ങൾ നടത്തി—ദേശാന്തരങ്ങളിൽ സഞ്ചരിച്ചു സമ്പാദിക്കുന്നതിനേക്കാൾ കൂടുതൽ മിഷ്യൻ പ്രവർത്തനം മേല്പറഞ്ഞ തടവുകാർക്കു ചെയ്‌വാൻ സാധിക്കുമെന്നു പറഞ്ഞാൽ അതൊരു പച്ചപ്പരമാർത്ഥം മാത്രമാണ്.

ദൈവത്തിനു വേറെയും തടവുകാരുണ്ട്. ബുദ്ധിശക്തിയുണ്ടെങ്കിലും അജ്ഞരെപ്പോലെയും, പ്രാപ്തിയുണ്ടെങ്കിലും അപ്രാപ്തനെപ്പോലെയും, തൻേറടമുണ്ടെങ്കി

# മാർ യൌസേപ്പും ക്രിസ്തീയകുടുംബങ്ങളും

( കെ. ററി. മൈക്കിൾ ബി. ഏ., ബി. എൽ. )

കത്തോലിക്കർ നസ്രേത്തിലെ കുടുംബനായകനായ യൌസേപ്പുപിതാവിനെ ക്രിസ്തീയ കുടുംബങ്ങളുടെ പിതാവായും സംരക്ഷകനായും വണങ്ങിവരുന്നു. ഈ നൂററാണ്ടിൽ പരിശുദ്ധ കന്യകാമറിയത്തോടുള്ള കത്തോലിക്കരുടെ ഭക്തി വൎദ്ധിക്കുന്നതിനു പ്രയോജനകരങ്ങളായ പല പ്രഖ്യാപനങ്ങളും മതാദ്ധ്യക്ഷന്മാരായ മാർപ്പാപ്പാമാരിൽനിന്നും ഉണ്ടായതുപോലെതന്നെ ആ അമ്മയുടെ വിരക്തഭർത്താവായ മാർ യൌസേപ്പിന്റെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനും പല അപ്പസ്തോലിക ലേഖനങ്ങളും റോമ്മായിൽനിന്നു പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടു്. ബാലനായ ഈശോയേയും കന്യകാമറിയത്തേയും തന്റെ കായികമായ അദ്ധ്വാനത്താലും പരിശ്രമത്താലും അനേകവൎഷം സംരക്ഷിക്കുകയും ആ ചെറുകുടുംബത്തിന്റെ നായകനും പിതാവുമായി ജീവിക്കുകയും ചെയ്ത മഹാത്മാവായ ഈ മാതൃകാഗൃഹനാഥനെ ക്രിസ്തീയകുടുംബങ്ങളുടെ മാതൃകയും ആശ്രയവുമായി ആദരിക്കണമെന്നു സഭ അനുശാസിക്കുന്നതിൽ എന്തസാംഗത്യമാണുള്ളതു്? പല നൂററാണ്ടുകൾക്കു മുമ്പുതന്നെ ഈ വിശുദ്ധനോടുള്ള പ്രത്യേകഭക്തിയുടെ ആവശ്യകതയെ ന്യായീകരിച്ചു് ആവിലായിലെ വിശുദ്ധ ത്രേസ്യാ തന്നെ ഉപദേശിച്ചിരുന്നു. ആ വിശുദ്ധ ഇപ്രകാരം തന്റെ ആത്മകഥയിൽ വിശുദ്ധ യൌസേപ്പിനോടുള്ള ഭക്തിയെപ്പററി പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങൾക്കു മദ്ധ്യസ്ഥന്മാരായി സ്വർഗ്ഗത്തിൽ പല വിശുദ്ധന്മാരുമുണ്ടെങ്കിലും ദൈവത്തിന്റെ പ്രത്യേകമായ സ്നേഹാദരങ്ങൾക്കു് യോഗ്യനായി വിശുദ്ധ

---

ലും ശൂന്യപ്രായനായും, കഴിവുണ്ടെങ്കിലും നിസ്സാരനായും, രോഗിയെങ്കിലും അരോഗിയെപ്പോലെയും കഴിഞ്ഞുകൂടേണ്ട ഒരു സ്ഥിതി ചിലക്കു് ചിലപ്പോൾ വന്നുചേരാറുണ്ടു്. ചിലരുടെ പ്രവൎത്തനമണ്ഡലം ശിക്ഷാവിധികളാൽ തടയപ്പെടുന്നതായും കണ്ടുവരുന്നുണ്ടു്. തെററിദ്ധാരണകളുടെ ചുഴിയിൽപെട്ടു ചിലർ അധഃപതിക്കുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ടു്. ഇത്തരുണത്തിൽ ജീവിതനൈരാശ്യം ചിലരെ വലയം ചെയ്തേക്കാം. മാനസികരോഗം അവരുടെ മനസ്സമാധാനത്തെ നാടുകടത്തിക്കളഞ്ഞുവെന്നും വരാം. ഇതൊരപകടസന്ധിയാണെന്നു് ബുദ്ധിയുള്ളവർ സമ്മതിക്കും. തങ്ങൾ സ്നേഹത്തിന്റെ തടവുകാരാണെന്നു് സ്വയം കരുതി അടിയുറച്ചുമുൻകരുതലുകൾ ചെയ്തില്ലെങ്കിൽ അപരിഹാൎയ്യമായ ഒരു നഷ്ടം സംഭവിക്കാനിടയുണ്ടു്.

ഈ ലോകജീവിതമാകുന്ന കാരാഗൃഹം അവസാനിക്കും മരണത്തോടെ. മുതലാളിയും തൊഴിലാളിയും, പണ്ഡിതനും പാമരനും, കുബേരനും കുചേലനും, രോഗിയും അരോഗിയും, യുവാവും യുവതിയും, ബാലനും വൃദ്ധനും സ്വതന്ത്രരായിത്തീരും മരണത്തോടെ. അപ്പോൾ സ്നേഹത്തിന്റെ തടവുകാർ ലോകജീവിതത്തിൽ അഭിമാനം കൊള്ളും. അനാരോഗ്യത്തെ വന്ദിക്കും. ആരോഗ്യത്തെ പുകഴ്ത്തിപ്പാടും. സഹനത്തിന്റെ മാധുര്യം അനുഭവിക്കും. സേവനത്തിന്റെ മാഹാത്മ്യം അനുഭവപ്പെടും. സ്വൎഗ്ഗം അവരെ മാടിവിളിക്കുകതന്നെ ചെയ്യും. സ്വൎഗ്ഗത്തെപ്പററിയുള്ള പ്രതീക്ഷയാൽ ക്ലേശങ്ങളുടെ കാസാ ഊററിക്കുടിച്ചപ്പോഴും ജോബ് ആശ്വാസം കണ്ടെത്തി. സ്വൎഗ്ഗം എന്നോക്കുമ്പോൾ തന്റെ ശരീരം വിലയം പ്രാപിച്ചു് ദൈവത്തോടൊന്നിച്ചുചേരുവാൻ അപ്പസ്തോലന്റെ ഹൃദയം വെമ്പൽകൊണ്ടിരുന്നു. ഈ ലോകജീവിതമാകുന്ന കാരാഗൃഹവാസം ഇനിയും ദീർഘിക്കുകയാണോ എന്നു് അക്ഷമയോടെ ഉരുവിടുവാൻ വി. അമ്മത്രേസ്യായ്ക്കു പ്രേരണ നൽകിയതും സ്വൎഗ്ഗത്തെപ്പററിയുള്ള ശുഭപ്രതീക്ഷ ഒന്നു മാത്രമാണു്.

ഈശോ സക്രാരിക്കുള്ളിൽ തടവുകാരനായി വസിക്കയാണു് മനുഷ്യരാൽ സ്നേഹിക്കപ്പെടുന്നതിനായി. എന്നാൽ നാമാകട്ടെ ദൈവത്തെ സ്നേഹിച്ചു് ജീവിതസുഖം അനുഭവിക്കുന്നതിനുവേണ്ടി ഈ ലോകത്തിൽ കാരാഗൃഹവാസം അനുഷ്ഠിക്കുന്നു. നല്ലവണ്ണം സഹിച്ചാൽ—നന്നായി ജീവിച്ചാൽ കിട്ടുന്ന ഭാഗ്യമോ—വി. പൌലോസിന്റെ വാക്കിൽ "കണ്ണു കണ്ടിട്ടില്ല—ചെവി കേട്ടിട്ടില്ല—മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല." സ്നേഹത്തിന്റെ തടവുകാർ ഭാഗ്യവാന്മാർ.

യൌസേപ്പിനെ ആശ്രയിക്കുന്നതു ഏററവും ഗുണപ്രദമായിരിക്കും.”

തിരുക്കുടുംബത്തിന്റെ നിത്യവൃത്തിക്കുവേണ്ടി സ്വന്തം നെററിത്തടത്തിലെ വിയർപ്പുതുള്ളികൾകൊണ്ടു് നിത്യവും അദ്ധ്വാനത്തിലേർപ്പെട്ടിരുന്ന ഈ മാതൃകാ കുടുംബനാഥൻ കഷ്ടപ്പെട്ടു പണി എടുക്കുന്ന എല്ലാ കുടുംബനായകന്മാരുടെയും ബന്ധുവും ആശ്രയവുമായി കരുതപ്പെടുന്നു. കുടുംബഭാരത്താൽ ക്ലേശിക്കുന്നവർ മാത്രമല്ല അനേകം ആശ്രിതരുടെ സംരക്ഷണഭാരം വഹിക്കുന്ന ആശ്രമാധിപന്മാർ അനാഥാലയങ്ങളുടെ പ്രവത്തകർ തുടങ്ങിയവരും ഈ വിശുദ്ധനെ തങ്ങളുടെ മദ്ധ്യസ്ഥനും പിതാവുമായി ആശ്രയിക്കുന്നതും അത്ഭുതകരമല്ലല്ലൊ. വിശുദ്ധ യൌസേപ്പിനെപ്പററി സുവിശേഷങ്ങളിൽ അധികമൊന്നും പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു വാസ്തവം തന്നെയാണു്. എന്നാൽ സഭാപിതാക്കന്മാരും പല പുണ്യവാന്മാരും എല്ലാക്കാലത്തും മഹാത്മാവായ ഈ പുണ്യവാന്റെ ഗുണങ്ങളെ പ്രകീർത്തിക്കുകയും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയെ ആശ്രയിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അഞ്ഞൂറുവർഷങ്ങൾക്കുമുമ്പുതന്നെ ഈ പുണ്യവാന്റെ സ്തുതിക്കായി മാർച്ചു് 19-ാംതീയതി ഒരു തിരുനാളായി തിരുസഭ അംഗീകരിക്കുകയുണ്ടായി. കത്തോലിക്കാ സഭയിലുള്ള വിവിധ സന്യാസസഭക്കാരും വിശുദ്ധ യൌസേപ്പിനെ തങ്ങളുടെ പ്രത്യേക മാദ്ധ്യസ്ഥനും സംരക്ഷകനുമായി പല നൂററാണ്ടുകൾക്കു മുമ്പു മുതൽക്കുതന്നെ സ്വീകരിച്ചുവന്നിരുന്നു. കർമ്മലീത്താ സഭക്കാർ അവരുടെ പ്രത്യേക മദ്ധ്യസ്ഥനായി വിശുദ്ധ യൌസേപ്പിനെ 1621-ൽ തിരഞ്ഞെടുക്കുകയും, 1689 മുതൽ ഈസ്റ്റർകഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ച ഈ വിശുദ്ധന്റെ പ്രത്യേകമദ്ധ്യസ്ഥതിരുനാളായി ആഘോഷിക്കുന്നതിനുവേണ്ട പ്രത്യേക അനുമതി വാങ്ങിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കഴിഞ്ഞ നൂററാണ്ടുമുതൽക്കാണു് ലോകവ്യാപകമായി വിശുദ്ധ യൌസേപ്പു പിതാവിനോടുള്ള ഭക്തി പ്രചരിച്ചിട്ടുള്ളതു്. തിരുക്കുടുംബനായകനും ഉണ്ണി ഈശോയുടേയും കന്യകാ മറിയത്തിന്റേയും സംരക്ഷകനുമായിരുന്ന യൌസേപ്പു പിതാവിനെ ഇന്നു ക്രിസ്തീയകുടുംബങ്ങളുടെ പിതാവും സംരക്ഷകനുമായി കത്തോലിക്കർ പൊതുവെ അംഗീകരിച്ചുവരുന്നു. കന്യകാമറിയത്തിന്റെ നാമം കഴിഞ്ഞാൽ പിന്നെ ലോകമെങ്ങും ഈ പുണ്യവാന്റെ നാമംപോലെ പ്രചാരവും പ്രസിദ്ധിയും ബഹുമാനവും ആർജ്ജിച്ചിട്ടുള്ള മറെറാരു നാമവും കാണുവാൻ സാദ്ധ്യമല്ല. വിശുദ്ധ യൌസേപ്പിന്റെ നാമത്തിൽ ലോകമെങ്ങും സ്ഥാപിതമായിട്ടുള്ള ദേവാലയങ്ങൾ, ആശ്രമങ്ങൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതലായവയുടെ കണക്കു നോക്കുമ്പോൾ ഈ പരമാർത്ഥം ബോദ്ധ്യമാകുന്നതാണു്.

1847-ൽ ഒമ്പതാം പീയൂസ് മാർപ്പാപ്പായാണു് വിശുദ്ധ യൌസേപ്പിന്റെ മദ്ധ്യസ്ഥതിരുനാൾ കത്തോലിക്കാസഭ മുഴുവനും ആചരിക്കണമെന്നു നിർദ്ദേശിച്ചതു്. 1870-ൽ അദ്ദേഹം തന്നെയാണു് മാർയൌസേപ്പിനെ കത്തോലിക്കാസഭയുടെ പൊതു രക്ഷാധികാരിയായി പ്രഖ്യാപിച്ചതും, മാർച്ചു പത്തൊമ്പതാം തീയതിയിലെ വിശുദ്ധന്റെ തിരുനാളിനു സഭയിൽ പ്രത്യേക പ്രാധാന്യം നൽകിയതും. ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് പാപ്പായാണു് തൊഴിലാളികളുടെ മദ്ധ്യസ്ഥനായി വിശുദ്ധയൌസേപ്പിനെ പ്രഖ്യാപിച്ചു്, തൊഴിലാളിദിനമായ മേയ് ഒന്നാം തീയതി തന്നെ ആ വിശുദ്ധന്റെ സ്തുതിക്കായി പ്രത്യേക തിരുനാളായി കൊണ്ടാടണമെന്നു നിർദ്ദേശിച്ചതു്. ദൈവത്തിലും മതത്തിലും വിശ്വസിക്കുന്ന അനേകലക്ഷം ക്രിസ്തീയതൊഴിലാളികൾക്കു് മേയ്ദിനം അവരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനും മാതൃകാ തൊഴിലാളിനേതാവുമായ വിശുദ്ധ യൌസേപ്പിനെ അനുസ്മരിച്ചു് അനുഗ്രഹാശിസ്സുകൾ സമ്പാദിക്കുന്നതിനു് അവസരം നൽകിയതു മഹാനായ പന്ത്രണ്ടാം പീയൂസിന്റെ ഏററവും ബുദ്ധിപൂർവ്വമായ ഒരു നടപടിയായി അനുസ്മരിക്കപ്പെടുന്നു. ഇന്നു നമ്മുടെ സാമൂഹികനിലവാരം അനുദിനം അധഃപതിക്കുകയും കുടുംബജീവിതംതന്നെ തകർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ക്രിസ്തീയ കുടുംബങ്ങളുടെ ആശാകേന്ദ്രമായും രക്ഷാസങ്കേതമായും മാർയൌസേപ്പിനെ ആശ്രയിക്കുന്നതു് ഏററവും ഫലപ്രദമായി കരുതപ്പെടുന്നു. കുടുംബജീവിതത്തിന്റെ നിരവധി ക്ലേശങ്ങളും ഭാരങ്ങളും അനുഭവിക്കുന്ന പല കുടുംബനായകന്മാർക്കും യൌസേപ്പു പിതാവിന്റെ മാതൃകാപരമായ കുടുംബജീവിതവും ത്യാഗസംപൂർണ്ണമായ പരിശ്രമശീലവും ആശ്വാസവും ധൈര്യവും നൽകുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഇന്നത്തെ വിനാശകരങ്ങളായ

പല പ്രസ്ഥാനങ്ങളിൽനിന്നും ക്രിസ്തീയകുടുംബങ്ങളുടെ സമാധാനപരമായ നിലനില്പിനും, ഐക്യത്തിനും, ഐശ്വര്യത്തിനുമെല്ലാം തിരുക്കുടുംബനാഥനായ മാർ യൌസേപ്പ് ഏററവും വലിയ തുണയും ശക്തികേന്ദ്രവുമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുതയും പല കുടുംബനായകന്മാരും അനുഭവബോദ്ധ്യമായിട്ടുള്ളതാണ്. ഇക്കാരണങ്ങൾകൊണ്ടുതന്നെയാണ് കത്തോലിക്കാസഭ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ സകല ക്രിസ്ത്യാനികളോടും വിശുദ്ധ യൌസേപ്പിനെ അനുഗമിക്കുവാൻ ഉപദേശിക്കുന്നതു്. പഞ്ഞവും പട്ടിണിയുംമൂലം വലഞ്ഞിരുന്ന ഈജിപ്തിലെ ജനങ്ങളോട് ഫറവോൻ രാജാവ് "ഔസേപ്പിൻെറ പക്കൽ പോകുക" എന്ന നിർദ്ദേശിച്ച വാക്കുകൾതന്നെയാണ് ഇന്നു കത്തോലിക്കാസഭ കുടുംബഭാരം അനുഭവിക്കുന്ന സകലരോടും ഉപദേശിക്കുന്നതു്.

ഒമ്പതാം പീയൂസ് പാപ്പായുടെ അനന്തരഗാമിയായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായും വിശുദ്ധ യൗസേപ്പിൻെറ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് ക്രിസ്ത്യാനികളുടെ സംരക്ഷകനും കത്തോലിക്കാസഭയുടെ രക്ഷാധികാരിയുമായി കത്തോലിക്കർ മാർ യൗസേപ്പിനെ അംഗീകരിക്കേണ്ട ആവശ്യത്തെ അധികരിച്ച് പല ചാക്രികലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലെയോ പതിമൂന്നാമൻ നസ്രത്തിലെ ചെറുഭവനം കത്തോലിക്കാ സഭയുടെ തന്നെ പ്രാരംഭമായിട്ടാണ് വീക്ഷിച്ചതു്. നസ്രത്തിലെ തിരുകുടുംബത്തിൻെറ പിതാവായ മാർ യൌസേപ്പ് സാർവ്വത്രികമായ സഭയുടേയും ക്രിസ്ത്യാനികളേവരുടേയും പിതാവും സംരക്ഷകനുമാണെന്നത്രേ പണ്ഡിതനായ ഈ മാർപ്പാപ്പാ സമർത്ഥിച്ചതു്. കത്തോലിക്കാസഭയുടെ മാതാവായ കന്യകാമറിയവും, സഭയുടെ ശിരസ്സായ ഈശോയും മാർ യൗസേപ്പിൻെറ സംരക്ഷണത്തിനും അധികാരത്തിനും വിധേയരായി ജീവിച്ചിരുന്നു. അതിനാൽ മാതാവിൻെറ സന്താനങ്ങളും മിശിഹായുടെ അനുയായികളും അവിടുത്തെ മൌതികശരീരത്തിൻെറ അംഗങ്ങളുമായ സർവ്വ ക്രിസ്ത്യാനികളുടെയും പൈതൃക സംരക്ഷണാഭാരം മാർ യൌസേപ്പിൽ സ്ഥിതിചെയ്യുന്നതായിട്ടാണ് മഹാനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ പഠിപ്പിക്കുന്നതു്.

അദ്ദേഹം വീണ്ടും ഇപ്രകാരം പ്രസ്താവിക്കുന്നു. "മാർ യൌസേപ്പിൽ കുടുംബനായകന്മാർക്ക് അത്യുത്തമനായ ഒരു മാതൃകാപിതാവിനേയും രക്ഷാധികാരിയേയുമാണ് ലഭിച്ചിട്ടുള്ളതു്. വിവാഹജീവിതക്കാർക്ക്, യഥാർത്ഥപ്രേമത്തിൻേറയും, ഐക്യതയുടേയും ദാമ്പത്യധർമ്മനിർവ്വഹണത്തിൻേറയും മഹത്തായ ഒരു ആദർശപുരുഷനായി വിശുദ്ധ യൌസേപ്പിനെ ആശ്രയിക്കാം. കന്യകകൾക്ക് അവരുടെ കന്യാവ്രതത്തിൻെറ കാവൽക്കാരനായി ഈ വിശുദ്ധനിൽ അഭയം തേടാം. ഉൽകൃഷ്ടകുലജാതന്മാർക്കും, ധനികന്മാർക്കും വി. യൌസേപ്പിൻെറ മാതൃകാപരമായ ലളിതജീവിതവും ആദർശനിഷ്ഠയും അനുകരണയോഗ്യമാണ്. എന്നാൽ നിർദ്ധനർക്കും വിശേഷിച്ച് തൊഴിലാളികൾക്കും യൌസേപ്പുപിതാവിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഒരു നേതാവിനേയും ആദർശയോഗ്യനായ ഒരു കുടുംബനായകനേയുമാണ് ലഭിച്ചിട്ടുള്ളതു്." രാജവംശത്തിൽ ജനിച്ചവനും, സ്ത്രീകളിൽ ഭാഗ്യവതിയും നന്മനിറഞ്ഞവളുമായ മറിയത്തിൻെറ വിശ്വസ്തഭർത്താവും ദൈവപുത്രനായ യേശുവിൻെറ വളർത്തുപിതാവുമായിരുന്ന ഈ മഹാത്മാവ് നിത്യവൃത്തിക്കുവേണ്ടി തൊഴിലാളിയായി ജീവിച്ചു തൻെറ കുടുംബത്തെ പുലർത്തിയിരുന്നുവെന്നുള്ളതു് തൊഴിലാളികളായ എല്ലാവർക്കും ഏററവും അഭിമാനകരമായ ഒരു സംഗതിയാണ്. അദ്ദേഹത്തിൻെറ മഹത്തായ ജീവിതമാതൃകയും നേതൃത്വവും ക്രൈസ്തവതൊഴിലാളികൾക്കു വേണ്ട പ്രചോദനവും പ്രത്യാശയും നൽകുമെന്നുള്ളതിനു സംശയമില്ല. അങ്ങനെ കത്തോലിക്കാസഭയിലെ വിശ്വവിഖ്യാതന്മാരായ മാർപ്പാപ്പാമാരും പുണ്യവാന്മാരും മാർ യൌസേപ്പിനെയാണ് ക്രൈസ്തവകുടുംബങ്ങളുടെ പിതാവും സംരക്ഷകനുമായി നിർദ്ദേശിക്കുന്നതു്. ഈശോയുടേയും മറിയത്തിൻേറയും ലോകജീവിതം ആനന്ദപ്രദമാക്കുന്നതിന് സർവ്വ ത്യാഗങ്ങളും സഹിച്ച ഈ ഉത്തമനായ കുടുംബനായകൻ ഇന്നു പരലോകത്തിലും അവരുടെ സ്നേഹഭാജനമായ പിതാവായി മഹിമയോടെ ആദരിക്കപ്പെടുന്നുമെന്നുള്ളതിൽ സംശയമില്ല. ഇന്നത്തെ വിനാശകരങ്ങളായ പ്രവണതകളിൽ നിന്നു ക്രൈസ്തവകുടുംബങ്ങളേയും സമുദായത്തേയും രക്ഷിക്കുന്നതിന് കഴിവുള്ള ഒരു ധീരനേതാവായി നമുക്ക് ഈ പുണ്യവാനെ ആശ്രയിക്കാം. അദ്ദേഹത്തിൻെറ ജീവിതവും മരണവും നമുക്കെല്ലാം ഉത്തമമാതൃകയും പ്രചോദനവുമാകുന്നു. നമ്മുടെ അനുദിനജീവിതത്തിലും മരണാവസരത്തിലും അദ്ദേഹത്തേക്കാൾ ഉപകാരിയായ ഒരു സ്വർഗ്ഗീയനേതാവിനെ നമുക്കുലഭിക്കുക സാദ്ധ്യമല്ല. മഹാ


# അടുത്തു സമ്മേളിക്കുവാൻ പോകുന്ന സാർവ്വത്രികസൂനഹദോസ്

(ഡോക്ടർ സി. ററി. കൊട്ടാരം)

ഇക്കഴിഞ്ഞ ജനുവരി 26-ാംതിയതിയിലെ ദിനപ്പത്രങ്ങൾ ക്രൈസ്തവലോകം സാർവത്രികമായി സഹർഹം സ്വാഗതം ചെയ്യുന്ന ഒരു മംഗളവാർത്തയുമായിട്ടാണു പുറത്തുവന്നതു്. ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്തവസഭകളുടെ പുനരൈക്യപ്രശ്നം ചർച്ചചെയ്യുന്നതിലേക്കു് ഒരു സാർവത്രിക സൂനഹദോസ് വിളിച്ചുകൂട്ടുവാൻ പരിശുദ്ധപിതാവു് 23-ാംയോഹന്നാൻ മാർപ്പാപ്പാ തിരുമേനി ഉദ്ദേശിക്കുന്നുവെന്നുള്ളതായിരുന്നു ആ മംഗളവാർത്ത.

ചില പത്രങ്ങളിൽ മത്തങ്ങായിലും മററു ചിലതിൽ വെണ്ടക്കായിലും വന്ന ആ വാർത്ത വായിച്ചശേഷം രണ്ടു സുഹൃത്തുക്കൾ തമ്മിൽ സംസാരിക്കുകയായിരുന്നു. "ഓഹോ, മാർപ്പാപ്പാ കത്തോലിക്കാ സഭയിലെ പാർലമെൻറു വിളിച്ചുകൂട്ടുവാൻ പോകുകയാണല്ലോ" എന്നു്. ആ സുഹൃത്തുക്കളും ഒരു പക്ഷേ അവരെപ്പോലെ മററു പല സുഹൃത്തുക്കളും ധരിച്ചിരുന്നതു് സാർവത്രിക സൂനഹദോസ് (എക്യുമേനിക്കൽ കൗൺസിൽ) കത്തോലിക്കാ സഭയിലെ പാർലമെൻറാണെന്നാണു്. പക്ഷേ, ഈ ധാരണ തെററാണു്. ഇൻഡ്യൻ പ്രസിഡണ്ടോ, ഇംഗ്ലണ്ടിലെ രാജ്ഞിയോ, മറേറതെങ്കിലും രാഷ്ട്രാധിപനൊ തൻെറ രാജ്യത്തിലെ പാർലമെൻറു വിളിച്ചുകൂട്ടുന്നതും കത്തോലിക്കാസഭയുടെ പരമാധികാരിയായ റോമ്മാ മാർപ്പാപ്പാ സാർവത്രികസൂനഹദോസ് വിളിച്ചുകൂട്ടുന്നതും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

ഏതൊരു പാർലമെൻറിൻെറയും പ്രവർത്തനം യഥാർത്ഥത്തിൽ ആ രാജ്യത്തിൻെറ അധിപൻെറ അധികാരം നിയന്ത്രിക്കയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നുണ്ടു്. സൂനഹദോസാവട്ടെ സഭാധിപനായ മാർപ്പാപ്പായുടെ പരമാധികാരം നിയന്ത്രിക്കയോ, പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ലാ, ചെയ്യുവാൻ അതിനു സാദ്ധ്യവുമല്ലാ. മാർപ്പാപ്പായുടെ അധികാരപരിധിയിൽപെട്ട യാതൊരു പ്രവർത്തനത്തിനും സൂനഹദോസിൻെറ അധികാരം ആവശ്യമില്ലാ. പാർലമെൻറംഗങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണു്; അവർക്കുള്ള അധികാരം ജനങ്ങളിൽ നിന്നാണു അവർക്കു ലഭ്യമാകുന്നതും. അവരുടെ പ്രഥമ കർത്തവ്യം അവരെ തെരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കയും പ്രസ്തുത നിയോജകമണ്ഡലങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയുമാണു്. മെത്രാന്മാർ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരല്ലാ; അവർ ജനപ്രതിനിധികളുമല്ലാ. അവർക്കുള്ള അധികാരം ദൈവത്തിൽനിന്നാണു ലഭിച്ചിട്ടുള്ളതു്. സഭയിലെ വിശ്വാസവും ഭരണക്രമവുമാണു് അവർക്കു സംരക്ഷിക്കേണ്ട പ്രധാന താല്പര്യങ്ങൾ.



(ലേഖകൻ)

ഭിന്നിച്ചുനിൽക്കുന്ന പൌരസ്ത്യസഭകളുടെ പുനരൈക്യപ്രശ്നം അടുത്ത സൂനഹദോസിൽ ചർച്ചാവിഷയമാകുമ്പോൾ മെത്രാന്മാർ തങ്ങളുടെ രൂപതകളിലെ വിശ്വാസികൾക്കു സത്സംബന്ധമായി തോന്നിയിട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയായിരിക്കയല്ലാ ചെയ്യുന്നതു്. അവർ സംസാരിക്കുന്നതും അവർ തീരുമാനങ്ങൾ നൽകുന്നതും അപ്പസ്തോലപിൻഗാമികളെന്നുള്ള നിലയിലായിരിക്കും. വിശുദ്ധ പത്രോസിൻെറ പിൻഗാമി എന്നുള്ള നിലയിൽ മാർപ്പാപ്പാ വിളിച്ചുകൂട്ടുന്ന അപ്പസ്തോലപിൻഗാമികളുടെ ഒരു സമ്മേളനമാണു് സാർവത്രിക സൂനഹദോസ്. വിവാദവിഷയം സംബന്ധിച്ചു് സഭയുടെ നിലപാടു് ഔദ്യോഗികമായി വ്യക്ത

---

ത്മാവായ മാർ യൌസേപ്പിൻെറ പൈതൃകമായ സംരക്ഷണത്തിൽ നമ്മുടെ കുടുംബങ്ങളേയും ഭാവി തലമുറയേയും നമുക്കു ഭരമേല്പിക്കാം.

മാക്കുവാനും പ്രഖ്യാപിക്കുവാനും തത്സംബന്ധമായ വ്യവസ്ഥകൾ നിർണ്ണയിക്കുവാനും മാർപ്പാപ്പായ്ക്കു സ്വന്ത നിലയിൽ അവകാശവും അധികാരവുമുണ്ട്. എന്നാൽ പിന്നെ എന്തിനാണു സൂനഹദോസ് വിളിച്ചുകൂട്ടുന്നതെന്ന് ഒരു ചോദ്യം ഉദിച്ചേക്കാം. വിവാദവിഷയം സംബന്ധിച്ച്—സങ്കീർണ്ണമായ പുനരൈക്യപ്രശ്നം സംബന്ധിച്ച്—അന്ത്യതീരുമാനങ്ങൾ എടുക്കുന്നതിനു മാർപ്പാപ്പായെ സഹായിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് സൂനഹദോസ്. അങ്ങനെ ഒരു സഹായം ഉണ്ടാകണമെന്ന് മാർപ്പാപ്പാ ആഗ്രഹിക്കുന്നുണ്ടാവാം. മറ്റൊരു വസ്തുത കൂടി ചിന്താർഹമാണ്. വിവാദവിഷയം സംബന്ധിച്ച് ഒരു സാർവത്രിക സൂനഹദോസ് വിളിച്ചുകൂട്ടി ആലോചിച്ചശേഷം മാർപ്പാപ്പാ എടുക്കുന്ന തീരുമാനങ്ങളും നടത്തുന്ന പ്രഖ്യാപനങ്ങളും, മാർപ്പാപ്പാ സ്വന്ത നിലയിൽ ചെയ്യുന്ന തീരുമാനങ്ങളെയും പ്രഖ്യാപനങ്ങളെയുംകാൾ മതിപ്പ് അകത്തോലിക്കരുടെയിടയിൽ ഉളവാക്കുമെന്നുള്ളതു നിസ്തർക്കമാണ്. ഒരു സാർവത്രിക സൂനഹദോസിന്റെ തീരുമാനങ്ങളും മാർപ്പാപ്പായുടെ തീരുമാനങ്ങളും തമ്മിലുള്ള യോജിപ്പ് കത്തോലിക്കാസഭയുടെ വെളിയിലുള്ളവരുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്യും. ഈ വസ്തുതയും ഒരു സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു മാർപ്പാപ്പായെ പ്രേരിപ്പിച്ചേന്നുവരാം. മാർപ്പാപ്പാമാരുടെ തീരുമാനങ്ങളെ നിരാകരിച്ചിട്ടുള്ള അക്രൈസ്തവർ സാർവത്രിക സൂനഹദോസുകളുടെ തീരുമാനങ്ങളുടെ മുമ്പിൽ തലകുനിച്ചിട്ടുള്ള സംഭവങ്ങൾ ചരിത്രത്തിലുണ്ട്. (തുടരും)

---


**Statement about Ownership and Other Particulars about Newspaper "Carmel"**

1. Place of Publication : Trivandrum

2. Periodicity of its publication : Quarterly : January, April, May, October.

3. Printer's Name : Rev. Br. Fidelis, O. C. D.
   Nationality : Indian.
   Address : St. Joseph's Press, Trivandrum-1

4. Publisher's Name : Rev. Br. Fidelis, O. C. D.
   Nationality : Indian
   Address : St. Joseph's Press, Trivandrum-1

5. Editor's Name : Rev. Fr. Eliseus, O. C. D.
   Nationality : Indian.
   Address : Carmel Hill Monastery, Trivandrum-1.

6. Ownership : "Carmel" is owned by a Religious and charitable Society called The Discalced Carmelite Fathers of the Province of Malabar, with head quarters at Carmel Hill Monastery, Trivandrum-1.

*Trivandrum,*
*1st April 1957.*

*(Sd.)*
**Br. Fidelis, O. C. D.**
*Publisher.*

# അമ്മയും മകളും

എൻ. സി. മാത്യു, പൊൻകുന്നം

(വി. കൊച്ചുത്രേസ്യായ്ക്കു് മൂന്നുവയസ്സുള്ളപ്പോൾ ഉണ്ടായ ചില ചിന്തകൾ)

(താരാട്ടു്)

"അമ്മേ ഞാൻ സ്വർഗ്ഗത്തിൽ പോമോ"—കുഞ്ഞേ
"നല്ലവളെങ്കിൽ" നീ പോകും.

നല്ലവളല്ലെങ്കിൽ ഞാനും—നിത്യ-
നരകം പൂകുമോ തായേ.

അങ്ങനെയെങ്കിൽച്ചെയ്യേണ്ടും—കാര്യ-
മെന്തെന്നെനിക്കുമറിയാം.

സ്വർഗ്ഗത്തിലമ്മതൻചാരേ—പറ-
ന്നെത്തിടുമില്ല വികല്പം.

അപ്പോഴെന്നമ്മേ മുറുകെ—എന്നെ-
ക്കെട്ടിപ്പിടിക്കണേ ചെമ്മേ!

എങ്ങനെ പിന്നെയും ദൈവം—നമ്മേ
വേറിട്ടുമാററിടുമമ്മേ!

ലോകത്തിൻ വക്രഗതികൾ—തൊട്ടു-
തീണ്ടിയിട്ടില്ലാത്ത സാധ്വ.

ഓമനത്തേൻമൊഴി കേൾക്കെ—യമ്മ-
രോമാഞ്ചകഞ്ചുകം ചാർത്തി.


അ"ച്ചെറുപുഷ്പ"ത്തിൻ വക്ത്രം—ചുംബി-
ച്ചാനന്ദബാഷ്പം ചൊരിഞ്ഞു.

അക്കുഞ്ഞൊരുദിനമെത്തി—മാതൃ-
വക്ഷസ്സിൽ ചേർന്നു മയങ്ങി.

കാഞ്ചനപ്പുഷ്പത്തിനുള്ളിൽ—ഒരു-
തേഞ്ചോരും കൊച്ചിതൾ പോലെ.

അമ്മേയൊരുമ്മയെന്നോതി—യമ്മ-
യ്ക്കേകിനാൾ സ്നേഹത്തിൻമുദ്ര!!

പിഞ്ചിളംചുണ്ടിൽ നിന്നേവം—മൊഴി-
ഞ്ഞഞ്ചിത പുണ്യപയോദം:—



(കവനകർത്താ)

"അമ്മേയെന്നമ്മേയങ്ങുന്നു—മരി-
ച്ചെങ്കിലതെത്ര നന്നായി."

കാരണമുണ്ടവൾക്കോതാൻ—പക്ഷേ-
ഇത്തരമാഗ്രഹമാരിൽ—?

പക്വമതികളിൽ മെച്ച—മത്രേ-
യക്കൊച്ചുകുഞ്ഞിന്റെ ചിന്ത!!

ഈവിധം ഞാൻ പറഞ്ഞീടുന്നതിൻ
കാരണം കേൾക്കുക തായേ:—

മൃത്യുകവാടം കടന്നുവേണം
സ്വർഗ്ഗീയസത്മത്തിലെത്താൻ.

നന്നുതാൻ കുഞ്ഞിനുള്ളാശ—ദൈവം-
കത്തിച്ച ദീപത്തിൻകാന്തി.

ആരുതാനീക്കൊച്ചു—നമ്മൾ—ക്കെന്നു-
മാശ്രയമാം "ചെറുപുഷ്പം!!"

# ഭഗീത

(വികാരോജ്ജ്വലമായ ഒരു സംഭവകഥ) *

(Miss Jenette Isaac M. Sc.)

അനവധി വർഷങ്ങൾക്കുമുൻപ് നമുക്ക് അപരിചിതമായിരുന്നതും ഒരു വൻ കാടായിരുന്നതുമായ ആഫ്രിക്കാഭൂഖണ്ഡം ഇന്ന് ഒരു സുപരിചിതലോകമായിത്തീർന്നിരിക്കയാണ്. ആധുനികമായ പല കണ്ടുപിടിത്തങ്ങളുടേയും ആവിർഭാവത്തോടുകൂടി ആഫ്രിക്ക നമ്മളിൽനിന്നും വളരെ വിദൂരമല്ലാത്ത ഒന്നായി ഇപ്പോൾ പരിണമിച്ചിരിക്കുന്നു. എന്നിരുന്നാലും ആഫ്രിക്കായുടെ ഹൃദയാന്തർഭാഗത്തു് ഇന്നും വേണ്ട വെളിച്ചം കയറിയിട്ടില്ലാത്ത പ്രദേശങ്ങൾ ധാരാളമുണ്ട്. ആധുനികമായ പരിഷ്ക്കാരങ്ങളൊന്നും ആ പ്രദേശത്തു ചെന്നെത്തിയിട്ടില്ല. ഇന്നും മൃഗതുല്യരായ, യാതൊരു മനഃപരിഷ്കാരവും ഇല്ലാത്ത കാട്ടുവാസികളെ അവിടെ കാണുവാൻ കഴിയും.

ഇങ്ങനെയുള്ള ഒരു വൻ കാട്ടുപ്രദേശത്തു സംഭവിച്ച ഒരു കഥയാണ് വിവരിക്കുവാൻ പോകുന്നതു്. ഈ കാട്ടുപ്രദേശത്തിനു വാസ്തവത്തിൽ മററു ലോകവുമായി യാതൊരു ബന്ധവും ഇല്ലെന്നുതന്നെ പറയാം. ഈ കാടുകളിൽ യാത്രചെയ്യുവാൻ സൗകര്യമുള്ള റോഡുകളോ മണലാരണ്യത്തിൽ സഞ്ചരിക്കുവാനുള്ള യാതൊരു സൌകര്യങ്ങളോ ഇല്ല. ഭയാനകങ്ങളായ ഈ വിജനപ്രദേശങ്ങളിൽ അവിടവിടെയായി നീഗ്രോക്കാരുടെ ചെറിയ കുടിലുകൾ കാണാം. ഇലകൾകൊണ്ടും കമ്പുകൾകൊണ്ടും നിർമ്മിച്ചതായ ഈ ചെറിയ കുടിലുകളിൽ താമസിക്കുന്ന ആളുകളുടെ ജീവിതരീതി ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു, അരയിൽനിന്നും കുറെ ഇലകൾ കീഴോട്ടു കെട്ടി തൂക്കിയിട്ടിരുന്നു. അതാണ് അവരുടെ നഗ്നത മറയ്ക്കുവാനുള്ള ഏക മാർഗ്ഗം. മതം, ദൈവം എന്നതു് എന്താണെന്നുപോലും ഇവക്ക് അറിവില്ല. ചില വിഗ്രഹങ്ങൾ ഉണ്ടാക്കി, അതിൽ മരിച്ചവരുടെ ആത്മാവ് അധിവസിക്കുന്നുണ്ടു്, എന്നുള്ളതിൽ കവിഞ്ഞു് ഒരു മതവിശ്വാസം അവക്ക് ഇല്ലായിരുന്നു.

1876-ൽ ആഫ്രിക്കയിലെ ഈ കൊടിയ വനത്തിൽ ഒരു നീഗ്രോഗ്രാമം സ്ഥിതിചെയ്തിരുന്നു. ആ ഗ്രാമത്തിലെ പ്രധാനിക്കു മററുള്ളവരെ അപേക്ഷിച്ചു സാമാന്യം ഭേദപ്പെട്ട ഒരു കുടിൽ ഉണ്ടു്. ആ പ്രധാനിയുടെ വീടിന്റെ സമീപത്തായി അയാളുടെ ഒരു സഹോദരൻ—ഒരു വലിയ കുടുംബത്തിന്റെ നായകൻ—കുടുംബസമേതം പാർക്കുന്നുണ്ടായിരുന്നു. അയാളുടെ ഭാര്യ, മൂന്നു ബലവാന്മാരായ ആൺകുട്ടികൾ, വിവാഹിതയായ ഒരു മകൾ (അവൾക്കു് ഒരു ചെറിയ കുഞ്ഞും ഉണ്ടായിരുന്നു) 7 വയസ്സു പ്രായമുള്ള രണ്ടു ഇരട്ട പെൺകുട്ടികൾ ഇത്രയുമാണ് ആ കുടുംബത്തിലെ അംഗങ്ങൾ.

അന്ന് വളരെ ചൂടുള്ള ഒരു ദിവസമായിരുന്നു. ഉച്ച കഴിഞ്ഞു് അയാളുടെ ഭാര്യ തന്റെ മൂന്നു ആൺകുട്ടികളോടും ഇരട്ടയിലെ ഒരു പെൺകുട്ടിയോടുംകൂടി അടുത്തുള്ള അവരുടെ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുവാനായി പോയി. തൽസമയം അവരുടെ കുടിലിൽ അവരുടെ വിവാഹിതയായ മകൾ, ഇരട്ടയിലെ മറേറ കുഞ്ഞനുജത്തിയുടെ സഹായത്തോടുകൂടി വൈകുന്നേരത്തേയ്ക്കുള്ള ആഹാരം ധൃതിയിൽ പാകംചെയ്യുകയാണ്. ഇവരുടെ ജോലി കൂടുതൽ എളുപ്പമാകുന്നതിനുവേണ്ടി കൊച്ചുകുഞ്ഞിനെ അതിന്റെ അച്ഛന്റെ വീട്ടിൽ ഏല്പിച്ചിരിക്കയാണ്. വൈകുന്നേരമാകുമ്പോൾ തിരികെ കൊണ്ടുവരും. അവിടമെല്ലാം പരിപൂർണ്ണമായ നിശ്ശബ്ദത. ഇടയ്ക്കിടയ്ക്കു് കുട്ടികൾ കളിക്കുന്നിടത്തുനിന്നു പുറപ്പെടുന്ന ചില ശബ്ദങ്ങൾ കേൾക്കാം. പെട്ടെന്ന് ഈ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ഒരു വലിയ കരച്ചിൽ കേട്ടു. "കൊള്ളക്കാർ വരുന്നേ, കൊള്ളക്കാർ വരുന്നേ" എന്ന്. ഇതുവരെയും നിശ്ശബ്ദമായിരുന്ന ആ ഗ്രാമം സംഭ്രമത്തോടും സങ്കടത്തോടും കൂടിയുള്ള കരച്ചിലിന്റെ ശബ്ദത്താൽ മുഖരിതമായി. ആളുകൾ എന്തുചെയ്യേണ്ടു എന്നറിയാതെ നാലുപാടും ഓട്ടം തുടങ്ങി. അമ്മമാർ പുറത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളെ പിടിച്ചുവലിച്ചു് അകത്താക്കി, എവിടെയെങ്കിലും ഒളിച്ചുവെയ്ക്കുവാൻ ശ്രമിക്കയാണ്. പക്ഷെ എങ്ങിനെ എവിടെ

* **Translation of "Shattered chains" by IdaZanolini.**

ഒളിച്ചുവെയ്ക്കും. "കൊള്ളക്കാർ, കവർച്ചക്കാർ" വീണ്ടും ഈ നിലവിളി ആ വനപ്രദേശം മുഴവനും മുഴങ്ങി.

നീഗ്രോക്കാരെ അടിമകളായി പിടിച്ചുകൊണ്ടു പോകുന്നതിനു് ഇറങ്ങി തിരിച്ചിരിക്കുന്ന അറബികളാണു് ഈ കൊള്ളക്കാർ. അവരുടെ കൈകളിൽ അകപ്പെട്ടാൽ പിന്നെ രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ല. കുട്ടികളെയാണു് സാധാരണയായി ഇവർ പിടിച്ചുകൊണ്ടു പോകുന്നതു്. അടിമകളായി കൊണ്ടുപോകുന്ന ഈ കുഞ്ഞുങ്ങളോടു് മൃഗങ്ങളേക്കാൾ ക്രൂരമായിട്ടാണു പെരുമാറുന്നതു്. മൃഗങ്ങളെ കച്ചവടംചെയ്യുന്നതുപോലെ ഈ അടിമകളെ അവർ ചന്തയിൽ കൊണ്ടുപോയി കച്ചവടം ചെയ്യുന്നു. അടിമക്കച്ചവടം നിറുത്തൽ ചെയ്യുന്നതിനായി ധാരാളം മഹാന്മാരും മിഷനറിമാരും പരിശ്രമിച്ചിട്ടുണ്ടെങ്കിലും ഈ ദൂഷിച്ച ഏർപ്പാടു് അവിടുന്നു പാടെ വിപാടനം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഈ കഥ നടക്കുന്ന കാലത്തും അനവധി രാജ്യങ്ങൾ ഈ പ്രദേശത്തെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു.

ആ കൊച്ചു കുടിലിലെ സ്ഥിതി എന്തായി എന്നു ഒന്നു നോക്കാം. ഭക്ഷണം പാകംചെയ്തുകൊണ്ടിരുന്ന ആ രണ്ടു സഹോദരികൾ പേടിച്ചുവിറച്ചു് എന്തുചെയ്യേണ്ടുഎന്നറിയാതെ അന്യോന്യം നോക്കിനില്ക്കയാണു്. ഇളയസഹോദരി കരഞ്ഞുകൊണ്ടു് അവളുടെ ജേഷ്ഠത്തിയുടെ കൈകളിൽ ചെന്നുവീണു. അവൾ കുഞ്ഞനുജത്തിയെ മാറോടു ചേർത്തുപിടിച്ചു. നിസ്സഹായരായ അവർ എവിടെ ഒളിച്ചിരിക്കാനാണു്. എങ്ങോട്ടു് ഓടിപ്പോകുവാനാണു്. അവക്കു് യാതൊരാലംബവും ഇല്ല. സഹായത്തിനു സമീപപ്രദേശത്തുപോലും ആരുമില്ല. അടിമയായി പിടിക്കപ്പെടുന്നതിനെക്കാൾ മരണത്തെ അവർ സ്വാഗതംചെയ്യും. പക്ഷെ എന്തുഫലം. സമയം കടന്നുപോയി. കൊള്ളക്കാർ അവരുടെ കുടിലുകളോടു് അടുത്തുകഴിഞ്ഞു. ആ രണ്ടു സഹോദരികൾ അനങ്ങുവാൻപോലും കഴിയാതെ, വാവിട്ടു നിലവിളിച്ചുകൊണ്ടിരുന്നു. ആപൽഘട്ടത്തിന്റെ ആ മൂർദ്ധന്യാവസ്ഥയിൽ ആ യുവമാതാവു് തന്റെ ഓമൽക്കുഞ്ഞിന്റെ കാര്യം സ്മരിച്ചു. അവളിൽനിന്നു വളരെ അകലെയാണെങ്കിലും, സുരക്ഷിതമായിരിക്കുമെന്നുള്ള ചിന്ത അവൾക്കു് സ്വല്പം ആശ്വാസം നൽകി. എന്നാൽ തന്റെ ഓമന സന്താനത്തിനെ ഇനിയും ഒരിക്കലും കാണുവാൻ സാധിക്കയില്ലല്ലോ എന്നുള്ള വാസ്തവം അവളുടെ മനസ്സിനെ വല്ലാതെ വ്രണപ്പെടുത്തി.

ഇവളെ കൊള്ളക്കാർ അടിമയായി പിടിച്ചുകൊണ്ടുപോയിക്കഴിഞ്ഞാൽ പിന്നെ തന്റെ ഭർത്താവിന്റേയും, വയലിൽനിന്നു് തിരിച്ചുവരുമ്പോൾ തന്നെ കാണാതെയാകുന്ന അവസരത്തിൽ അമ്മയുടേയും സങ്കടത്തേപ്പററി അവൾ ചിന്തിച്ചു. അവൾക്കു നേരിടുവാനുള്ള ആ ഭയങ്കര സമയം ഇതാ അടുത്തുകഴിഞ്ഞു. ഈ അവസരത്തിലും അവൾക്കു് കുറച്ചുധൈര്യം ഉണ്ടായി. സ്വന്ത രക്ഷയെപ്പററി ആലോചിക്കാതെ തന്റെ കുഞ്ഞനുജത്തിയെ എങ്ങിനെയെങ്കിലും രക്ഷപ്പെടുത്തണമെന്നു് അവൾ നിശ്ചയിച്ചു. അവളെ കുടിലിന്റെ പുറകുവശത്തേയ്ക്കു് വലിച്ചുകൊണ്ടുപോയി അവിടെ കൂട്ടിയിരുന്ന കുറെ കച്ചിയുടെ കീഴിൽ അവളെ ഒളിച്ചിരുത്തി. യാതൊരു ശബ്ദവും ഉണ്ടാക്കരുതെന്നു് താക്കീതും നൽകി. അവൾ വളരെ സൂക്ഷിച്ചു് അനങ്ങാതെ കണ്ണു മടച്ചുകൊണ്ടു് ആ കച്ചിയുടെ കീഴിൽ പതുങ്ങിയിരുന്നു. എന്നാൽ ചുററുംനടക്കുന്ന സംഭവം അറിയുവാനായി അവൾ ചെവി വട്ടംപിടിച്ചു.

കുഞ്ഞനുജത്തിയെ സുരക്ഷിതമായി ഇരുത്തിയതിനുശേഷം അവൾക്കും ഒന്നു രക്ഷപ്പെടുവാൻ ഒരു കച്ചിതുറുവിന്റെ അടുക്കലേയ്ക്കു് ഓടുവാൻ ഭാവിക്കയായിരുന്നു. അതാ, ആ അവസരത്തിൽ രണ്ടു അറബികൾ കഠാരിയും ഓങ്ങിക്കൊണ്ടു് അവളുടെ അടുക്കലേയ്ക്കു് പാഞ്ഞു. അവർ രണ്ടുപേരുംകൂടി അവളുടെ കഴുത്തിനു പിടിച്ചു ഞെരിച്ചുകൊണ്ടു് അവളെ വലിച്ചുകൊണ്ടു പോയി. അവളുടെ അടുത്ത ഭാവി എന്തായിരിക്കാം. വായനക്കാർ തന്നെ ഊഹിക്കുന്നതായിരിക്കും നല്ലതു്.

ജോലിസ്ഥലത്തുപോയിരുന്ന അവരുടെ അമ്മ തിരിച്ചുവരുവാനുള്ള സമയമായി. അവർ തന്റെ കുടിലിലേയ്ക്കു് വരുന്നവഴിയിൽ കണ്ടകാഴ്ച അവരെ അമ്പരപ്പിച്ചു. പിഞ്ചുപൈതങ്ങളുടെ ശവശരീരങ്ങൾ അവിടെവിടായി കിടക്കുന്നു. ഭയങ്കരമായി മുറിവേല്ക്കപ്പെട്ട കുട്ടികളും വൃദ്ധകളും ഓരോ മുക്കിലും മൂലയിലും കിടന്നു ഞരങ്ങുന്നു. കുട്ടികൾ മോഷ്ടിക്കപ്പെട്ട മാതാക്കൾ വാവിട്ടു നിലവിളിക്കുന്നു. അവർ പരിഭ്രാന്തിയോടുകൂടി ഹൃദയം പൊട്ടിക്കരഞ്ഞുകൊണ്ടു് തന്റെ കുഞ്ഞുങ്ങൾക്കു് എന്തുസംഭവിച്ചു എന്നറിയാതെ കുടിലിലേയ്ക്കു് ഓടിക്കയറി. "എന്റെ കുഞ്ഞുങ്ങൾ എവിടെ. അവക്കു്"

(ശേഷം 63-ാംപേജിൽ)

# കത്തോലിക്കാ ലോകം

(റവ. ഫാ. സിറിയക്ക് ഒ. സി. ഡി)

## വൈദികർ

ലോകത്തിൽ ആകെ 39,50,00–ൽപരം വൈദികരുണ്ട്. ലോകത്തിൽ 7000–പേക്ക് 1 വൈദികൻ അഥവാ 1300–കത്തോലിക്കക്ക് 1 വൈദികൻവീതമാണുള്ളതു്.

| | കത്തോലിക്കക്ക് | വൈദികൻവീതം |
|---|---|---|
| ജപ്പാൻ | 173 | 1 |
| ഫൊർമോസ | 213 | 1 |
| സിററ്സർലണ്ട്, ഹോളണ്ട്, ലക്സംബഗ്ഗ് | 490 | 1 |
| ബൽജിയം | 530 | 1 |
| ഇംഗ്ലണ്ട് | 530 | 1 |
| ഐയർലണ്ട് | 560 | 1 |
| ഫ്രാൻസ് | 620 | 1 |
| ഇററലി | 690 | 1 |
| ബർമ്മാ | 750 | 1 |
| കൊറിയാ | 787 | 1 |
| പാക്കിസ്ഥാൻ | 838 | 1 |
| തായ്ലണ്ട് | 838 | 1 |
| ഇൻഡൊനേഷ്യാ | 910 | 1 |
| ഇൻഡ്യാ | 934 | 1 |
| ആസ്ത്രിയാ | 940 | 1 |
| സ്പെയിൻ | 970 | 1 |
| ജമ്മനി | 1000 | 1 |
| സിലോൺ | 1418 | 1 |
| പോർട്ടുഗൽ | 1630 | 1 |
| മലയാ | 1880 | 1 |
| ഫിലിപ്പൈൻസ് | 6004 | 1 |

കേരളത്തിൽ ആകെ ജനസംഖ്യ 14,40,00,00. ആകെ കത്തോലിക്കർ 2,13,65,44

ആകെ വൈദികർ 1845. 1158 കത്തോലിക്കക്ക് 1 വൈദികൻ വീതം.

| | കേരളത്തിലെ അതിരൂപതകളും രൂപതകളും | ഇടവക വൈദികർ | സന്യാസ വൈദികർ | ആകെ വൈദികർ | കത്തോലിക്കർ |
|---|---|---|---|---|---|
| 1 | ചങ്ങനാശേരി (അതിരൂപത) | 175 | 58 | 233 | 267117 |
| 2 | എറണാകുളം (അതിരൂപത) | 134 | 74 | 208 | 198500 |
| 3 | കോതമംഗലം | 89 | 25 | 114 | 115628 |
| 4 | കോട്ടയം | 87 | 14 | 101 | 59300 |
| 5 | പാലാ | 175 | 44 | 219 | 248353 |
| 6 | തലശ്ശേരി | 26 | 21 | 47 | 93101 |
| 7 | തൃശ്ശൂർ | 161 | 51 | 212 | 303531 |
| 8 | തിരുവനന്തപുരം | 64 | 16 | 80 | 220000 |
| 9 | വരാപ്പുഴ (അതിരൂപത) | 92 | 51 | 143 | 155267 |
| 10 | വിജയപുരം | 36 | 14 | 50 | 68000 |
| 11 | ആലപ്പുഴ | 36 | 5 | 41 | 63000 |
| 12 | കൊച്ചി | 40 | 8 | 48 | 94913 |
| 13 | കൊല്ലം | 77 | 11 | 88 | 132100 |
| 14 | കോഴിക്കോട് | 34 | 41 | 75 | 19527 |
| 15 | തിരുവല്ലാ | 74 | 6 | 80 | 20250 |
| 16 | തിരുവനന്തപുരം (അതിരൂപത) | 83 | 23 | 106 | 77957 |
| | | 1383 | 462 | 1845 | 2136544 |

## വാർത്തകൾ

### കപ്യാരന്മാരുടെ യൂണിയൻ

ഹോളണ്ടിലെ 500 കപ്യാരന്മാർ വെർജേഴ്സ് യൂണിയൻ എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ച് പ്രസ്തുത യൂണിയന്റെ ആഭിമുഖ്യത്തിൽ കപ്യാരന്മാർക്ക് ഡിപ്ളോമ നൽകുന്ന ഒരു പരിശീലനകേന്ദ്രം ആരംഭിച്ചിരിക്കുന്നു.

### കർഷകരും വക്കീലന്മാരും

കാനഡായിലെ നാമകരണം ചെയ്തിട്ടുള്ള വിശുദ്ധരിൽ ഭൂരിപക്ഷവും പത്തും പതിനഞ്ചും അംഗങ്ങളുള്ള കർഷകകുടുംബങ്ങളിൽ നിന്നാണ്. രണ്ടാംസ്ഥാനം വക്കീലന്മാരുടെ കുടുംബങ്ങൾക്കാണ്.

### ചെക്കോസ്ലോവാക്കിയ

ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റ്ഗവണ്മെന്റ് ഫാ. കാറൾ ബർടാക് എന്ന കത്തോലിക്കാ വൈദികനു് 15 കൊല്ലത്തെ കഠിനാദ്ധ്വാനം ശിക്ഷയായി നൽകിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രചരണത്തെ വിശ്വസിക്കരുതെന്നു് കത്തോലിക്കരെ ഉപദേശിച്ചതാണ് അദ്ദേഹത്തിന്റെ പേരിൽ ആരോപിച്ചിരിക്കുന്ന കുറ്റം.

### റേഡിയോപ്രക്ഷേപകൻ

ഇംഗ്ലണ്ടിലെ സുപ്രസിദ്ധ റേഡിയോപ്രക്ഷേപകനായ മി. ക്രിസ്റ്റഫർ പെംബർട്ടൻ തന്റെ ഉദ്യോഗം ഉപേക്ഷിച്ച് വൈദികപഠനത്തിനായി റോമിലെ ബേഡാ കോളജിൽ ചേർന്നിരിക്കുന്നു. 1955 ലാണ് അദ്ദേഹം കത്തോലിക്കാ സഭയിൽ പ്രവേശിച്ചത്.

### വത്തിക്കാൻ

പുണ്യശ്ലോകനായ പന്ത്രണ്ടാം പീയൂസ് തിരുമേനി തന്റെ 19 കൊല്ലത്തെ ഭരണകാലത്തിനിടയിൽ 1388 പ്രഭാഷണങ്ങൾ ചെയ്തിട്ടുണ്ട്.

### അമേരിക്കാ

തിരുസ്സഭയിലെ ഏറ്റം പുരാതന സന്യാസസഭകളിലൊന്നായ കമൽഡൊലെസ് (Camaldolese) എന്ന സഭയുടെ ആശ്രമം അമേരിക്കയിൽ Montery countyയിൽ Santa Lucia മലമുകളിലുള്ള ഒരു ഘോരവനമദ്ധ്യത്തിൽ ഉടനെ സ്ഥാപിതമാകുന്നതാണ്. 20 അമേരിക്കൻ യുവാക്കന്മാർ അവിടെ പ്രവേശനത്തിനായി അപേക്ഷിച്ചുകഴിഞ്ഞിട്ടുണ്ട്.

### അന്തർദേശീയഭാഷ

മ്യൂനിക്കിൽവച്ച് 1960–ൽ നടക്കുവാനിരിക്കുന്ന സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ പല സമ്മേളനങ്ങളിലും Esperanto എന്ന അന്തർദേശീയ ഭാഷ ഉപയോഗിക്കപ്പെടുന്നതാണ്. 13000–ത്തിൽ പരം ആളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി Esperanto ഭാഷയിൽ മാത്രം പ്രസംഗങ്ങളും ചർച്ചകളും നടത്തുന്ന സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതായിരിക്കും. പ്രധാനപ്പെട്ട യൂറോപ്യൻ ഭാഷകളിൽനിന്നും കൃത്രിമമായി രൂപം എടുത്തിട്ടുള്ള ഒരു പുതിയ ഭാഷയാണ് Esperanto.

---

(61-ാംപേജ് തുടർച്ച)

എന്തു സംഭവിച്ചു? എന്നായിരുന്നു അവരുടെ ചോദ്യം. പക്ഷേ അതിനു മറുപടി പറയുവാൻ അവിടെ ആരും ഇല്ലായിരുന്നു. അവൾ സഹിച്ചില്ല. വീണ്ടും വീണ്ടും മക്കളെ വിളിച്ചു കരയുവാൻ തുടങ്ങി. അമ്മയുടെ സ്വരം മനസ്സിലാക്കിയ കുഞ്ഞുമകൾ അപകടത്തെപ്പറ്റി ഒന്നും വിചാരിക്കാതെ കച്ചിയുടെ അടിയിൽ നിന്നും ഇറങ്ങി അമ്മയുടെ അടുക്കലേയ്ക്ക് ഓടി അവരെ കെട്ടിപ്പുണന്നു. ആ മാതൃഹൃദയത്തിന് തെല്ലൊരാശ്വാസം. ഒരാൾ രക്ഷപ്പെട്ടു. "നിന്റെ ജേഷ്ഠത്തി എവിടെ"? അവൾക്ക് യാതൊന്നും പറയുവാൻ കഴിഞ്ഞില്ല. അവളുടെ ചുണ്ടുകൾ ഒന്നു ചലിച്ചു. പക്ഷേ ശബ്ദം പുറപ്പെട്ടില്ല. ഒരു നെടുവീർപ്പായിരുന്നു ആ കുഞ്ഞുഹൃദയത്തിന് കൊടുക്കുവാനുണ്ടായിരുന്നത്. അവൾ അമ്മയുടെ കൈയ്ക്കുപിടിച്ച് വിദൂരതയിലേക്ക് ചൂണ്ടിക്കാണിച്ചു. ആ അമ്മയ്ക്ക് സകലതും മനസ്സിലായി. ആ പാപപ്പെട്ട മാതാവ് അവൾക്കുവന്ന നഷ്ടം മനസ്സിലാക്കി.

സമയം അധികം കഴിയുന്നതിനുമുൻപ് ജോലിസ്ഥലത്തുപോയിരുന്ന പുരുഷന്മാർ എല്ലാം തിരിച്ചുവന്നു. സംഗതികൾ എല്ലാംഗ്രഹിച്ച അവർ ഉടൻതന്നെ പല സംഘങ്ങളായി തിരിഞ്ഞ് ആ ഗ്രാമത്തിലെ നായകന്റെ അകമ്പടിയോടുകൂടി നാലുപാടും കൊള്ളക്കാരായ അറബികളെ അന്വേഷിച്ചു പാഞ്ഞു. എല്ലാവരും തന്നെ ആയുധധാരികളായിരുന്നു. സ്വല്പസമയംകൊണ്ട് ആ ഗ്രാമത്തിലെ കാടുംമേടും എല്ലാം അവർ ചുറ്റിനടന്നു അന്വേഷിച്ചു. പക്ഷേ എന്തുഫലം. അറബികൾ ഇവരിൽനിന്നും വളരെദൂരം പൊയ്ക്കഴിഞ്ഞിരുന്നു. അടക്കുവാൻ വഹിയാത്ത സങ്കടവും നിരാശയും, അതേസമയം പ്രതികാരേച്ഛയും വൈരാഗ്യവും അവരുടെ മുഖങ്ങളിൽ സ്ഫുരിച്ചിരുന്നു. (തുടരും)

### ലൂർദ്ദിൽ


കഴിഞ്ഞവർഷം ലൂർദ്ദ് സന്ദർശിച്ച 5,000,000 തിത്ഥകരിൽ (ഇപ്പോഴത്തെ മാപ്പാപ്പാ തിരുമേനിയുമ്പെടെ) 25 കർദ്ദിനാളന്മാരും 809 മെത്രാപ്പോലീത്താമാരും 20,500–ൽ പരം വൈദികരും ഉൾപ്പെടുന്നു. അവിടെ 153,000 കർബാനകളും 3,800,000–ൽ പരം ദിവ്യകാരുണ്യസ്വീകരണവും ഉണ്ടായിരുന്നു.

### ''ചെന്നായ് കുട്ടി കുഞ്ഞാടായി''

ഹിററ്ലറിൻെറ വലതുകൈയ്യ് എന്നറിയപ്പെട്ടരുന്നയാളും, തിരുസ്സഭയുടെ നേരെ ഉഗ്രമായ വിദ്വേഷം പുലത്തിയിരുന്നവനുമായ മാർട്ടിൻ ബോർമാൻെറ പുത്രൻ അഡോൾഫ് മാർട്ടിൻ ബോർമാൻ ആസ്ത്രിയായിലെ ഇൻസ്ബ്രുക്ക് എന്നസ്ഥലത്തുള്ള തിരുഹൃദയസഭാശ്രമത്തിൽവച്ച് പൌരോഹിത്യപദത്തിലേക്ക് ഉയത്തപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മഹായുദ്ധകാലത്ത് റഷ്യൻ ടാങ്കുകളിൽനിന്ന് ബർളിൻ നഗരത്തിൽ തീമഴ പെയ്യുപ്പോൾ വിരണ്ടോടി രക്ഷപ്പെട്ട 15 വയസ്സുമാത്രം പ്രായമുള്ള അഡോൾഫ് ബോർമാൻ ആസ്ത്രിയായിലെ സാൽസ്ബർഗ്ഗ് എന്ന ഗ്രാമപ്രദേശത്തുള്ള ഒരു കൃഷീവലൻെറ വിട്ടിൽ അഭയംതേടി. ഭക്തരും ദയാശീലരുമായിരുന്ന ആ കുടുംബാംഗങ്ങളുടെ സ്നേഹപൂർവ്വമായ പരിചരണവും സന്മാതൃകയും ആ ബാലനിൽ ഒരു വലിയ പരിവത്തനം ഉളവാക്കി. പരിപാവനമായ ആ കുടുംബത്തിലെ ക്രൈസ്തവാന്തരീക്ഷത്തിൽ ആ ചെന്നായ് കുട്ടി ഒരു കുഞ്ഞാടായി മാറി. അടുത്തുണ്ടായിരുന്ന പള്ളിയിലെ ഒരു ബ. വൈദികനുമായി പരിചയപ്പെടുകയും അദ്ദേഹത്തിൻെറ ശിക്ഷണത്തിൽ രണ്ടു കൊല്ലത്തോളം മതപഠനം നടത്തുകയും ഒടുവിൽ തിരുഹൃദയസഭയിൽ പ്രവേശിക്കയും ചെയ്തു. അദ്ദേഹത്തിനു ഇപ്പോൾ 28വയസ്സ് പ്രായമുണ്ട്.

### നിര്യാതയായി

വി. കൊച്ചുത്രേസ്യായുടെ സഹോദരി സെലീൻ (സിസ്റ്റർ ജെനവീവ്) കഴിഞ്ഞ ഫെബ്രുവരി 25–ാം തീയതി 89–ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.



## പുതിയ പുസ്തകങ്ങൾ

### 1. വിളവുററ വയലുകൾ

By തുരുത്തിക്കോണത്തു്, വശങ്ങൾ 96;
എസ്. എച്ച്. ലീഗ്. ആലുവാ നോർത്തു് P. O. (1959)
വില 60 ന. പൈ.

നാറാത്തജീവിതാനുഭവങ്ങൾ വിവരിക്കുന്ന പതിനൊന്നു ചെറുകഥകൾ നിറപ്പകിട്ടുള്ള പുറഞ്ചട്ടയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഒരു ചെറിയ പുസ്തകം. പല കഥകളും വൈദികരെ അവഹേളിക്കുന്ന പുരോഗമന സാഹിത്യകാരന്മാരുടെനേർക്കുള്ള ഒരു വെല്ലുവിളിയാണു്.

(F. E.)

### 2. ഹങ്കറിയിൽ എന്തുണ്ടായി?

By ആനീ ജോസഫ്, ബി. ഏ., ബി. എൽ.
[വശങ്ങൾ 96, വില 50 ന. പൈ. 1958]
എസ്. എച്ച്. ലീഗ്, ആലുവാ നോർത്തു് P. O

ഹങ്കറിയിലെ നിഷ്ഠൂരമായ നരവേട്ടയുടെ യഥാർത്ഥ ചിത്രവും കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയും ഗ്രഹിക്കുന്നതിനു് സയുക്തികം വിരചിതമായ ഈ ഗ്രന്ഥതല്ലജം വളരെ ഉപകരിക്കും. കമ്മ്യൂണിസ്റ്റ് മേധാവികളുടെ ഭീകരഭരണത്തിൻകീഴ് വീർപ്പുമുട്ടിയ ഹങ്കേറിയൻ ജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയ ഉണർവിനെ റഷ്യ അടിച്ചമർത്തി. തൻമൂലം സ്വാതന്ത്ര്യപ്രേമികൾ സഹിക്കേണ്ടിവന്ന കൊടിയ യാതനകൾ ഭയാനകമായിരുന്നു.

സോവിയററ റഷ്യ ഹങ്കറിയിൽ ചെയ്തതു് കടുത്ത അനീതിയാണെന്നു ലോകജനത വിധിച്ചു. കമ്മ്യൂണിസ്ററ ഭരണം വന്നാൽ ഫലം എന്തായിരിക്കുമെന്നു് ഹങ്കറിയിലെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. അനുവാചകർക്കു് ഈ സത്യം ബോദ്ധ്യമാകും. ഭാരതത്തിൽ, വിശിഷ്യ, കേരളത്തിൽ ഹങ്കറി ആവർത്തിക്കപ്പെടാതിരിക്കാൻ ദേശാഭിമാനികളും സ്വാതന്ത്ര്യപ്രേമികളും കമ്മ്യൂണിസത്തെ വെറുക്കുകയും, എതിർക്കുകയും, പാട്ടണമെങ്കിൽ തകർക്കുകയും ചെയ്യട്ടെ. ഗ്രന്ഥകർത്രിയെ അനുമോദിക്കയും പുസ്തകത്തിനു പ്രചാരം ആശംസിക്കയും ചെയ്യുന്നു. ഫാ. പോൾ, ഒ. സി. ഡി.

### 3. സേവനം (സൗഭാഗ്യത്തിൻെറ സോപാനം)

By ജി. സി. ടീലാർ. വശങ്ങൾ 79. വില 75 ന. പൈ.
(1958) S K. P. C. S. Ltd., 3154, അതിരമ്പുഴ.

സാഹിത്യപരിഷത്തിൻെറ വൈസ്പ്രസിഡണ്ടും അവതാരികാ കർത്താവുമായ പ്രൊഫസർ എം. എം. മാണി അവർകളുടെ അഭിപ്രായം സ്വായത്തമാക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. മലയാളസാഹിത്യത്തിനു അതുല്യവും അമൂല്യവുമായ അനവധി സംഭാവനകൾ നൽകി പേരും പെരുമയും നേടിയ റവ ഫാ. ടീലാർ അവർകളുടെ കൃതിയാണു് 'സേവനം' എന്ന വിശിഷ്ടഗ്രന്ഥം. 11 ചെറുകഥകളാണു് ഇതിലെ ഉള്ളടക്കം. പദസൗഭഗം, ഭാവപൗഷ്ക്കല്യം, ലാളിത്യം, സരസപ്രതിപാദനം, കെട്ടുറപ്പുള്ള കഥാഘടന—ഇത്യാദി ഗുണസഞ്ചയത്താൽ ഓരോ കഥയും ഹൃദ്യവും മനോജ്ഞവുമാണു്.

ചിന്താസന്താനങ്ങളായ പല പ്രബന്ധങ്ങളും നിരവധി ചെറുകഥകളും രചിച്ചു പ്രശസ്തിയാർജ്ജിച്ച ബ. ടീലാറച്ചൻ സാഹിത്യസേവനത്തിൽ ഉപര്യുപരി പുരോഗമിക്കട്ടെ. ചെറുകഥാരാജനായ അദ്ദേഹത്തിൻെറ കൃതികൾക്കെല്ലാം പ്രചുരപ്രചാരം സിദ്ധിക്കുമാറാകട്ടെ. ഫാ. പോൾ, ഒ. സി. ഡി.

---

## ഈ ലക്കത്തിൽ


| | | പേജ് |
|---|---|---|
| 1. | A Golden Jublilee ... ... | 33 |
| 2. | അട്ടക്കളയിൽനിന്നു് ആശ്രമത്തിലേക്കു് ... ... | 37 |
| 3. | കത്തോലിക്കാപുരോഹിതൻ ഒരു പോരാളി ... | 41 |
| 4. | പരിശുദ്ധത്രീതത്തിൻെറ നിഷ്ഫലലില്ലി ... ... | 44 |
| 5. | റൊങ്കാളി കുടുംബം ... | 47 |
| 6. | കാലത്തിൻെറ വെല്ലുവിളി ... ... | 50 |
| 7. | സ്നേഹത്തിൻെറ തടവുകാർ ... ... | 52 |
| 8. | മാർ യൌസേപ്പും ക്രിസ്തീയകുടുംബങ്ങളും ... ... | 54 |
| 9. | അടുത്തു സമ്മേളിക്കുവാൻ പോകുന്ന സാർവ്വത്രികസൂനഹദോസ് ... | 57 |
| 10. | അമ്മയും മകളും (കവിത) ... ... | 59 |
| 11. | ഭഗീത (സംഭവകഥ) ... ... | 60 |
| 12. | കത്തോലിക്കാ ലോകം ... ... | 62 |
| 13. | പുതിയ പുസ്തകങ്ങൾ ... ... | 65 |

Lic. No. 581 CARMEL Telephone No. 2286

കുരിശുമല ആശ്രമ (Kolahalamedu P. O.) ത്തിൽ നിന്നയച്ചുതന്നതു്

## സ്നേഹത്തിൻെറ ആഹ്വാനം

ലോകത്തിൻെറ ഒച്ചപ്പാടുകളിൽ നിന്നകന്നു് കർത്താവിൻെറ കരുണകളെ പ്രകീർത്തിച്ചു്, എപ്പോഴും കർത്താവിനോടുകൂടി കഴിയുവാൻ ധ്യാനവും പ്രാർത്ഥനയുംവഴി കള്ളൻ കൊള്ളചെയ്യാത്തതും ചിതലെടുത്തു നശിപ്പിക്കാത്തതുമായ അമൂല്യസമ്പാദ്യം നേടുവാൻ ആരെങ്കിലും ആത്മാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ കുരിശുമല സിസ്റ്റേർസ്യൻ ആശ്രമത്തിൽ ചേരുക. "എത്രയും ദയയുള്ള മാതാവേ" എന്ന എത്രയും വിശിഷ്ട ജപമെഴുതിയ ബർണാഡു് പുണ്യവാൻ ഈ സഭയിലെ ഒരംഗമായിരുന്നു. സിസ്റ്റേർസ്യൻ സന്യാസികൾ യാതൊരു പ്രേഷിതവൃത്തിയിലും ഏർപ്പെടുന്നില്ല. ധ്യാനപരമായ കാര്യങ്ങളിൽ മാത്രമാണു് മുഴുവൻ സമയവും ചിലവഴിക്കുന്നതു്. നല്ല ഭക്തിയും മററു സൽഗുണങ്ങളുമുള്ള ഏതൊരു അവിവാഹിതനും സംപൂർണ്ണ സ്വാഗതം. S. S. L. L. എങ്കിലും പാസ്സായിട്ടുള്ളവരെ വൈദിക പഠനത്തിനായി സ്വീകരിക്കുന്നതാണു്.

---

വില്പനയ്ക്കു തയ്യാർ. ഉടൻ അപേക്ഷിക്കുക.

## നാകത്തെ നായ

ഫ്റാൻസിസ് തോംപ്സസൺ എന്ന ആംഗ്ലേയകവിയുടെ

THE HOUND OF HEAVEN

എന്ന മൗതികകാവ്യത്തിൻെറ ഭാഷാവിവർത്തനം

---

ഇതുവരെയും വെളിച്ചം കാണാത്ത ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള

## വി. കൊച്ചുത്രേസ്യായുടെ പൂർണ്ണമായ സ്വയംകൃത ജീവചരിത്രം

മൂലഭാഷയായ ഫ്റഞ്ചിൽനിന്നു വിവർത്തനം ചെയ്യപ്പെട്ടു്

ഇതാ അച്ചടി തുടങ്ങിയിരിക്കുന്നു.

ആവശ്യക്കാർ നേരത്തെ അറിയിക്കുവിൻ

മാനേജർ,
കാർമ്മൽ ബുക്കു് സ്റ്റാൾ,
കാർമ്മൽഹിൽ-തിരുവനന്തപുരം-1.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ:—അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ.50 ന.പ.

വരിപ്പണത്തിൻെറ മൂന്നിലൊന്നു **കമ്മീഷൻ** ഏജൻറന്മാൎക്കു്

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:-മാനേജർ, "കാർമ്മൽ", സെൻറു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.